പത്രാധിപർ: ടി കെ. നാരായണക്കുറുപ്പ്

# ടാഗോർ



# ടാഗോർ

## തിരുനാൾ വിശേഷാൽപ്രതി

മഹാരാജാവുതിരുമനസ്സിലെ ആട്ടത്തിരുനാൾ മഹാമഹം പ്രമാണിച്ചു പ്രസിദ്ധംചെയ്യുവാൻ ആഗ്രഹിക്കുന്ന ടാഗോർ വിശേഷാൽപതിപ്പിലേക്കു് ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ മുതലായവ ക്ഷണിച്ചുകൊള്ളുന്നു. തിരുവിതാംകൂർ രാജകുടുംബം, തിരുവിതാംകൂർ ചരിത്രം, മഹാരാജാവുതിരുമനസ്സിലെ വിശ്വവിഖ്യാത നേട്ടങ്ങൾ, സചിവോത്തമൻെറ അവിസ്മരണീയ സേവനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന ലേഖനങ്ങൾ സന്ദർഭോചിതമായിരിക്കുമെന്നു് അനുസ്മരിപ്പിക്കേണ്ടതില്ലല്ലോ. ലേഖനങ്ങൾ കന്നി 30-ാംതീയതിക്കകം കിട്ടിയിരിക്കേണ്ടതാണു്.

മാനേജർ,

"ടാഗോർ" കൊല്ലം.

## വിഷയവിവരം


ആധുനികശാസ്ത്രത്തിൻെറ തത്വജിജ്ഞാസ—
എൻ. ഗോപാലപിള്ള എം എ.

തത്തയോടു് അഥവാ സ്വാതന്ത്ര്യമഹിമ (കവിത)—
ആനന്ദവർദ്ധനത്തു ആർ. രാമൻപിള്ള, കല്ലമ്മാന്തർ.

ബംഗാളിസാഹിത്യവും ടാഗോറും—
കെ. ആർ സുധേശൻനായർ

ഹൃദയപൂജ (കവിത)—
ജി. കുമാരപിള്ള ബി. ഏ.

കരുണയിലെ തോഴിമാർ—
പി. ദാമോദരൻപിള്ള ബി. ഏ.

മുകിലിൻെറ മുക്തി (കവിത)—
ആനന്ദക്കുട്ടൻ

വിശ്വപ്രേമം—
വിദ്വാൻ സി. പി. ശങ്കുപ്പിള്ള പി. ഒ. എൽ.

അച്ഛൻ (കവിത)—
പി. കുഞ്ഞിരാമൻനായർ

കലാവതി—
ജഗതി എൻ. കെ. ആചാരി

പ്രതീക്ഷ (കവിത)—
ലളിതാംബിക അന്തർജ്ജനം

ഇഖ്ബാൽ—
കെ. മുഹമ്മദലി ബി. എ., എൽ. റ്റി.

ചുംബനം (കവിത)—
ഓംചേരി, നാരായണപിള്ള

വിധവ—
നാഗവള്ളിൽ, ആർ, എസ്. കുറുപ്പ് ബി. ഏ.

മരുവിലെ പുഴ (കവിത)—
കാപ്പിൽ, കെ. പി. കേശവൻ ബി. എ., ബി. എൽ.

പ്രേമശാപം—
കമുകറ, എൻ. നാരായണക്കുറുപ്പ് ബി. എ.

ടാഗോറിൻെറ കത്തുകൾ—
പി. ശേഷാദ്രിഅയ്യർ ബി. എ., എം. എൽ.

മുക്തകങ്ങൾ:-(ലേഖനങ്ങളുടെ അവസാനത്തിൽ അങ്ങിങ്ങു കൊടുത്തിരിക്കുന്ന കവിതാശകലങ്ങൾ പത്രാധിപരുടേതാണു്.)

## എഴുതുവാൻ നല്ല പെൻസിൽ ഏതു്?

ശ്രീ ചിത്രാ പ്രദർശനത്തിൽനിന്നും ഒന്നാം സമ്മാനം ലഭിച്ച

# ല
# ക്ഷ്മി
# പെ
# ൻ
# സി
# ൽ

ഉയർന്നതരം അമേരിക്കൻ സിഡർതടിയിൽ ഉണ്ടാക്കപ്പെട്ട ബ്ലാക്കലെഡ് പെൻസിൽസ്, കള്ളർ പെൻസിൽസ്, കാപ്പിയിംഗ് പെൻസിൽസ് മുതലായ വിവിധതരത്തിലുള്ള പെൻസിലുകൾ എല്ലാ ഇൻഡ്യൻ മാക്കറ്റുകളിലും മിതമായ വിലയ്ക്കു കിട്ടുന്നതാണു്.

നിർമ്മാതാക്കൾ:—

ദി കായിലോൺ പെൻസിൽഫാക്ടറി, കൊല്ലം.

(ഗവമ്മെൻറ് സപ്ലയേഴ്സ് & വാർ കൺട്രാക്ടേഴ്സ്.)

തിരുവിതാംകൂറിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടതു്.

# എം. പി. കൃഷ്ണൻവൈദ്യരുടെ

# ❀ അഭിനവഗർഭരക്ഷാഗുളിക ❀

(രജിസ്റ്റേഡ് ട്രെയിഡ്മാർക്ക്)

ഇൻഡ്യയിലെന്നല്ല, ഇൻഡ്യയ്ക്കു പുറമേയും പ്രസിദ്ധി പ്രാപിച്ചിട്ടുള്ള അനുഭവസിദ്ധമായ പരമൌഷധം. ഇതു് ഏററവും ഫലപ്രദവും, വനിതാലോകത്തിനു് അനുഗൃഹീതവുമാകുന്നു.

1. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാരംഭം മുതൽ രോഗിണിയും അരോഗിണിയും ആരോഗ്യത്തിനും സുഖപ്രസവത്തിനും നിത്യമായി സേവിക്കാനുള്ളതു്.

2. അഭിനവ ഗർഭരക്ഷാഗുളിക വായുക്ഷോഭം, ഗർഭപീഡ, ഛർദ്ദി, ക്ഷീണം, അരുചി, തലച്ചുററൽ, വയറുകത്തൽ, അഗ്നിമാന്ദ്യം, പനി, ശ്വാസനാളരോഗം, ശോധനയില്ലായ്മ, വയറെറരപ്പ്, അതിസാരം, ഗ്രഹണി, ഗുന്മശൂല ഇവയെ ശമിപ്പിക്കുവാൻ പര്യാപ്തമായതു്.

3. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാശയശൂല, ഗർഭസ്രാവം, രക്തസ്രാവം, യോനിസ്രാവം, നെഞ്ചിടിപ്പ്, വിളർച്ച്, ചുട്ടുനീററൽ ഇവയെ പൂർണ്ണമായി ശമിപ്പിക്കും.

4. അഭിനവ ഗർഭരക്ഷാഗുളിക ഗർഭശിശുവിനു് യാതൊരു ആരോഗ്യഹാനിയും സംഭവിക്കാതെ ജീവശക്തിയെ പ്രദാനംചെയ്തു് കാത്തുരക്ഷിക്കുവാനും മുലപ്പാലിനെ ശുദ്ധീകരിക്കുവാനും, ഒരു സിദ്ധൌഷധമാണു്.

5. അഭിനവ ഗർഭരക്ഷാഗുളിക പ്രസവകാലങ്ങളിൽ പ്രസവം സുഖകരവും, ശീഘ്രകരവും ആക്കിത്തീക്കുന്നതും, ഗുന്മനോവു്, ആന്ത്രനോവു് ഇവയെ ശമിപ്പിച്ചു് പ്രസവകാലങ്ങളിലുണ്ടാകാറുള്ള സകലവിധ ഗർഭാശയ രോഗങ്ങളും മററന്യരോഗങ്ങളും വരാതെ കാത്തുരക്ഷിച്ചു് ജനയിത്രിക്കു നവചൈതന്യവും സന്തുഷ്ടിയും പ്രദാനംചെയ്യുവാൻ ശ്രേഷ്ഠമായിട്ടുള്ളതും ആകുന്നു.

മാത്ര:—ഒരൗൺസ് ജീരകവെള്ളത്തിൽ ഒരു ഗുളിക കലത്തി കാലത്തും അതേപ്രകാരം രാത്രിയിലും സേവിപ്പിക്കുക.

ഒരു മാസം സേവിക്കുവാനുള്ള ഗുളിക അടങ്ങിയ ഡപ്പി 1-ക്കു വില രൂ. 1.

മാനേജിംഗ് പ്രൊപ്രൈററർ,

എം. പി. കൃഷ്ണൻവൈദ്യർ,

ശ്രീകൃഷ്ണവിലാസം ആയുർവേദഫാർമസി,

ആൻഡ് സക്കാർ വൈദ്യശാല, കൊല്ലം.

ബ്രാഞ്ച്:—പുത്തൻചന്ത, തിരുവനന്തപുരം.

# KURIYANS' LTD.

(The Reliable House for Quality Furniture)



## MODERN BEDROOM SUITE.

**WE FURNISH :—**

***BUNGALOWS AND OFFICES IN***
***UP-TO-DATE STYLE.***

**WE SUPPLY :—**

WINDOW AND DOOR FRAMES ETC.,
FOR FACTORIES.

We undertake to submit designs and quotations if measurements or cuttings from Catalogues are sent.

**CHURCH FURNITURE A SPECIALITY.**

All enquiries to :—

**KURIYANS' LTD.,**
**Chungom Kottayam, Travancore.**

PUBLIC LIBRARY ✱ K. JACOB THOMAS MEMORIAL SAHRUDAYA
MANNARGHAT

# THE NEW GUNA SHENOY COMPANY.

## DIRECT IMPORTERS & HARDWARE MERCHANTS

**Head Office:-**
**ERNAKULAM.**

**Branches:-**
COCHIN, KOTTAYAM & QUILON.

**STOCKISTS OF EVERY KIND OF HARDWARE MACHINERY AND ESTATE GOODS Etc., Etc.**

SOLE PROP:-
**A. N. LAKSHMANA SHENOY.**

## മാതൃഭൂമി ഏജൻസി,

ലക്ഷ്മിനട—കൊല്ലം.

മഹാത്മജി, ജവഹർലാൽ, ടാഗോർ, H. G. വെൽസ്, ഷേക്സ്പിയർ മുതലായവരുടെ വിശ്വവിഖ്യാതങ്ങളായ കൃതികളുടെ (ആത്മകഥകളും മററും) ഒന്നാംതരം മലയാളവിവർത്തനങ്ങളും പ്രശസ്ത കേരളീയകവികളുടെ പുസ്തകങ്ങളും ഇവിടെ വില്പനയ്ക്കുണ്ട്.

സുപ്രസിദ്ധ സാഹിത്യമാസികയായ മാതൃഭൂമി ആഴ്ചപ്പതിപ്പ് ഇവിടെനിന്നും കൈവഴിയായും അഞ്ചൽമാർഗ്ഗമായും അയച്ചുകൊടുക്കുന്നതാണ്.

ഏജൻറ്,

K. N. K. Pillai.

## കാൽസിഫെറോ

(റജിസ്റ്റേഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്കു ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു. അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം.

ഫലസിദ്ധിയുള്ള പല അപൂർവ്വൗഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും, തേനും, മാൾട്ടും ചേർത്ത് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളതു്. 48 നേരത്തിനുള്ള ആറു ഔൺസു കുപ്പി ഒന്നിനു രണ്ടരരൂപാ മാത്രം. എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

സുപ്രസിദ്ധ ആരോഗ്യസംവർദ്ധകൗഷധമായ "ബ്ളഡ്-ഇൻ-ദ്രാക്ഷാ" നിർമ്മാതാക്കളാൽ തയ്യാറാക്കപ്പെട്ടതു്.

എസ്സ്. ജി. ഏ ഫാർമസി, കോട്ടയം.

IT WILL PAY YOU TO CONSULT

# A. G. KRISHNA SHENOY

**PAINTS & HARDWARE MERCHANT**

| HEAD OFFICE: | | BRANCH: |
|---|---|---|
| BROADWAY | OR | KALARIKKAL BLDG. |
| **ERNAKULAM** | | **KOTTAYAM.** |
| (Tel: MAGNET) | | Tel: VENUS. |

Before you buy your requirements in
Paints or Hardware.

## മാന്നാറിൽ ആയുർവേദ ആശുപത്രി.

യൂണിയൻക്ലബ്ബിനുസമീപം, കോട്ടയം.

ചീഫ് വൈദ്യൻ & പ്രൊപ്രൈറ്റർ,
കെ. കെ. ശേഖരകണിയാർ (കാരാപ്പുഴ)

എല്ലാ ആയുർവേദൌഷധങ്ങളും ഇംഗ്ലീഷ് ചികിത്സാമാതൃകയിൽ അപ്പോഴപ്പോൾ കൊടുത്തും, രോഗികൾക്കു താമസിച്ചു ചികിത്സ നടത്തത്തക്ക എല്ലാവിധ സൌകര്യങ്ങളോടുംകൂടി നടത്തിവരുന്ന കോട്ടയത്തെ ഏക സ്ഥാപനം.

## സിഫിലിസ്

ലജ്ജകൊണ്ടു മറച്ചിരിക്കുന്ന രോഗം വർദ്ധിക്കും. എത്രയോ യുവതീയുവാക്കൾ സിഫിലിസ് പിടിപെട്ടു നരകദുഃഖം അനുഭവിക്കുന്നു. ഈ രോഗം ബാധിച്ചാൽ അവരുടെ രക്തം അതോടെ മലിനമായിത്തീരുന്നു. എന്നാൽ S. P. ഗുളികകൾ 12 എണ്ണം സേവിച്ചാൽ രക്തശുദ്ധി വരുത്തി ഒരാഴ്ചയ്ക്കുള്ളിൽ ഏതുതരം സിഫിലിസ്സിനെയും പരിപൂർണ്ണമായി പരിഹരിക്കുന്ന ദിവ്യൌഷധം. അനുഭവസ്ഥന്മാർ അനവധി.

12 എണ്ണത്തിനു 5 രൂ. പുറമെപൊരട്ടുന്നതിനു 8 ണ. ഓർഡറുകൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്. വിശദവിവരത്തിനു സ്റ്റാമ്പുസഹിതം എഴുതുക.

## നിങ്ങളുടെ ഭാവി!

ഭാവിഫലങ്ങൾ സൂക്ഷ്മമായി അറിഞ്ഞു് ജീവിതത്തെ കൂടുതൽ ശോഭനമാക്കുക!

മാസഫലമടങ്ങിയ ഒരു വർഷത്തെ ഫലമെഴുതുന്നതിനു് രൂ. 3.

5 ചോദ്യങ്ങൾക്കു് 2 രൂ. കൂടുതൽ ഓരോ ചോദ്യത്തിനു് 8 ണ. വീതം.

സമ്പൂർണ്ണജാതകം 10 രൂ. സംക്ഷിപ്ത ജാതകം 5 രൂ. തല്ക്കുറി 3 രൂ.

ജനനസമയമോ, ജനനകാലഗ്രഹസ്ഥിതിയോ അഥവാ കണ്ണെഴുതുന്ന സമയമോ സൂക്ഷ്മമായി അറിയിക്കുക.

V. P. ചാർജ്ജ് 4 ണ. പുറമേ.

ജാതകമെഴുതുന്നതിനു് ജനനസമയം അറിയിക്കണം.

ജ്യോത്സ്യൻ,
ശാസ്ത്രി പി. ഏ. പരമേശ്വരൻപിള്ള,
ലക്ഷ്മീജ്യോതിഷാലയം,
ബോട്ടുജട്ടി, ആലപ്പുഴ.

# 'സുഖിദ' (1931-ൽ 335-ാം നമ്പ്രായി കല്ലൂട്ടായിൽ രജിസ്റ്റർ ചെയ്യതു്.)

ശ്രീചിത്തിര എക്സിബിഷനിൽനിന്നും തങ്കമെഡൽ ലഭിച്ച

"ഒരത്ഭുതകരമായ ധാതുപുഷ്ടി നെർവയിൻ ടോണിക്ക്"

## മെലിഞ്ഞവർക്കു് ഒരനുഗ്രഹം.

ഓജസ്സും യൗവ്വനവും എന്നും കാണ്മാൻ നിലനിർത്തുന്ന ഒരു ദിവ്യകല്പം!



ധാതുനഷ്ടം, സ്ഖലനം, ഞരമ്പുതളർച്ച്, ബലഹീനത ഇവയെ മാററി ക്ഷയിച്ചുപോയ വീര്യശക്തിയെ വീണ്ടെടുത്തു് തളർന്നുപോയ ധാതുക്കളെ ബലപ്പെടുത്തി, തലച്ചോറിനെ തണുപ്പിച്ചു്, ഓർമ്മശക്തിയെ വർദ്ധിപ്പിക്കുന്നതുകൂടാതെ എല്ലാവർക്കും രതിമന്മഥസുഖാനന്ദ ഇന്ദ്രരസത്തെ തരത്തക്കതും. സന്താനലാഭത്തെ പ്രദാനംചെയ്യുന്നതുമാണു്. പ്രസവിച്ചവർക്കും ഗർഭിണികൾക്കും അത്യുത്തമം. 8 ഔൺസ് 15 ദിവസത്തെ മരുന്നടങ്ങിയ കുപ്പി 1 ക്കു് വില രൂപ 1 അണ 8 മാത്രം. വി. പി. ചാർജ്ജ് പുറമേ

ആയുർവേദശിരോമണി, ഡാക്ടർ ററി ആർ എൻ. ദാസ്,
എച്ച്. എം. ബി. എൽ. എം. എസ്സ്. (യു) ആൻഡ് എം. ഐ. എച്ച് സി.
ഇൻഡ്യൻ മെഡിക്കൽസ്റ്റോർസ്, ചിന്നക്കട—കൊല്ലം.



# വിജ്ഞാനപ്രദമായ ലേഖനങ്ങൾക്കു് മലയാളരാജ്യം

## വാരിക (തിങ്കളാഴ്ചപ്പതിപ്പ്)

# വായിക്കുവിൻ!

# ബ്ലഡ്-ഇൻ-കാർണിസ്



വൈദ്യലോകത്തിന്റെ പ്രശംസയ്ക്കും അനുഭവസ്ഥന്മാരുടെ അഭിനന്ദനത്തിനും പാത്രീഭവിച്ചിട്ടുള്ള സുപ്രസിദ്ധ ആരോഗ്യസംവർദ്ധകൗഷധം ഏതു്?

## ആവ്സൺസ്

### ബ്ലഡ്-ഇൻ-കാർണിസ്

രക്തശുദ്ധിക്കും വർദ്ധനവിനും സ്ത്രീപുരുഷഭേദമെന്യേ രോഗാവസ്ഥയിലും അരോഗാവസ്ഥയിലും ഉപയോഗിക്കാവുന്ന ഇത്ര ഫലപ്രദമായ ഒരു വിശിഷ്ടൗഷധം വേറെയില്ല. ഗർഭിണികൾക്കും പ്രസവം കഴിഞ്ഞവർക്കും ആരോഗ്യം നശിച്ചവർക്കും അത്യുത്തമമായ ഔഷധമാണ്. ശരീരധാതുക്കളെ പുനർജ്ജീവിപ്പിക്കുവാനും ദീപനക്ഷയത്തെ മാററി ആഹാരത്തിന് അനല്പമായ ആശ നൽകുന്നതിനും സർവ്വോത്തമമായ ടാണിക്കാണ് ബ്ലഡ്-ഇൻ-കാർണിസ്. കുട്ടികളുടെ വളർച്ചയ്ക്കാവശ്യമായ പോഷകാംശങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു.

### ബ്ലഡ്-ഇൻ-കാർണിസ്

തിരു: ഗവ: സർജ്ജൻജനറൽ ഡാക്ടർ എസ്സ്. ജോൺ, റിട്ട: സർജ്ജൻ ജനറൽ ഡാക്ടർ കെ. പി. രാമൻപിള്ള, റിട്ട: സർജ്ജൻ ജനറൽ ഡാക്ടർ മിസ്സിസ് പുന്നൻലൂക്കോസ്, കൊച്ചി ഗവ: സിവിൽസർജ്ജന്മാരായ ഡാക്ടർ എ. കെ. മേനോൻ, സിവിൽസർജ്ജൻ ഡാക്ടർ ബാബുറാവു, തിരുവനന്തപുരം ഡിസ്ട്രിക്ട് ഹോസ്പിററൽ സൂപ്രണ്ട് ഡാക്ടർ ജേക്കബ് തളിയത്ത്, ഡാക്ടർ പോൾ പുത്തൂരാൻ, ഡാക്ടർ ററി. കെ കൃഷ്ണസ്വാമി, വയസ്കര ആര്യൻ നാരായണൻമൂസ്സ് മുതലായ മററനേകം സർവ്വസമ്മതന്മാരായ വൈദ്യവിശാരദന്മാർ ബ്ലഡ്-ഇൻ-കാർണിസിന്റെ അത്ഭുതഫലസിദ്ധിയെ സാക്ഷ്യപത്രങ്ങൾകൊണ്ട് പ്രശംസിക്കുന്നു.

അനുദിനം പ്രചാരത്തിൽ വരുന്ന ബ്ലഡ്-ഇൻ-കാർണിസ് സേവാക്രമത്തിൽ വിശേഷാൽ പത്ഥ്യമില്ലാത്ത രുചികരവും വീര്യവും ഉള്ള ഒരു പാനീയമാണ്.

Sole distributors:- A. V. & Sons Medical Hall, Alleppey,

എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

# ശ്രീ വാഗ്ഭടാശ്രമം

## ആയുർവേദഫാർമസി, കൊല്ലം.

(ശ്രീമാൻ ടി. കെ. നാരായണക്കുറുപ്പ് അവർകളുടെ നിർദ്ദേശാനുസാരം നടത്തപ്പെടുന്നതു)

*മംഗലഘൃതം* ആസ്പത്രിയെ ശരണംപ്രാപിക്കാതെ സ്വന്തം ഭവനത്തിലെ ആരുഢത്തിനുള്ളിൽതന്നെ പ്രസവിക്കണമെന്നാഗ്രഹിക്കുന്ന സ്ത്രീകൾക്കു മംഗലഘൃതം ഉപേക്ഷിക്കാവുന്നതല്ല. സുഖപ്രസവത്തിനും, ആരോഗ്യത്തിനും, ശിശുവിൻെറ ക്ഷേമത്തിനും ഉറപ്പുതരുന്ന ഈ ഔഷധം ഗർഭിണികൾക്കു് ഒരു മഹാനുഗ്രഹമത്രേ. ഗർഭം അലസുമെന്നുള്ള ശങ്ക ഒരിക്കലും വേണ്ട. തുടരെ ഗർഭം അലസിക്കൊണ്ടിരിക്കുന്നവർ ഈ ഘൃതം മാത്രം സേവിച്ചാൽ മതിയാകും ഗർഭകാലം മുഴുവൻ ഓജസ്സും, ശക്തിയും നിലനിർത്തി പിൽക്കാലത്തെ ആരോഗ്യത്തെപ്പോലും രക്ഷിക്കുന്ന മംഗലഘൃതം ഏതൊരു കുടുംബത്തിനും ഒരു മംഗളം ചേർക്കുമെന്നു് ഒരിക്കൽ പരീക്ഷിച്ചാൽ ബോദ്ധ്യമാകുന്നതാണു്. ഗർഭത്തിലെ ശിശുവിൻെറ രക്തപുഷ്ടി, തേജസ്സ്, ശക്തി എന്നിവയെ മംഗലഘൃതംപോലെ മറെറാന്നും പുലർത്തുകയില്ല.

10 ഔൺസിനു് (ഒരുമാസത്തേക്കു്) വില രു 8.

**നര** ഒരു രോഗലക്ഷണമാണു്; വിശേഷിച്ചു 30 വയസ്സിനുമുമ്പു തലമുടി കറുത്തിരുണ്ടു് തഴച്ചുവളരേണ്ട ആ യൗവ്വനപ്രായത്തിൽ നിങ്ങൾ എന്തിനു നരയ്ക്കണം? നരയ്ക്കാതിരിക്കാനും അകാലനരയെ മാററാനുമായി ഒരു പുതിയ ഔഷധം ഞങ്ങൾ തയാറാക്കിയിരിക്കുന്നു. നരയ്ക്കുക, കൊഴിയുക, നിറംകെടുക തുടങ്ങിയ സകല ശിരോരോഗങ്ങളെയും അത്ഭുതകരമാംവണ്ണം സുഖപ്പെടുത്തി തലമുടിക്കു സ്നിഗ്ദ്ധതയും, നിബിഡതയും, വർണ്ണമനോഹരതയും തലയ്ക്കു കുളിർമയും മുഖത്തിനു പ്രസന്നതയും ഓജസ്സും നൽകുന്ന

## സുവേണിതൈലം

സ്ത്രീപുരുഷന്മാർക്കൊന്നുപോലെ യുവത്വം പ്രദാനംചെയ്യുന്നു. യൗവ്വനശ്രീ നിങ്ങളുടെ ശ്രദ്ധയെ ആശ്രയിച്ചിരിക്കുന്നു എന്നു തെളിയിക്കുന്ന ഈ ഔഷധത്തിനു്,

10 ഔൺസു് കുപ്പി ഒന്നുക്കു വില രു 5.

The only ideal Tonic for perfect Health and Vigour.



Prop: T. R. ശങ്കുണ്ണിപ്പിള്ള

# രക്തബിന്ദു.

രക്തമില്ലാതെ ഉണ്ടാകുന്ന വിളർച്ച, അജീർണ്ണം, ചൊറി ചിരങ്ങ് മുതലായ എല്ലാ രോഗങ്ങൾക്കും ഏററവും അത്യുത്തമമായ ഒരു ടാണിക്ക്.

16 ഔൺസു കുപ്പി 1-ക്ക് 4 ക.

സ്റ്റാക്കിസ്റ്റ്സ് — എസ്. രാമലിംഗംപിള്ള & സൺസ്, വലിയകട, കൊല്ലം.
കടൂർക്കൽ മെഡിക്കൽ സ്റ്റോർസ്, കോട്ടയം.
സി ജെ. മെഡിക്കോ ട്രേഡിങ്ങ് കമ്പനി, ചങ്ങനാശ്ശേരി.
കെ സി. മാത്യു & കമ്പനി, കോഴഞ്ചേരി.
ദി ഇംഗ്ലീഷ് കമ്പനി, ആലപ്പുഴ.

ആരോഗ്യദായിനി വൈദ്യശാല, ന്യൂറോഡ്, കൊച്ചി.

## സഞ്ജീവിനി

ആയുർവേദ വൈദ്യശാല

ചാല, തിരുവനന്തപുരം.

---

പിത്തകാലാന്തകൻ

ശരീരത്തിൽ രക്തമില്ലാതെ വിളറി വീർത്തു ജീവിതംതന്നെ ഒരു ഭാരമായിത്തീർന്നിരിക്കുന്ന ബഹുസഹസ്രം ആളുകൾ ഞങ്ങളുടെ ഈ സിദ്ധൌഷധത്താൽ രക്ഷനേടിയിരിക്കുന്നു.

24 ഔൺസു കുപ്പി 1-ക്ക വില രൂ 4.

## വിദ്യാധിരാജവടിക

(വിദ്യാധിരാജപരമഭട്ടാരശ്രീ ചട്ടമ്പിസ്വാമി തിരുവടികളുടെ ദിവ്യോപദേശമാകയാൽ ഇതിനു വിദ്യാധിരാജവടിക എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.)

കുട്ടികളുടെ ഉദരരോഗങ്ങൾക്കു്, വിശേഷിച്ചുവിരകോപത്തിനു് ഇത്ര ഫലപ്രദമായ ഔഷധം അധികം കാണാറില്ല.

കുഞ്ഞുങ്ങൾക്ക പതിവായി കൊടുക്കാവുന്നതാകയാൽ ഇതു് ഓരോ ഗൃഹത്തിലും സൂക്ഷിച്ചുകൊള്ളുന്നതു നന്നായിരിക്കും. സേവാക്രമം ഔഷധത്തോടുകൂടിയുണ്ടായിരിക്കും.

30 ഗുളികയടങ്ങിയപാക്കററ് 1.ന് വില 8ണ.

ഏജൻറന്മാരെ ആവശ്യമുണ്ടു്.

മാനേജർ,
വാഗ്ഭടാശ്രമം ആയുർവേദഫാർമസി,
കൊല്ലം.

# Travancore Timber Trading Company,

## ASRAMAM, QUILON.

*Telegrams:* **Timberco** *Telephone:* **No. 137**

### MANUFACTURERS & SUPPLIERS OF

Packing cases, Slate frames, Foot-rules, Pen-holders, Furnitures, Building sizes, Boobins & Fancy goods, i. e., Cycle-handle-grips & Cycle Pedals in wood, Flower-vases, Electric-table-lamp-stands, Soap-bowls, Shaving-stick-containers, Powder-boxes, Umbrella grips, etc , etc., all in high class wood and beautifully designed and lacquered.

***Stockists of:*** All kinds of Hardwood and Softwood logs.

# "GOPAL INK"

THE IDEAL INK

FOR YOUR PEN.

Distributors

**M/s. M. Aboorbehuman Pillai & Sons,**

**TRIVANDRUM.**

# ROYAL BAKERY.

**Main Road, QUILON.**

## റായൽബേക്കറി,

മെയിൻറോഡ്—കൊല്ലം.

ഞങ്ങളുടെ ബേക്കറിയിൽ ഗോതമ്പുറൊട്ടി, ബൺ, ബിസ്കറ്റ്, കേക്കുകൾ മുതലായ എല്ലാ രുചികരമായ സാധനങ്ങളും എപ്പോഴും മിതമായ വിലയ്ക്കു വില്ക്കുവാൻ തയാറുണ്ട്.

കൂടാതെ ഓർഡർ അനുസരിച്ച് എല്ലാത്തരം കേക്കുകളും കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

ഞങ്ങളുടെ സാധനങ്ങൾ പരിശോധിക്കുവിൻ!

പ്രൊപ്രൈറ്റർ,

ആർ. എഫ്. മെച്ചാഡ്.



# ടാഗോർ

പുസ്തകം ൧. | ജൂലായ് | ലക്കം ൩.


## ആധുനികശാസ്ത്രത്തിന്റെ തത്വജിജ്ഞാസ

(By kind permission of the Travancore Radio)


(എൻ. ഗോപാലപിള്ള എം. എ.)


ചിന്തിക്കുന്ന മനുഷ്യരെല്ലാം ചോദിക്കുന്ന ചില ചോദ്യങ്ങളുണ്ട്—പണ്ടേക്കുപണ്ടേ ചോദിച്ചിട്ടുള്ള ചില ചോദ്യങ്ങൾ. ഈ ലോകം എങ്ങനെ ഉണ്ടായി? എന്നുവരെ നിലനില്ക്കും? വെറും യാദൃച്ഛികമായ ഒരു സംഭവമാണോ ഈ ലോകത്തിന്റെ ഉൽപ്പത്തി? അതോ—ഇതിനു വല്ലഉദ്ദേശവും ലക്ഷ്യവുമുണ്ടോ? നിയതമായ ഒരു രൂപഘടനയുണ്ടോ? ജീവിതംതന്നെ ഒരു യദൃച്ഛാസംഭവമാണോ? ജീവികളിൽവെച്ച് ഉൽകൃഷ്ടനെന്നു കരുതുന്ന മനുഷ്യന്റെ ഭാവി എന്ത്? അരനിമിഷം തെളിഞ്ഞുനിന്നു പെട്ടെന്നു പൊട്ടിപ്പൊലിയുന്ന പൊള്ളയായ നീർക്കുമിളയാണോ ഈ ജീവിതം? അവനവന്റെ ഹിതംപോലെ ജീവിതഗതി മാററാനും മറിക്കാനും മനുഷ്യനു കഴിവില്ലേ? അതോ—സർവ്വം നിയന്ത്രിക്കുന്ന മഹത്തരമായ ഒരു ശക്തിക്ക് അടിമയാണോ മനുഷ്യൻ? ഈവക ചോദ്യങ്ങളാണ് ആദിമകാലംമുതൽ മനുഷ്യനെ അലട്ടിയിട്ടുള്ളത്. അവയുടെ സമാധാനമാണു സകല ദർശനങ്ങളുടേയും പ്രതിപാദ്യവിഷയം. പക്ഷേ, തമ്മിൽ പൊരുത്തമില്ലാത്ത സമാധാനങ്ങളാണ് അധികവും. അവയിൽ ഏതാണു നാം സ്വീകരിക്കുക?

ആധുനിക ശാസ്ത്രകാരന്മാരുടെ സമാധാനങ്ങളാണ്—അവരുടെ തത്വദർശനങ്ങളാണ് ഇപ്പോൾ നമുക്കു ചിന്താവിഷയം. ആധുനികശാസ്ത്രമോ? അതിന്റെ അത്ഭുതസിദ്ധികൾകൊണ്ട് അമ്പരന്നുപോകാത്ത മനുഷ്യരുണ്ടോ? ഈ സന്ധ്യാസമയത്തു തിരുവനന്തപുരത്തുനിന്നു ഞാൻ പറയുന്ന വാക്കുകൾ ഈ നിമിഷം ഉച്ചവെയിൽതട്ടുന്ന ലണ്ടൻനഗരത്തിൽ കേൾക്കാമായിരിക്കും. ഇങ്ങനെ എത്രഎത്ര മായാ

വൈഭവങ്ങളാണു സയൻസു സമ്പാദിച്ചിട്ടുള്ളതു്. ഈ മഹനീയമായ ശാസ്ത്രത്തിന്റെ പ്രവാചകന്മാരായ മഹാന്മാർ മൗലികങ്ങളായ പ്രശ്നങ്ങൾക്കു നൽകുന്ന സമാധാനങ്ങൾ—അവരുടെ തത്ത്വദർശനങ്ങൾ—നമ്മുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണു്.

പല ശതാബ്ദങ്ങൾകൊണ്ടു് അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള ശാസ്ത്രങ്ങൾ പലതുണ്ടു്. എങ്കിലും ഗഹനങ്ങളും മൗലികങ്ങളുമായ പ്രശ്നങ്ങളെ പരാമർശംചെയ്യുന്ന ഒരു നൂതനശാസ്ത്രത്തിന്റെ തത്ത്വജിജ്ഞാസയെ കുറഞ്ഞൊന്നു പരിശോധിക്കാനേ തൽക്കാലം നിർവ്വാഹമുള്ളു. Modern Physics ആധുനിക ഭൂതവിജ്ഞാനീയത്തിന്റെ തത്ത്വമീമാംസ. പത്തൊൻപതാം നൂററാണ്ടിലെ പാശ്ചാത്യശാസ്ത്രജ്ഞന്മാർ ലോകരഹസ്യത്തിന്റെ അടിത്തട്ടു കണ്ടുതുടങ്ങി എന്നു സങ്കല്പിച്ചു. അവരുടെ ഭൗതികമായ അഭിവൃദ്ധിയിലും പരിഷ്കാരത്തിലും അവർ അത്രയ്ക്കു മതിമറന്നു. അവർക്കു അറിയാവുന്ന നിയമങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്ന ഒരു യന്ത്രമാണു് ഈ പ്രപഞ്ചമെന്നു് അവർ വിശ്വസിച്ചു. പരമാണുക്കളുടെ ഒരു മഹത്തായസംഘടനയാണു് ഈ പ്രപഞ്ചം അതിൽ എവിടെയെങ്കിലും അനുകൂലപരിസരത്തിൽ യാദൃച്ഛികമായി നിഴലിക്കുന്ന ഒരു വികൃതിജീവിതവും! ഒരു കുരങ്ങു് ഒരു റൈററപ്റൈററററിൽ താറുമാറായി ഇടവിടാതെ റൈററപ്ചെയ്താൽ കാളിദാസന്റെ ഒരു പദ്യത്തിന്റെ അക്ഷരങ്ങൾ ഒരിക്കൽ ഒത്തുവന്നെന്നുവരാം. അതുപോലെയാണു ഭൗതികലോകത്തിൽ ജീവിതം. വെറുമൊരു യദൃച്ഛാസംഭവം.

യാഥാർത്ഥ്യംഎന്നാൽ എന്തു് എന്നു് അവർ തീർച്ചചെയ്തു. കണ്ണുകൊണ്ടു കണ്ടു് കൈകൊണ്ടു തൊടാവുന്ന കല്ലുപോലെയുള്ളതു്—അതേ—പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമായ ഭൂതദ്രവ്യം. അതാണു യഥാർത്ഥം—മററുള്ളതെല്ലാം മിഥ്യ—വെറും അന്ധവിശ്വാസം—എന്നു് അവർ ശഠിച്ചു. സത്യം അറിയണമെങ്കിൽ ഈ ഭൂതദ്രവ്യങ്ങളെ വിശകലനംചെയ്താൽ മതിയെന്നായി. അതിന്നപ്പുറംപോയാൽ അന്ധത. ആത്മാവെന്നോ അനുഭൂതിയെന്നോ കേട്ടാൽ അവർ നെററിചുളിച്ചു—അനുകമ്പ ഭാവിച്ചു.

ഇരുപതാംനൂററാണ്ടിന്റെ ആരംഭത്തോടുകൂടി ഈ ശാസ്ത്രചിന്തകരുടെ സർവ്വജ്ഞഭാവം ക്രമേണ മാറിത്തുടങ്ങി. അവർക്കു് അറിയാവുന്നതിനേക്കാൾ അധികമുള്ളതു് അറിഞ്ഞുകൂടാത്തതാണെന്നു ബോധംവന്നു. ഭൗതികലോകത്തിന്റെ സൂക്ഷ്മഘടകമായി അവിഭാജ്യമായ പരമാണുവെന്നു് അവർ കരുതിവന്ന atom പോലും അവരുടെപിടിയിൽനിന്നു അകന്നുമാറി അജ്ഞരായ അവരെനോക്കി പരിഹസിക്കയാണെന്നു തോന്നിത്തുടങ്ങി. നിശ്ചലമെന്നും ഘടകശൂന്യമെന്നും കരുതിയിരുന്ന ഈ atom ഓരോന്നും ഓരോ ചെറിയ സൗരയൂഥമാണു്. Electron എന്ന പരമാണുക്കൾ അവയുടെ ഒരു കൊച്ചുസൂര്യനുചുററും അതിദ്രുതം കറങ്ങിത്തിരിയുന്ന ഗ്രഹസമൂഹമാണു് എന്നു് Rutherford തുടങ്ങിയ ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിച്ചു. നമ്മുടെ കാലടിയിൽപററുന്ന ക്ഷുദ്രമായ മണൽത്തരിയിൽ അടങ്ങിയൊതുങ്ങി ഉറങ്ങുന്ന ഊർജ്ജസ്സിനെ ഉണർത്തിയാൽ—അതിൽ നിയന്ത്രിതമായ ശക്തിയെ നിർമ്മോചനംചെയ്താൽ,—ഹിററ്ലരുടെ സാമ്രാജ്യത്തിന്റെ നാശത്തിനു് അത്രയും മതിയായേക്കാം. മനുഷ്യശരീരത്തിൽ കൂട്ടിയിണക്കിയിട്ടുള്ള പരമാണുക്കൾ ഇടവിടാതെ ഒതുക്കി അടുക്കുകയാണെങ്കിൽ അതു് കണ്ണിന്റെ കാഴ്ചയിൽ പെടാത്തവിധം അണുരൂപമായി അദൃശ്യമായിത്തീരും. "അണോരണീയാൻ മഹ

തോ മഹീയാൻ" എന്നു് പണ്ടു ഭാരതീയ മഹർഷിമാർ പാടിയിട്ടില്ലേ?

എ. ഡി. 1900-ൽ ഉഷ്ണപരിസരണത്തെപ്പററി Max Planck നടത്തിയ പരീക്ഷണങ്ങളിൽനിന്നും ഒരുകാര്യം വെളിവായി—ഊർജ്ജത്തിൻെറ Energ-യുടെ ഘടനയും പരമാണുവിൻെറ ഘടനയും സദൃശമാണെന്നു്. ഫലം എന്തായി? ഭൂതങ്ങൾക്കും ഊർജ്ജത്തിനും തമ്മിൽ (Matterനും Energyക്കും തമ്മിൽ) ഉണ്ടെന്നു വെച്ചിരുന്ന വ്യത്യാസം ഇല്ലെന്നു വന്നു. ദൃശ്യവും സ്പൃശ്യവുമായ ദ്രവ്യം! കാണുന്നതൊന്നും കണക്കാക്കേണ്ട. അതു വെറും Energy യുടെ സ്ഥൂലരൂപംമാത്രമാണു്. Energyയോ? സംഭാവ്യതയുടെ ഒരു തരംഗം. സംഭാവ്യതയുടെ തരംഗമോ? അതേ—മനുഷ്യൻെറ സങ്കല്പത്തിൽ—ഭാവനയിൽ——തങ്ങിനില്ക്കുന്നതു്. ഗവേഷണം നന്നാകുന്നുണ്ടു്. ഭൗതികവസ്തുക്കളുടെ ഉള്ളുതുരച്ചു ഉള്ളതറിയാൻ പണിപ്പെട്ട മനുഷ്യൻ ചെന്നുചേരുന്നതു് ആത്മസങ്കല്പത്തിൽ!

സ്ഥൂലദ്രവ്യങ്ങളെപ്പററിയുള്ളബോധം മാറിയതോടുകൂടി അവയെ ഉൾക്കൊള്ളുന്ന ദേശത്തെപ്പററിയുള്ള ബോധവും മാറി. കാലത്തിനെപ്പററിയുള്ള ബോധത്തിനും മാററം വന്നു. സംഭവങ്ങൾതമ്മിലുള്ള അന്തരം അളക്കാൻ ഉപയോഗിക്കുന്നകാലംതന്നെ ദേശത്തിൻെറ നാലാമത്തെ അളവാണെന്നു സിദ്ധാന്തമായി. നാലാമത്തെ അളവോ? അതേ—ഇപ്പോൾ, മുൻപു്, ഇനി എന്നീ ഭേദങ്ങൾ ഉൾക്കൊള്ളുന്നകാലം നീളം, വീതി, ഘനം എന്നുള്ള അളവുകൾ പോലെ ദേശത്തിൻെറ നാലാമത്തൊരു അളവാണു് എന്നു് Einstein, Eddington തുടങ്ങിയ ശാസ്ത്രജ്ഞന്മാർ സ്ഥാപിച്ചു. വാസ്തവത്തിൽ 'ഇപ്പോൾ'എന്ന കാലഘട്ടം—വത്തമാനകാലം—മാത്രമേ നമുക്കു് അനുഭവമുള്ളു. പക്ഷെ കഴിഞ്ഞതിൻെറ സ്മരണയും പ്രത്യക്ഷാനുഭവമായ വത്തമാനവും വരാൻപോകുന്നതിൻെറ പ്രതീക്ഷയും കൂട്ടിയിണക്കി ഭൂതവത്തമാനഭാവികൾചേന്നകാലത്തെ സങ്കല്പത്തിൽ സൃഷ്ടിക്കയാണു നാം. അങ്ങനെ കാലവും സങ്കല്പജന്യമായി. ഇടമുറിയാതെ ഒഴുകുന്ന ഒരു സ്രോതസ്സാണു കാലമെന്നു് ഇന്നലെവരെ നാം കല്പിച്ചു. ഇന്നോ? Max Planck മുതലായവരുടെ Quantum സിദ്ധാന്തം ശരിയാണെങ്കിൽ—ഇടവിട്ടു ഇടവിട്ടു് ഇററിററു തുള്ളിതുള്ളിയായി കുതിച്ചുപോകുകയാണു കാലമെന്നു കരുതേണ്ടിയിരിക്കുന്നു ഒരു ക്ഷണത്തിനും ഉത്തരക്ഷണത്തിനും ഇടയ്ക്കുള്ള വിടവിന്മേൽ അറിയാതെ കുതിച്ചു് തവളച്ചാട്ടം അഭ്യസിക്കുകയാണുപോലും കാലം! ഈ ക്ഷണങ്ങളുടെ അന്തരാളത്തിൽ എന്തെല്ലാം രഹസ്യങ്ങൾ ഒളിഞ്ഞുകിടപ്പുണ്ടെന്നു ആരു കണ്ടു?

ഈ പ്രപഞ്ചഘടകങ്ങളായ ദേശകാലങ്ങൾ സങ്കല്പജന്യങ്ങളാണെന്നുവന്നു. ആരുടെ സങ്കല്പസൃഷ്ടിയാണീപ്രപഞ്ചം? വിശ്വവ്യാപകമായ വിശ്വനിയാമകമായ ഒരു മഹാശക്തിയുടെ—ഒരു മഹാചൈതന്യത്തിൻെറ. പ്രപഞ്ചസ്രഷ്ടാവിനെ വാസ്തവത്തിൽ ഒരു മഹാഗണിതജ്ഞനെന്നു് Sir James Jeans സങ്കല്പിക്കുന്നുണ്ടു്. ജഡവാദജടിലമായിരുന്ന ശാസ്ത്രത്തിൻെറ അദ്ഭുതാവഹമായ പരിണാമം നോക്കുക.

മനുഷ്യജീവിതത്തിൻെറ ഭാവിയോ? ഇന്നത്തെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു—ഇക്കാണുന്ന പ്രപഞ്ചം ക്രമേണ ജീർണ്ണമായി വരികയാണു്. കുറച്ചുകഴിഞ്ഞാൽ—കുറച്ചെന്നു പറഞ്ഞാൽ അനേകലക്ഷം സംവത്സരമെന്നു് അത്ഥം—അതു പഴകി മുരടിച്ചു തവിട്ടുപൊടിയായി അനന്തമായ ശൂന്യതയിൽ ലയിക്കും. ചുടുകതിർപര

ത്തി ഉദിച്ചു പൊന്തുന്ന ആദിത്യഗോളം ക്രമേണ തണുത്തു മങ്ങിപ്പോകും. ജീവസന്ധാരണത്തിന്ന് ആവശ്യമായ ചൂടുതരാൻ കെല്പില്ലാതെ ആ ഭീമമായ ജഡവസ്തു അസ്തമിക്കും. മനുഷ്യനോ? ഇന്നു മൃഗപ്രകൃതിയിൽനിന്നും തെല്ലൊന്നുയൎന്നു തലപൊന്തിക്കാൻ മുതിരുന്ന ആ ബാലിശൻ സംവത്സരലക്ഷങ്ങളുടെ സംസ്കാരവും പേറിപ്പൂൎണ്ണമായ മനുഷ്യത്വത്തിൽനിന്നും പുരോഗമിക്കുകയായിരിക്കും. ഇരുളടഞ്ഞ ആ ശൈത്യത്തിൽ അവൻ എങ്ങനെ ജീവിക്കും? അവന്റെ ആദിപോലെ അജ്ഞാതമായ ഒരു അന്തവും അവന്നു കൈവരും. അവ്യക്താദികളും അവ്യക്തനിധനങ്ങളുമാണു ഭൂതങ്ങൾ. അവന്റെ ശാസ്ത്രങ്ങൾ, അവന്റെ കലകൾ, അവന്റെ ദർശനങ്ങൾ—എല്ലാം തമസ്സിൽ ആഴും. പലപല തലമുറകളിലായി അവൻ കെട്ടിപ്പൊക്കിയ മനോഹരമനസ്സൗധങ്ങൾ എല്ലാം തകൎന്നുപോകും. അവന്റെ ആശയും പ്രതീക്ഷയും, അവന്റെ വാത്സല്യവും പ്രണയവും ഭക്തിയും, അവന്റെ പ്രഭാവവും പ്രാഭവവും—സകലവും അസ്തമിക്കും. അവന്റെ ആദ്ധ്യാത്മികങ്ങളായ സിദ്ധികളെല്ലാം ഭുവനഭസ്മത്തിൽ കലൎന്നുപോകും. എന്തൊരു ദാരുണമായ ഭാവിയാണു് അവന്നു്? ദൃശ്യപ്രപഞ്ചത്തിന്റെ വിശാലവും അനന്തവുമായ രംഗത്തിൽ ജീവിതനടനത്തിന്നു വലിയ സ്ഥാനമില്ലപോലും. അവിടം ശൂന്യതയുടെ ലാസ്യരംഗമാകണം! ഇത്ര അഗാധമായ നൈരാശ്യമാണോ നമുക്കു് ആശ്രയം?

പത്തൊൻപതാംനൂററാണ്ടിലെ ശാസ്ത്രസിദ്ധാന്തങ്ങളുടെ അബദ്ധങ്ങൾ ഇരുപതാം നൂററാണ്ടിലെ ശാസ്ത്രകാരന്മാർ വ്യക്തമാക്കി. ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണങ്ങൾക്കു വഴങ്ങിക്കൊടുക്കാത്ത ഒരു വസ്തുത അഴിച്ചുനോക്കാനാണു് അവരുടെ ശ്രമമെല്ലാം. അല്പമായ പ്രജ്ഞകൊണ്ടു അഖണ്ഡമായ സത്യത്തെ അളക്കാനാണു് ഈ അണുപ്രാണിയുടെ ഉദ്യമം.

Sir Oliver Lodge മുതലായ ചില ശാസ്ത്രകാരന്മാർ ഒരുപടികൂടി മുന്നോട്ടു പോയിട്ടുണ്ടു്. മനുഷ്യൻ അറിയുന്ന ജീവിതത്തെക്കാൾ മഹത്തരമായി മഹനീയമായ ഒരു ജീവിതം ഇല്ലെന്നു് ആൎക്കു പറയാം? ജഡനാശത്തെ അതിജീവിക്കുന്ന ജീവചൈതന്യമില്ലെന്നു പറയാമോ? അജ്ഞതയുടെ സന്താനമായ വന്ധ്യയായ നിരാശയെ എന്തിന്നു് ഇവർ ആശ്ലേഷിക്കുന്നു?

“നിഷേധേ കൃതേ നേതി നേതീതി വാക്യൈഃ
സമാധിസ്ഥിതാനാം യദാ ഭാതി പൂൎണ്ണം
അവസ്ഥാത്രയാതീതമേകം തുരീയം
പരം ബ്രഹ്മ നിത്യം തദേവാഹമസ്മി.”

---

# "തത്തയോടു്"

## അഥവാ

# സ്വാതന്ത്ര്യമഹിമ

(ആനന്ദവർദ്ധനത്തു ആർ. രാമൻപിള്ള, കിളിമാനൂർ)

തത്തേ! ജഗൽപതി നിനക്കരപെററ രണ്ടു
സ്വത്തേകി, ഭാഷണപടുത്വവുമംഗഭാസ്സും;
ഇത്തേട്ടമീശ്വരനതന്നെ മടക്കിനല്കു!
ചിത്തേകൃതജ്ഞതയൊടേത്തുമമാന്തമെന്യേ. (1)

ഞാനോതിയില്ല ജഗദീശ്വരനിന്ദ; നിന്നിൽ-
പ്പീനോത്സുകാശയജനാവലിപഞ്ജരത്തിൽ
സ്ഥാനോപലബ്ധിതവനല്കിയതീശദത്തം
തേനോലുമിസ്സദ്ഗുണയുഗ്മതമൂലമല്ലേ? (2)

ആഹാ! സുവർണ്ണമയമഞ്ജുളപഞ്ജരത്തിൽ
സ്നേഹാർദ്രരാം ജനതവച്ചുപുലർത്തിടട്ടേ;
ആഹാരമായ് പുതിയപാലരുളട്ടെ; കാരാ-
ഗേഹാധിവാസമതിസങ്കടഹേതുവല്ലീ? (3)

ആകാംക്ഷപോൽ തവവയസ്യരൊടൊത്തുചേന്നു-
ങ്ങാകാശസീമനി വിഹരിച്ചു രസിക്കുവാനും,
ആകാ നിനക്കു, ചിറകിൻവിനിയോഗമൂല-
മാകാരദാർഢ്യമിനിമേലിയലുന്നതിന്നും. (4)

പ്രേമംപെടും സ്വകജനങ്ങളെ വേർപിരിഞ്ഞും,
ശ്രീമദ്രസപ്രദവിനോദഭരംവെടിഞ്ഞും,
ത്തുമപ്പെട്ടും വിജനസത്മനി മൃഷ്ടമുണ്ടു
കേമത്തമാർന്നു നിവസിപ്പതിലാക്കു സൌഖ്യം? (5)

ചേതസ്സുഖം വിഭവഹീനതയിങ്കലും നൽ-
സ്വാതന്ത്ര്യമൂലമെഴുമേതൊരുജന്തുവിന്നും;
സാതപ്രദോപകരണങ്ങൾ ശതക്കണക്കിൽ
ഹാ! തങ്കിടട്ടെ പരതന്ത്രത ദുഃഖഹേതു. (6)

പ്രാണങ്ങളുള്ളവയിലിങ്ങനുപേക്ഷണീയ-
മാണ,ത്രയല്ലരിയജീവിതമെന്നതന്നെ
വേണം സ്വതന്ത്രതയെയോതിടുവാൻ; മഹത്തായ്-
കാണപ്പെടും ഗുണമിതുത്തമമദ്വിതീയം. (7)

"കായാഭ, ശബ്ദഗുണമെന്നിവ നിന്നിൽമാത്ര-
മായാസമേററിടുകയാണി"തി കീരമേ! നീ
പേയായ് ഭ്രമിക്കരുതു ജീവിതമേതുമാപൽ-
ഛായാവലംബി ദൃഢമിഗ്ഗുണസംഗമത്താൽ. (8)

നിന്നെക്കണക്കഴകുചേർന്ന വധൂടിവർഗ്ഗ-
ത്തിന്നെത്രമാത്രമഴലിബ്ഭുവനത്തിലുണ്ടായ്;
പിന്നെപ്പുമാനരിയൊരർജ്ജുനനും കദാചിൽ
വ്'ന്നെത്തിപോലിതുമുഖേന നപുംസകത്വം. (9)

ഇല്ലായിരുന്നു പടുഭാഷണശക്തി, നിന്നിൽ
ചൊല്ലാർന്നിടുന്ന തനുകാന്തിയുമെങ്കിലോ നീ
ഉല്ലാസമാർന്നു ഗഗനത്തിലുയർന്നു കൂട്ട-
രെല്ലാരുമൊത്തു വിഹരിച്ചിടുമായിരുന്നു. (10)

അതിമഹിമകലർന്നീടുന്നതാകും സ്വതന്ത്ര-
സ്ഥിതിയുടയസമൂലച്ഛേദമേകും ഗുണങ്ങൾ
ക്ഷിതിയിലഹിതമാകും; നൽസ്വതന്ത്രത്വമുണ്ടാ-
വതിനു പരനൊടർത്ഥിച്ചീടു നീ ശുദ്ധഭക്ത്യാ. (11)

# ബംഗാളിസാഹിത്യവും ടാഗോറും

(കെ. ആർ. സുധേശൻനായർ)

ആക്രമണകാരികളായി ഇൻഡ്യയിലെത്തിയപാശ്ചാത്യരാജ്യക്കാരിൽനിന്നു ഏററവും വിദൂരസ്ഥമെങ്കിലും അവരുടെ ആക്രമണത്തിനു സർവ്വഥാ പാത്രമായതും, ഏററവും ഫലസമൃദ്ധവും ജനനിബിഡവുമാണെങ്കിലും ദാരിദ്ര്യദേവതയുടെ കേളീരംഗമായി തീർന്നിരിക്കുന്നതും, ചരിത്രാരംഭകാലംമുതൽക്കേ വിമതന്മാരാൽ പീഡിതവും, എന്നാൽ രാഷ്ട്രീയത, സാഹിത്യശ്രമം തുടങ്ങിയ കാര്യങ്ങളിൽ മികച്ചുനിൽക്കുന്നതുമായ ഭാരതഹൃദയ — അഥവാ വംഗദേശത്തിന്റെ സാഹിത്യചരിത്രം ഗ്രഹിക്കുന്നതു്, ആകൃതിയിലും പ്രകൃതിയിലും ആ രാജ്യക്കാരോടു് സാദൃശ്യംവഹിക്കുന്ന കേരളീയർക്കു് രസകരമായിരിക്കുമെന്നു് വിശ്വസിക്കുന്നു. പ്രതാപികളും ധർമ്മിഷ്ഠന്മാരുമായിരുന്ന സമുദ്രഗുപ്തൻ, വിക്രമാദിത്യൻ തുടങ്ങിയ ഹൈന്ദവചക്രവർത്തിമാരുടെ കാലത്തു്, ഭാരതം മതൈക്യത്താലെന്നപോലെ, ഭാഷാപരമായ ഐക്യത്താലും ബദ്ധമായിരുന്നു അന്നത്തെ രാഷ്ട്രഭാഷയായി സംസ്കൃതം ഭാരതമൊട്ടുക്കു വിജയപതാക പറത്തിയിരുന്നു. പണ്ഡിതഭാഷയായ സംസ്കൃതവും സാമാന്യജനങ്ങളുടെ ഭാഷയായ പ്രാകൃതം, അപഭ്രംശം ഇവയും പൊതുഭാഷ എന്ന നിലയിൽനിന്നു മാറിയതോടുകൂടി ദേശഭേദമനുസരിച്ചു ഇവയ്ക്കു പല പിരിവുകളുമുണ്ടായി. ഇവയാണു് പിൽക്കാലം, ഹിന്ദി, മറാട്ടി, ബംഗാളി ഈ ഭാഷകൾക്കു് ആധാരമായിട്ടുള്ളതു്.

അതിപ്രാചീനകാലംമുതൽക്കേ ബംഗാൾ, ബുദ്ധജൈനമതങ്ങളുടെ ആവാസരംഗമായിത്തീർന്നു. നളന്ദവിശ്വവിദ്യാലയത്തിന്റെ അദ്ധ്യക്ഷനും, ബുദ്ധമതഗ്രന്ഥങ്ങൾ അന്വേഷിച്ചു ചൈനയിൽനിന്നു ദുർഗ്ഗമമാർഗ്ഗങ്ങൾ കടന്നു ഭാരതത്തിലെത്തിയ ഹിയൂൺസാംഗിന്റെ ഗുരുവര്യനുമായ ശീലഭദ്രൻ, ദീപങ്കർ മുതലായ ബുദ്ധമതപണ്ഡിതന്മാരുടെ വാസഭൂമിയും ബംഗാളായിരുന്നു. ജപ്പാൻ, കൊറിയ മുതലായ രാജ്യങ്ങളിൽ ബുദ്ധമതം പ്രചരിപ്പിച്ചതും ബംഗാളികളാണു്. ജപ്പാനിലെ ചില മതഗ്രന്ഥങ്ങൾ പതിനൊന്നാംശതകത്തിലെ ബംഗാളിലിപിയിൽ എഴുതപ്പെട്ടതു് ഇന്നും കാണാനുണ്ടു്. ഹിന്ദുമതത്തിൽനിന്നു് വേർപെട്ടതുപോലെ, ഭാഷയിൽനിന്നും വേർപെട്ടതോടുകൂടി, പ്രശസ്തന്മാരായ ബ്രാഹ്മണപണ്ഡിതന്മാരുടെ പരിഹാസത്തിനും, നിസ്സഹകരണത്തിനും ഈ ദേശം പാത്രമായിത്തീർന്നു. "അംഗവംഗകലിംഗേഷു' യാത്രചെയ്താൽ ഭ്രഷ്ടുണ്ടെന്നുപോലും കരുതപ്പെട്ടിരുന്നു. ഐതരേയാരണ്യകത്തിന്റെ ഭാഷ്യകാരനായ ആനന്ദതീർത്ഥൻ വംഗവാസികളെ രാക്ഷസന്മാരെന്നാണു് പ്രസ്താവിച്ചിരിക്കുന്നതു്.

ദേശത്തിനു് ഭ്രഷ്ടു കല്പിക്കപ്പെട്ടതുപോലെതന്നെ വംഗഭാഷയ്ക്കും ഭ്രഷ്ടു കല്പിച്ചിരുന്നു. വൈയാകരണനായ കൃഷ്ണപണ്ഡിതൻ "പൈശാചീപ്രാകൃത"മെന്നാണു് ബംഗാളിയെ വിളിച്ചിരുന്നതു്. പക്ഷെ ഇതെല്ലാം ബംഗാളിയുടെ നിർബ്ബാധമായ വളർച്ചയ്ക്കു അക്കാലത്തു സഹായകമായിത്തീർന്നു. എ ഡി. പത്താംശതകത്തിന്റെ അവസാനത്തോടുകൂടി ബൗദ്ധലേഖകന്മാർ ബംഗാളിയിൽ ഗ്രന്ഥരചന ആരംഭിച്ചു. ഇൻഡ്യയിലെ മറെറതെങ്കിലും ജീവൽഭാഷകളിൽ ഇക്കാലത്തു ഗ്രന്ഥങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണു് എന്നാൽ ചില ബംഗാളികളായ പണ്ഡിതന്മാർപോലും ആദ്യകാലത്തു ഭാഷയെ വെറുത്തിരുന്നു. സംസ്കൃതപണ്ഡിതന്മാർ "അഷ്ടാദശപുരാണാനി രാമസ്യചരിതാനി ച ഭാഷായാം മാനവഃ ശ്രുത്വാ രൗരവം നരകം വ്രജേത്" എന്നു പറയാനും മടിച്ചിരു

ന്നില്ല. ഇതുപോലെ മററും പല ഉദാഹരണങ്ങളുണ്ട്.

ഇപ്രകാരമുള്ള വംഗഭാഷയ്ക്കു പ്രചാരം വർദ്ധിച്ചതെങ്ങനെയാണെന്ന ഒരു പ്രശ്നമുണ്ടാകാം. 13-ാം ശതകത്തിന്റെ ആരംഭത്തിൽ ബംഗാൾ കൈവശപ്പെടുത്തിയ മുസൽമാന്മാർ ഈ ഭാഷ അഭ്യസിക്കയും ഇതിന്റെ പ്രചരണത്തിൽ ശ്രദ്ധിക്കയും ചെയ്തുതുടങ്ങി ഹിന്ദുമതഗ്രന്ഥങ്ങളുടെ മാഹാത്മ്യം നേരത്തേ ഗ്രഹിച്ചിരുന്ന അവക്ക് സംസ്കൃതം പഠിക്കുക ദുസ്സാധ്യമായിരുന്നതിനാൽ ബംഗാളിയിൽ പ്രസ്തുത ഗ്രന്ഥങ്ങൾ തർജ്ജിമ ചെയ്യുന്നതിന വേണ്ട പ്രോത്സാഹനം നൽകി. മുസ്ലിം രാജാവായ നാസിർഷായുടെ കാലത്തു മഹാഭാരതവും ഹുസൈൻഷായുടെ കാലത്തു മാലാധരവസുവിനാൽ ഭാഗവതവും എഴുതപ്പെട്ടു വംഗഭാഷയുടെ മാധുര്യംകൊണ്ട് പല മുസൽമാന്മാരും ബംഗാളിയിൽതന്നെ വൈഷ്ണ സ്തോത്രപരങ്ങളായി അനേകം കൃതികൾ നിർമ്മിച്ചിട്ടുണ്ട്. അനന്തരം ഹിന്ദുരാജാക്കന്മാരുടെ ശ്രദ്ധയ്ക്കും വംഗഭാഷ പാത്രമായി. എന്നാൽ പുരാതന വംഗഭാഷയ്ക്കും ആധുനികഭാഷയ്ക്കും തമ്മിൽ വളരെ അന്തരമുണ്ട്.

ആദ്യകാലത്തു ബ്രാഹ്മണരുടെയും സംസ്കൃത പണ്ഡിതന്മാരുടെയും പരിഹാസത്തിന പാത്രമായെങ്കിലും പിൽക്കാലത്തു്, ഹിന്ദുമതം വീണ്ടും അഭിവൃദ്ധി പ്രാപിച്ചതോടുകൂടി പൗരാണിക ഗ്രന്ഥങ്ങൾ ബംഗാളിയിൽ ധാരാളമായി തർജ്ജിമ ചെയ്യപ്പെടുകയും തദ്വാരാ അതു് വംഗദേശവാസികളുടെ പൊതുഭാഷയായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഇതോടുകൂടി സംസ്കൃതപദങ്ങളുടെ ബാഹുല്യവും ഭാഷയിൽ കടന്നുകൂടി. മുസൽമാന്മാരുമായുള്ള ബന്ധം സ്ഥാപിക്കപ്പെട്ടതിന്റെ ഫലമായി അനേകം അറബി പാർസിപദങ്ങളും ബംഗാളിയിൽ ഉപയോഗിക്കപ്പെട്ടുപോന്നു രാമാനുജാചാര്യർ വൈഷ്ണവഭക്തിമാർഗ്ഗം സ്ഥാപിക്കയും കൃഷ്ണഭക്തന്മാരായ അനേകം കവികൾ ഗ്രന്ഥനിർമ്മാണത്തിൽ ഏർപ്പെടുകയും ചെയ്തതോടുകൂടി വ്രജഭാഷ (ഹിന്ദി) യും ബംഗാളിയും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടായിത്തീൻ. വിദ്യാപതിയെ ഇരുകൂട്ടരും തങ്ങളുടെ ഭാഷയിലെ കവിയായി ഇപ്പോഴും ഗണിച്ചുപോരുന്നു. രാധാകൃഷ്ണന്മാരുടെ പ്രേമകഥ മധുരമായ ഭാഷയിൽ വർണ്ണിച്ചിട്ടുള്ള ചണ്ഡീദാസ്, വിദ്യാപതി ഇവരും, രാമായണമെഴുതിയ കൃത്തിവാസും, ബംഗാളിൽ ഗൃഹങ്ങൾതോറും പ്രചാരത്തിലിരിക്കുന്ന മഹാഭാരതമെഴുതിയ കാശീരാമദാസും ആ ഭാഷയിൽ അമരത്വം പ്രാപിച്ചവരാണ്.

വംഗദേശം, കച്ചവടത്തിനവന്ന ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനിക്കാക്ക് അധീനമായതോടുകൂടി, അനേകം ക്രിസ്തീയ പാതിരിമാരുടെ നിസ്സ്വാർത്ഥസേവനം അതിന ലഭിക്കുകയും തൽഫലമായി പാശ്ചാത്യരീതിയിൽ പാഠപുസ്തകങ്ങൾ, നിഘണ്ടുക്കൾ, ചരിത്രഗ്രന്ഥങ്ങൾ മുതലായവയും ബൈബിൾ തർജ്ജിമയും ബംഗാളിയിൽ എഴുതപ്പെടുകയും ചെയ്തു. പാതിരിമാരിൽ ഡാക്ടർ 'കേരേ'യുടെ നാമധേയം പ്രത്യേകം പ്രസ്താവ്യമാണ്. ആംഗലസാഹിത്യവുമായി ബന്ധപ്പെട്ടതോടുകൂടി ബംഗാളിക്കു പുരോഗമനോന്മുഖമായ വളർച്ചയും ഭാരതീയഭാഷകളിൽ അദ്വിതീയ സ്ഥാനവും ലഭ്യമായി. ഗദ്യസാഹിത്യത്തിന വികാസമുണ്ടായതു് ഈശ്വരചന്ദ്രവിദ്യാസാഗരന്റെ കാലത്തോടുകൂടിയാണ്. അദ്ദേഹത്താൽ പോഷിപ്പിക്കപ്പെട്ട ഗദ്യസാഹിത്യം പലരുടെയും ലാളനാപാത്രമാകയും തന്നിമിത്തം അനേകം നാടകങ്ങളും, ആഖ്യായികകളും, കഥാഗ്രന്ഥങ്ങളും എഴുതപ്പെടുകയും ചെയ്തു. നാടകകാരന്മാരിൽ ദ്വിജേന്ദ്രലാൽറായിയുടേയും ആഖ്യായികാകാരന്മാരിൽ ബങ്കിമചന്ദ്രചട്ടോപാധ്യായന്റെയും നാമധേയം ജഗൽപ്രസിദ്ധമാണല്ലോ. കവിവര്യനായ രവീന്ദ്രനാഥടാഗോറിനോടൊപ്പം അവരും വിശ്വസാഹിത്യകാരന്മാരായി ഗണിക്കപ്പെട്ടുപോരുന്നു.

വൈഷ്ണവഭക്തകവികളുടെ ലളിതമധുരവും ഭാവാവേശപൂർണ്ണവുമായ കാവ്യങ്ങൾ വംഗസാഹിത്യത്തെ വളരെ പോഷിപ്പിച്ചു. അവ യഥാർത്ഥത്തിൽ ഗംഭീരങ്ങളുമായിരുന്നു. എന്നാൽ ആധുനികകാലം എന്നു പറയപ്പെടുന്ന 19-ാം ശതകത്തിന്റെ ആരംഭത്തോടുകൂടി ബംഗാളി കവിത പുരോഗതിയില്ലാതെ നിലച്ചുപോയി. അന്നത്തെ കവികളുടെ ഗ്രന്ഥങ്ങൾ പുരാതന കാവ്യങ്ങളുടെ കേവലം അനുകരണമായി മാത്രം ശേഷിച്ചു. കവിതാവിഷയത്തിലുള്ള ദാരിദ്ര്യത്തെ

മറയ്ക്കാൻ അലങ്കാരപൂൎണ്ണമായ ഭാഷയും കൃത്രിമതയും ഉപയോഗിച്ചുപോന്നു. ഭാരതചന്ദ്രൻ, നവീനചന്ദ്രസേൻ, ഹേമചന്ദ്രൻ മുതലായ കവികൾക്കു് ആത്മാവിന്റെ ഗംഭീരതയെ പ്രദ്യോതിപ്പിക്കുന്ന കാവ്യങ്ങൾ നിൎമ്മിക്കാൻ കഴിഞ്ഞില്ല. ആത്മാവില്ലാതെ കേവലം അലങ്കാരപൂൎണ്ണമായ ഭാഷയിൽ ജഡപ്രദൎശനവസ്തുവായി മാത്രം ബംഗാളികവിത ശേഷിച്ചു. എന്നാൽ രവീന്ദ്രനാഥടാഗോറിന്റെയും അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനായ ദ്വിജേന്ദ്രനാഥടാഗോറിന്റെയും ആവിൎഭാവത്തോടുകൂടി വംഗസാഹിത്യം വീണ്ടും ഉജ്ജ്വലമായിത്തീൎന്നു.

ഗുരുദേവൻ ഒരു പുതിയ കാലഘട്ടവുംകൊണ്ടാണു സാഹിത്യരംഗത്തു പ്രത്യക്ഷനായതു്. സുദീൎഘമായ ജീവിതത്തിൽ തന്റെ സുന്ദരതൂലികയിൽനിന്നു പുറപ്പെട്ട കവിതാപ്രവാഹം വംഗസാഹിത്യത്തെ വളരെ ദൂരം ഒഴുക്കിക്കൊണ്ടുപോവുകയും അവസാനം വംഗസാഹിത്യമൊന്നാകെ ടാഗോറിന്റെ കവിതയ്ക്കു കീഴ്പെട്ടടങ്ങിവരികയും ചെയ്തു. ടാഗോറാകുന്ന പ്രതിഭാശാലിയായ കവിസൂൎയ്യൻ മററു കവികളാകുന്ന ഗ്രഹങ്ങളെയെല്ലാം നിഷ്പ്രഭങ്ങളാക്കുകയും, തന്റെ കേവലം ആശ്രിതന്മാരാക്കിത്തീൎക്കുകയും ചെയ്തു. ഇപ്രകാരം വംഗഭാഷയുടെ അരശതാബ്ദത്തെ ചരിത്രം അദ്ദേഹത്തിന്റെ കവിതയുടെമാത്രം ചരിത്രമായി ശോഭിക്കുന്നു. പക്ഷെ, അദ്ദേഹത്തിന്റെ വിശാലവും മനോഹരവുമായ കാവ്യസരണി വംഗദേശത്തിന്നോ ജീവിതത്തിന്നോ അല്ല അധികമായി പ്രതിനിധീഭവിക്കുന്നതു്. വിശ്വവ്യാപകമായ പ്രസ്തുത സരണി ദേശീയസീമകൾക്കുള്ളിൽ കുടുങ്ങാതെ, സാൎവ്വദേശികത്വവും, സാൎവ്വകാലികത്വവും പരിപൂൎണ്ണമായി പ്രകാശിപ്പിക്കുന്ന ജ്ഞാനമാൎഗ്ഗമോ, മോക്ഷമാൎഗ്ഗമോ ആയി പ്രശോഭിക്കുന്നു. ഇതുതന്നെയാണു അദ്ദേഹത്തെ വിശ്വവന്ദ്യനായ മഹാകവിയും ലോകബാന്ധവനുമാക്കിത്തീൎത്തതു്. അദ്ദേഹത്തെ ജനിപ്പിച്ചതും ആ മഹാത്മാവിന്റെ കവിതയ്ക്കു ആധാരമായതുമാണു് വംഗദേശത്തിനും ഭാഷയ്ക്കുമുള്ള മേന്മ. പരിപാവനമായ തന്റെ ജീവിതം ആ ഭാഷയേയും അനശ്വരമാക്കിത്തീൎത്തു.

ടാഗോർ ഉന്നതകുലത്തിൽ ജനിക്കുകയും, അനുഭവത്തേക്കാൾ അധ്യയനംകൊണ്ടും ധ്യാനംകൊണ്ടും വിദ്വാനായിത്തീരുകയുമാണു് ചെയ്തതു്. ഇതുകൊണ്ടാണു്, ജനതാഹൃദയത്തെ, അദ്ദേഹത്തിനു ശരിക്കു ഗ്രഹിക്കാൻ സാധിക്കാതെപോയതു് എന്നിരുന്നാലും തന്റെ നിസ്തുലമായ പ്രതിഭാശക്തിയാൽ അദ്ദേഹത്തിനു മാനവഹൃദയങ്ങളിൽ ഐക്യഭാവം സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ടു്. "സ്വൎഗ്ഹതേ ബിദായ്," എന്ന കവിതയിൽ അദ്ദേഹം ബംഗാളിന്റെ നിസ്സ്വാൎത്ഥപൂജയുടെയും, പ്രേമത്തിന്റെയും ആനന്ദത്തെ വൎണ്ണിച്ചിട്ടുണ്ടു്. "ദുയി വിഘാ ജമി" എന്ന കവിതയിൽ ബംഗാളിലെ പീഡിതരായ കർഷകരുടെ സങ്കടവും, "പുരാതനഭൃത്യ്," "കേഷ്ടാബേട്ടായ്ചേർ" എന്ന കവിതകളിൽ സേവകന്മാരുടെ ജീവിതത്തിലെ വ്യഥയും വേണ്ടിടത്തോളം പ്രത്യക്ഷമാക്കാൻ സാധിച്ചു.

അവിശ്വാസം സന്ദേഹം, അനിശ്ചിതത്വം മുതലായവ ഭാരതം ഒട്ടാകെ വരുത്തിവച്ച പത്തൊൻപതും ഇരുപതും ശതാബ്ദങ്ങളെ ചിത്രീകരിക്കത്തക്കതായി ഗുരുദേവന്റെ കൃതികളിൽ വളരെ കുറച്ചുഭാഗങ്ങൾമാത്രമേ ഉള്ളു. തന്നിമിത്തം തന്റെ കാലത്തെ പ്രതിനിധീകരിക്കാതെ, അക്കാലംവരെ വംഗസാഹിത്യത്തിൽ അജ്ഞാതവും സനാതനവുമായ ഉപനിഷത്കാലത്തിന്നാണു് അദ്ദേഹം പ്രതിനിധീഭവിക്കുന്നതു്. ആകയാൽ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ശരിക്കു വായിച്ചു ഗ്രഹിക്കുന്നതിനു് പരിശുദ്ധമായ ഹൃദയവും കവിയോടു അകൈതവമായ ഭക്തിയും പ്രകടമാക്കാതെ സാദ്ധ്യമല്ല. അതിലേയ്ക്കു നമ്മളും ഗുരുദേവനെപ്പോലെ ആദ്ധ്യാത്മികതയുടെ ഉന്നതശൃംഗങ്ങളിൽ എത്തിയിരിക്കുകയും, ആ ധാരയെ ആശ്രയിക്കുകയും വേണ്ടതാണു്. പ്രകൃതിയുടെ സനാതനവും ശുദ്ധവുമായ സൌന്ദൎയ്യത്തെ മാത്രമേ ആ തൂലിക ചിത്രീകരിക്കുന്നുള്ളു. ഗുരുദേവന്റെ യാതൊരു ഗ്രന്ഥങ്ങളിലും വിചിത്രമായ പദപ്രയോഗമോ, ദുർഗ്രഹമായ വാക്കുകളോ ഇല്ല. പക്ഷേ വായനക്കാൎക്കു് അതിലെ വാക്യങ്ങൾ സുഗ്രഹങ്ങളല്ലെന്നേയുള്ളു. ഇതിന്റെ കാരണം ഗുരുദേവൻ, കവിയെക്കാളും ഒരു ദൎശനശാസ്ത്രകാരൻ ആണെന്നുള്ളതാണു്. ഹൃദയത്തിലെ വികാരങ്ങൾക്കു പകരം ആ കവിതകളിൽ ദാൎശനികസിദ്ധാന്തങ്ങളാണു് നിറഞ്ഞിരിക്കുന്നതു്. (ഉദാഹരണം തെളിയിക്കുന്നതുവരെ ഈ സിദ്ധാന്തം കിഞ്ചിജ്ജ്ഞരായ മാളുകൾക്കു് തികച്ചും സ്വീകരിക്കുവാൻ ധൈൎയ്യം വരുന്നില്ല. ടാ. പ)

ടാഗോറിൻെറ ആരംഭകവിതകളായ "പുരാതനഭൃത്യ, യേതേനാഹി ദിബ്''തുടങ്ങിയ കവിതകൾ ആക്കം സുഗ്രഹംതന്നെ. പക്ഷേ, അദ്ദേഹത്തിൻെറ ആത്മാവു വികാസവും വളർച്ചയും കൊണ്ടു പൂർണ്ണത പ്രാപിച്ചതോടുകൂടി അതു സർവ്വലോകത്തിലും സർവ്വകാലങ്ങളിലുമുള്ള ആത്മാക്കളുമായി ഇടപെടുകയും തന്നിമിത്തം ആ തൂലിക - ഗുരുദേവൻെറഭാഷയിൽ പറഞ്ഞാൽ—മാനവാത്മാക്കളിലെ അനന്തമായ ആ ലോകത്തെ കടലാസ്സാകുന്ന കാരാഗൃഹത്തിൽ കറുത്ത അക്ഷരങ്ങളാകുന്ന ശൃംഖലകൊണ്ടു ബന്ധിച്ചിടുകയും ചെയ്തു ഇപ്രകാരം അദ്ദേഹത്തിൻെറ കൃതികൾ ആകാശംപോലെ അനന്തത പ്രാപിക്കയും, കേവലം ഭക്തന്മാൎക്കു അഭീഷ്ടപ്രദമായി ശോഭിക്കുകയുംചെയ്യുന്നു. നോബൽസമ്മാനത്തിനു അൎഹമായ 'ഗീതാഞ്ജലി' മഹാഭാരതത്തിനുശേഷം കൎമ്മയോഗത്തെ ഉപദേശിക്കുന്ന അമൂല്യ കാവ്യഗ്രന്ഥമായി എന്നെന്നും പ്രശോഭിക്കുമെന്നുചെയ്യും "വൈരാഗ്യസാധനേ മുക്തിസേ ആമാർ നയ്" (വൈരാഗ്യസാധനകളാൽ ലഭിക്കുന്ന മുക്തി എൻെറതല്ല) എന്നാണു അതിൽ പ്രസ്താവിച്ചിരിക്കുന്നതു്. ആ മഹാത്മാവിൻെറ അനന്തമായ കൃതികളെക്കുറിച്ചു ഇനി ഒരു ലേഖനത്തിൽ പ്രസ്താവിച്ചുകൊള്ളാം.

---

---

ആകാശം തെരുതെരെ കണ്ണീർ വാൎക്കുന്നു; ഇടയ്ക്കിടെ സ്വന്തദേഹം വലിച്ചുകീറുന്നു, പ്രപഞ്ചം നടുങ്ങുമാറു്, അലറി മുറയിടുന്നു. എന്തിനെന്നാൎക്കറിയാം? കവി എളുപ്പത്തിൽ കണ്ടുപിടിച്ചു! നിൎക്കമിളയോടുള്ള ആകൃതിസാമ്യം; അതാണത്രേ കാരണം! എന്നിട്ടു തിരിഞ്ഞുനിന്നയാൾ പറയുന്നു. ഈ നിൎക്കമിളകളോരോന്നും ആകാശത്തോടുള്ള ആകൃതിസാമ്യത്തിൽ ലജ്ജിച്ചു് സ്വശരീരത്തെ ശൂന്യതയിലേയ്ക്കു വലിച്ചെറിയുന്നവെന്നു്! ഒരാത്മാൎത്ഥതയില്ലാത്ത കവി!

*　　　*　　　*

ചീവീടൊച്ചയിൽ സങ്കടം ബോധിപ്പിക്കുന്ന ഭീരുവായ രാത്രി, സൂൎയ്യനെ മൎയ്യാദ പഠിപ്പിച്ചേയ്ക്കാമെന്നു മൂളിയുറപ്പിക്കുന്ന മൂങ്ങകളിൽ ധൈൎയ്യം കണ്ടു!

*　　　*　　　*

ഉറക്കത്തിൻെറ ഏടുകൾ ഞാൻ ഒട്ടധികം വായിച്ചുതള്ളി. മരണത്തിൻെറ കഥകൾ അതിൽ മനോഹരമായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു!

*　　　*　　　*

പുല്ലുകൾ സംഘംചേൎന്നാലും ഒററയ്ക്കു നിൽക്കുന്ന വൃക്ഷത്തോടെന്തു ചെയ്യും? അപ്പോഴും എരിവെയിലിൽ നിന്നവയെ കാത്തുകൊള്ളുന്നതാരാണു്!

# ഹൃദയപൂജ.

(ജി. കുമാരപിള്ള ബി. എ.)

സ്വപ്നോത്സവങ്ങളിൽ മിന്നിമായുന്നൊരു
സ്വർല്ലോകകന്യതന്നോമനച്ഛായപോൽ
മന്ദസ്മിതാമൃതധാരാലഹരിയിൽ
മന്മാനസത്തെച്ചലിപ്പിച്ചുകൊണ്ടിദം
എന്നെന്നുമേതോ നിരഘാനുഭൂതിയാ-
യെന്മുന്നിലൂടെക്കടന്നുപോകുന്നു നീ.

നിർമ്മായമാമൊരു നിർവൃതിയോലുമീ
നിന്നാഗമോത്സവവേളകളൊക്കെയും
ഏകുന്നിതെന്നുമെന്നേകാന്തചിന്തകൾ-
ക്കേതോ നവീനമാം ചൈതന്യലബ്ധികൾ
അവ്യക്തമായമദ്ഭാവനയ്ക്കേകുന്ന-
തവ്യയമാമൊരു കാവ്യപ്രഭാങ്കുരം
നിൻകവിൾത്തട്ടിലെച്ചെമ്പനീർപ്പൂനിറം
തങ്കിയിമ്മട്ടിൽത്തുടുത്തിതെൻ ചിന്തകൾ
നിന്നപാംഗത്തിലെ വിദ്യുല്ലതാങ്കുരം
ചിന്നിപ്പൊടിഞ്ഞു മിനുത്തിതെന്നാശകൾ
പൊട്ടിച്ചിരിക്കുമവ നിന്നിൽനിന്നങ്ങിങ്ങു
തെററിത്തെറിക്കുന്നൊരോമൽക്കളകളം
മജ്ജീവനാളത്തിലോളംതുളുമ്പുന്ന-
തുജ്ജ്വലമാമൊരു മൌനസംഗീതമായ്
അങ്ങങ്ങുദൂരെസ്സമാകർഷകോജ്ജ്വല-
ഭംഗിതിങ്ങുന്ന നിന്നോമൽക്കലാലയം
മിന്നുന്നിതിന്നു ഞാനാരചിക്കുന്നൊരു
സുന്ദരസങ്കല്പസങ്കേതസത്മമായ്.

എന്നാലുമാരു നീയെന്നറിഞ്ഞീടുവാ-
നിന്നോളമുണ്ടായതില്ലൊരുൽകണ്ഠയും
നിന്നിൽനിന്നെങ്ങും പരിസ്ഫുരിക്കുന്നൊരീ
നിൻനവയൌവനലാവണ്യധാരയിൽ
എന്നെന്നുമേവം നിമഗ്നനായീടണ-
മെന്നൊന്നുമാത്രം കൊതിപ്പു ഞാനെപ്പൊഴും
ജാതാനുമോദമാ നിർവൃതിക്കായിമ-
ജ്ജാലകത്തിങ്കൽ തനിച്ചിരിക്കുന്നു ഞാൻ
മദ്ഗലസ്നേഹാങ്കുരോല്ലസത്സൌരഭം
തിങ്ങിത്തുളുമ്പുന്ന സൌഹൃദാശംസകൾ
നിന്മുന്നലോമലേ നീപോലുമോരാതെ
നിത്യവുമേവം ചൊരിഞ്ഞുകൊള്ളട്ടെ ഞാൻ.

# കരുണയിലെ തോഴിമാർ

(പി ദാമോദരൻപിള്ള, ബി. എ.)

എണ്ണത്തിൽ ചുരുങ്ങിയ പ്രധാന പാത്രങ്ങൾക്കെല്ലാം ഏതെങ്കിലും തരത്തിൽ ഒട്ടും ചില്ലറയല്ലാത്ത അപാകങ്ങൾ പററിപ്പോയിരിക്കുന്ന "കരുണ"യിലെ അവ്യക്തസുന്ദരങ്ങളായ രണ്ടു പാത്രങ്ങളാണു് കഥാനായികയായ "വാസവദത്ത"യുടെ തോഴിമാർ. കവിയുടെ വർണ്ണനാഭ്രമം അവരെ അപാകപ്പെടുത്തിയിട്ടില്ല. അവ്യക്തതയിൽപോലും അവക്കു ഏററവും വ്യക്തമായ സ്വഭാവവിശേഷങ്ങളാണുള്ളതു്. ഒരു പക്ഷേ ഇവരിൽ ഒരു തോഴി ഏതാണ്ടു് അന്യാദൃശമായ സ്വഭാവമധുരിമയാൽ അവസാനരംഗത്തിൽ നമ്മുടെ ശ്രദ്ധയെ നായികയിൽനിന്നു അകററി തന്നിലേയ്ക്കു ആകർഷിക്കുന്നില്ലേ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.

അവസാനരംഗത്തിൽ കാണുന്ന അതേ തോഴിയെത്തന്നെയാണു കാവ്യാരംഭത്തിലും നാം കാണുന്നതു്. ഇതിനു് ആശാൻ പ്രതിജ്ഞാപൂർവ്വകമായ തെളിവൊന്നും നൾകുന്നില്ലെങ്കിലും ഉള്ളതെളിവുകൾ അസന്ദിഗ്ദ്ധങ്ങളാണെന്നുള്ളതിൽ തർക്കമില്ല. ഒന്നാമതായി, ആ തോഴി നായികയുടെ അന്തേവാസിനിയായി അവളെ രാമച്ചവിശറികൊണ്ടു വീശുന്നതായിട്ടാണു് അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു്. ഒടുവിൽ ചുടുകാട്ടിലും ഒരു തോഴി നായികയെ വീശിക്കൊണ്ടു തന്നെയിരിക്കുന്നു. ഇത്തവണ വീശാൻ ഉപയോഗിക്കുന്നതു് രംഗവ്യത്യാസത്തിനു് അനുസരണമായ അരയാൽചില്ലയാണെന്നൊരുഭേദമേയുള്ളു. നായികയുടെ പ്രതാപത്തിലും, എല്ലാവരും ഉപേക്ഷിക്കത്തക്ക ആപത്തിലും ഒന്നുപോലെ അവളുടെ അടുത്തിരുന്നു ശുശ്രൂഷിക്കുന്നതു് ഒരാൾതന്നെയായിരിക്കണമെന്നു പെട്ടെന്നു നമ്മുടെ ഉള്ളിലുണ്ടായിപ്പോകുന്ന ഒരു തോന്നൽ തടുക്കാൻവയ്യാത്തതായിത്തീരുന്നു.

രാമച്ചവിശറികൊണ്ടു വീശുന്ന തോഴി വാസ്തവത്തിൽ നായികയുടെ ഉററസഹചാരിണിതന്നെയായിരുന്നിരിക്കണം. അതിനു കാരണം എല്ലാററിലും സ്വാമിനിയുടെ ഹിതംതന്നെ സ്വന്തഹിതമായിക്കരുതി എത്രയും ഹൃദ്യമായും, വിശ്വസ്തതയോടുകൂടിയും സേവിക്കാനുള്ള അവളുടെ മനഃസ്ഥിതിയും ഹൃദയഗുണവുമാണു്. ഇംഗിതജ്ഞയും, ഹിതാനുവർത്തിനിയുമായ ആ തോഴിയെപ്പിരിഞ്ഞിരിക്കാൻ വാസവദത്തയ്ക്കോ, സ്വശുശ്രൂഷാവലംബിനിയായ വാസവദത്തയെ പിരിഞ്ഞിരിക്കാൻ തോഴിയ്ക്കോ മനസ്സുണ്ടായിരുന്നിരിക്കാനിടയില്ല. വാസവദത്ത കുലനയവിരുദ്ധമായി ഉപഗുപ്താഭിമുഖമായ പ്രണയംപുലർത്തുന്നതായി തോന്നുന്ന ഘട്ടത്തിൽപോലും അവൾക്കു് അതിനെതിരായി യാതൊന്നും ഉരിയാടാനില്ല. നേരേമറിച്ചു് ഉപഗുപ്തന്റെ മറുപടിയുമായി വന്നെത്തിയ ദൂതി ആ പ്രണയത്തെ തലവിലങ്ങനെയാട്ടി തിരസ്കരിക്കുകയും, അതിനെ ഒരു വെറും ചാപലമായിപ്പോലും എണ്ണുകയും ചെയ്യുന്നു. ദൂതിയുടെ സ്വഭാവം ആദ്യതോഴിയുടേതിൽനിന്നു് അത്യന്തം ഭിന്ന

മാണു്. അവൾ നായികയുടെ ഇഷ്ടത്തെ അത്ര ഗണിക്കുന്നില്ലെന്നുതന്നെയല്ല, അതിനെപ്പററി ഹസിക്കാൻ തയാറാകുകകൂടി ചെയ്യുന്നു. ഇതൊന്നും ആദ്യതോഴിയിൽ നമുക്കു പ്രതീക്ഷിക്കാവുന്നതല്ലെന്നു തീർത്തു പറയാം.

രണ്ടാമത്തെ തോഴിയെ അഥവാ ദൂതിയെ കാര്യവിവേകമുള്ള "ചതുര"യായിട്ടാണു് ആശാനും, നായികയും ഗണിച്ചിരുന്നതു്. കാമുകരെത്തേടിപ്പോകാൻ നായിക അവളെത്തന്നെ സാധാരണയായി നിയോഗിച്ചിരിക്കണമെന്നുള്ളതിനെപ്പററി സംശയിക്കാനില്ല. "എനിക്കുസന്ദേഹമില്ല...... നീയും ചതുരയല്ലോ" എന്നുള്ള വാസവദത്തയുടെ ഉൽക്കണ്ഠാകുലമെങ്കിലും നിശ്ചയാത്മകമായ വാക്കുകൾ ഇതിനു മതിയായ തെളിവാണു്. എന്തെന്നാൽ പലപ്പോഴും തനിക്കു് അനുഭവപ്പെട്ട ചാതുര്യമാണു് വാസവദത്ത ഇവിടെ സൂചിപ്പിക്കുന്നതെന്നു് പറയേണ്ടതില്ല. എന്നാൽ ആദ്യതോഴിക്കു് ഈമാതിരി "ചാതുര്യ"മില്ല. അവൾ സ്വതേ ശാലീനപ്രകൃതിയാണു്. ദൂതിയുടെ ചാതുര്യം ചിലപ്പോൾ സ്വാമിനീവിമർശനത്തിനുപോലും അവളെ ഉദ്യുക്തയാക്കുന്നു. തന്നിമിത്തം അവൾക്കു് വിമർശനകൗതുകമോ, അതിനുള്ള സാമർത്ഥ്യമോ ഇല്ലാത്ത ആദ്യതോഴിയെപ്പോലെ നായികയുടെ സാമീപ്യം അത്രതന്നെ ലഭിക്കുന്നുമില്ല. ഒരുപക്ഷേ അവളെ ഒരു "അതിസാമർത്ഥ്യക്കാരി" എന്നു വിളിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു. അങ്ങനെയുള്ളവരെ അടുക്കൽവച്ചേക്കാതെ അധികം സാമർത്ഥ്യം ആവശ്യമുള്ള കൃത്യങ്ങൾ നിർവ്വഹിക്കാൻ അയയ്ക്കുന്നതു സ്വാഭാവികവുമാണു്.

ആദ്യതോഴിയും നായികയും തമ്മിലുള്ള ചേർച്ചയും ഇണക്കവും ദൂതിയും നായികയുമായി ഇല്ലായിരുന്നു എന്നു് ആശാന്റെ ചില വാക്കുകൾതന്നെ തെളിയിക്കുന്നു. എന്തെന്നാൽ ചെട്ടിയാർ അതിഥിയായി വന്നുകൂടിയ അവസരത്തിൽ അയാളെ ഉപചരിക്കുവാൻ വീണ്ടും ദൂതിതന്നെയാണു നായികയെ വിട്ടുപിരിയുന്നതെന്നിരിക്കെ, അപ്പോഴും നായികയുടെകൂടെ നിഴലെന്നപോലെ പോകുന്നതു് ആദ്യതോഴിയാണു്. "പരിഛദമൊക്കെയേന്തിപ്പുറകേനടന്നുചെല്ലും പരിചാരികയാകുമന്നിഴലുമായി" എന്നാണു് കവി ഈ ഘട്ടത്തിൽ പറയുന്നതു്. അതേ, ആ പരിചാരിക ഒരിക്കലും നായികയെ വിട്ടുപിരിയുകയില്ല. അവർക്കിരുവർക്കും ആ വേർപാടു് ഹൃദയഭേദകമായിട്ടേ ഇരിക്കൂ. എന്നാൽ, ദൂതി ഉപഗുപ്തസമീപത്തിൽനിന്നു തിരിച്ചെത്തുമ്പോൾ കവി എന്തുപറയുന്നു എന്നുകൂടി ശ്രദ്ധിക്കുക. "വേറൊരുനളിനാക്ഷി,നടന്നിതാ നടയിലായി"പോലും. അവളും ആദ്യതോഴിയെപ്പോലെ നളിനാക്ഷിതന്നെയാണു്. അവളുടെ കൈവളയും "ഓമൽക്കൈവള"യാണെന്നു പറയാൻ അദ്ദേഹത്തിനു യാതൊരുമടിയുംതോന്നേണ്ട ആവശ്യമില്ലാത്തതരത്തിൽ സുന്ദരിതന്നെ എന്നുസാരം. പക്ഷേ അവൾ ആദ്യതോഴിയെപ്പോലെ നായികയെ വിട്ടുപിരിയാത്ത "നിഴൽ"അല്ല, വെറും "വേറൊരു"വൾ മാത്രമാകുന്നു. അഥവാ, കാവ്യത്തിലും, നായികയുടെ ദൃഷ്ടിയിലും, കവിയുടെ ഭാവനയിലും അവൾ നായികയിൽനിന്നു് ആദ്യതോഴിയേക്കാൾ വിദൂരയും വിഭിന്നയുമാണു്.

നായികയുടെ നിതാന്തസഹചാരിണിയായി, അവളുടെ നിഴലെന്നപോലെ എപ്പോഴും വർത്തിക്കുന്ന ആദ്യതോഴി ചുടുകാട്ടിലും അവളെ അനുഗമിച്ചെന്നു വിചാരിക്കുന്നതു് ഒട്ടും അനുചിതമല്ല. തനിക്കേററവും പ്രിയപ്പെട്ട നായിക അവസാനമായി വേർപെടാൻ പോകുന്നുഎന്നറിഞ്ഞു ദുർവാരമായ വ്യഥയാൽ വാവിട്ടു വിളിച്ചുകേഴുന്ന അവളെ "ഒരുവിധം" പറഞ്ഞയയ്ക്കുകയാണു് ഉപഗുപ്തൻ ചെയ്യുന്നതു്. ഒരുപക്ഷേ

ഉപഗുപ്തനില്ലായിരുന്നെങ്കിൽ അവൾ ആ അവസ്ഥയിലും സ്വസ്വാമിനിയെ വേർപിരിയുമായിരുന്നില്ലെന്നുപോലും തോന്നിപ്പോകുന്നു. നേരേമറിച്ച്, ആദ്യരംഗത്തിൽ രണ്ടാമതായി നാം കണ്ട ചതുരയായ ദൂതി ഇപ്പോൾ എവിടെ? അവളെ കവിയും, വാസവദത്തയും ആരുംതന്നെ സ്മരിക്കുന്നുപോലുമില്ല. എന്തെന്നാൽ അന്നേ "വേറൊരു"വൾമാത്രമായിരുന്ന അവൾ അന്തിമമുഹൂർത്തത്തിൽ അതിലേറെ അകന്നുകഴിഞ്ഞു. അവിടേയും അവൾ അവളുടെ സ്വതസ്സിദ്ധമായ ആ "ചാതുര്യം" പ്രകടിപ്പിച്ചതിൽ അത്ഭുതമെന്തുള്ളു? മറെറാരു തരത്തിൽ പറയുകയാണെങ്കിൽ, വാസവദത്തയെ പോലീസുകാർ പിടികൂടുമെന്ന ദിക്കായപ്പോൾതന്നെ അവൾ മററു പല തോഴിമാരോടൊപ്പം നെട്ടംകമ്പി നീട്ടിയിരിക്കണം.

വാസവദത്തയ്ക്കു് അത്രയേറെ തോഴിമാരുണ്ടായിരുന്നോഎന്നൊരു ചോദ്യം ഇവിടെ ഉത്ഭവിക്കുന്നു. ഉണ്ടായിരുന്നിരിക്കണം. മേൽ പറഞ്ഞ രണ്ടുപേർമാത്രമേ അവരിൽ പ്രാധാന്യം കല്പിക്കാമായിരുന്നുള്ളു. കാളിദാസന്റെ ശകുന്തളയ്ക്കു തോഴിമാർ രണ്ടുപേർമാത്രമായിരുന്നുഎന്നു പറഞ്ഞാൽ അതിനെപ്പററി നമുക്കു അവിശ്വാസം തോന്നുകയില്ല. എന്നാൽ വാസവദത്തയുടെ കഥ അതല്ല. അവൾക്കു തോഴിമാരും ഉപതോഴിമാരും മററുമായി ഒരു നൂറുപേർ ഉണ്ടായിരുന്നാൽപോലും അതിൽ ആശ്ചര്യമില്ലെന്നേ തോന്നുകയുള്ളു. അങ്ങനെയിരിക്കെ ചുടുകാട്ടിൽ നായികയുടെ ചരമവേളയിൽ ആദ്യതോഴിമാത്രം അന്തിമപരിചര്യകൾക്കായി എന്തുകൊണ്ടു വന്നെത്തി? ഈ ചോദ്യത്തിനു സമാധാനമായി വല്ല സൂചനയും കാവ്യത്തിൽ കാണ്മാനുണ്ടോ?

നായികയുടെ "പുറകെ നടന്നുചെല്ലും" എന്നും, "പരിചാരികയാകുമന്നിഴൽ"എന്നും പറഞ്ഞപ്പോൾതന്നെ അവൾ ചുടുകാട്ടിൽവച്ചുപോലും നായികയെ വിട്ടുപിരിയുന്നവളല്ലഎന്നു് ഊഹിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടു്. അത്രതന്നെയുമല്ല, "നിയതം സ്നേഹയോഗ്യ"യാണു് നായികയെന്നു മനസ്സിലാക്കാൻ ഉപഗുപ്തൻ ആശ്രയിക്കുന്ന തെളിവു പരിജനം അവളെ വിട്ടുപിരിയുന്നില്ലെന്നുള്ളതാണു്. അത്ര സംസ്കാരമില്ലാത്ത സാധാരണ മനുഷ്യരേപ്പോലെ മറെറല്ലാ തോഴിമാരും അവരോടൊത്തു രണ്ടാമത്തെ തോഴി (ദൂതി) യും ആപൽഘട്ടത്തിൽ നായികയെ വിട്ടുപിരിഞ്ഞുഎന്നാണു് കാവ്യത്തിൽനിന്നു പൊതുവേ മനസ്സിലാകുന്നതു്. അങ്ങനെയാണെങ്കിൽ ഉപഗുപ്തന്റെ അനുമാനം അത്ര ശരിയായില്ലെന്നു കാണാവുന്നതാണു്. എന്തെന്നാൽ തോഴിയുടെ അന്തിമശുശ്രൂഷകൾക്കു കാരണം അയാൾ കരുതുംപോലെ നായികയുടെ സ്നേഹയോഗ്യതയായിരുന്നെങ്കിൽ തീച്ചയായും ദൂതിയായി കാണപ്പെട്ട തോഴിയും എണ്ണമററ മററു തോഴിമാരിൽ കുറേപ്പേരുംകൂടി ചുടുകാട്ടിൽ ഉണ്ടായിരിക്കുമായിരുന്നു. നേരേമറിച്ച്, ആ അദ്ധ്യാത്മവിദ്യാലയത്തെപ്പററി കേട്ടപ്പോൾതന്നെ അവരെല്ലാം പിരിഞ്ഞു. ആദ്യതോഴിമാത്രം ശേഷിച്ചു. എന്തുതന്നെയായാലും സ്വാമിനിയെ വിട്ടുപിരിയാത്ത അവളെ നാം അവിടെ കാണുകയുംചെയ്യുന്നു. ഇതിനു കാരണം സ്വാമിനിയുടെ സ്നേഹയോഗ്യതയല്ല, ആ തോഴിയുടെ ഹൃദയഗുണമാണു്. മററു തോഴിമാരുടെ അചഞ്ചലമായ സ്നേഹം നേടാൻ വാസവദത്തയ്ക്കു് കഴിഞ്ഞിരുന്നില്ല. ഉപഗുപ്തൻ ഇതിനെ എങ്ങനെ തെററിദ്ധരിച്ചുഎന്നുള്ളതാണു് അത്ഭുതം. ഒരു വേശ്യയുടെ തോഴിമാക്കു അവളിൽനിന്നു പല ഗുണങ്ങളും ലഭിക്കുന്നതു് സ്വതേ അവളുടെ മനോഗുണംകൊണ്ടായിരിക്കയില്ല. അവരെ തൃപ്തിപ്പെടുത്തി രക്ഷിക്കേണ്ടതു അവളുടെമാത്രം ആവശ്യമാണു. നല്ല സം

സ്സാരമില്ലാത്തവർ ഈ പ്രതിഫലത്തെ അടിസ്ഥാനമാക്കി ചുട്ടകാട്ടവരെ തങ്ങളുടെ സ്വാമിനിയെ അനുഗമിക്കാത്തതിൽഅൽഭുതമില്ല. എന്നാൽ ഒരുവരം അതിനുപോലും തയാറാകുമ്പോരം അവളുടെ മനോഗുണത്തെയാണ് പ്രശംസിക്കേണ്ടതു എന്നാരും സമ്മതിക്കും. അതിനു പകരം നായികയിൽ ആ ഗുണം ആരോപിച്ച ഉപഗുപ്തൻ എങ്ങനെ വിവേകിയാകുംഎന്നാണറിവില്ലാത്തതു്.

വാസ്തവത്തിൽ ഉപഗുപ്തന്റെ പ്രശംസ അർഹിക്കുന്നതു് നായികയേക്കാരം കൂട്ടതലായി തോഴിതന്നെയാണെന്നു് അയാരംക്കും ബോധപ്പെടാനുള്ള സൗകര്യം ആശാൻനാം കന്നുണ്ടു്. "ഭകണ്ഠഴലുമത്തോഴിതന്നെ" ഉപഗുപ്തനൊരുവിധം പറഞ്ഞയയ്ക്കേണ്ടിവന്നു എന്നാണു് അദ്ദേഹം പറയുന്നതു്. ഒടുവിൽ കാവ്യം അവസാനിക്കുമ്പോരം വാസവദത്തയ്ക്കു മോക്ഷം കിട്ടിയാലും ഇല്ലെങ്കിലും, "കഷ്ടം, ആ തോഴിയുടെ സ്നേഹം!" എന്നിങ്ങനെ ഒഴിയാത്ത ചിന്ത നമ്മെ ബാധിക്കുന്നതായിട്ടാണു് അനുഭവം. അഥവാ, വാസവദത്തയുടെ നിർവാണത്തിൽ ഏകാഗ്രചരണരായി പുസ്തകം അടയ്ക്കേണ്ട വായനക്കാരുടെ ശ്രദ്ധ തോഴിയുടെ ശോകമയമായ അവസ്ഥയിലേയ്ക്കു ബലമായി ആകർഷിക്കപ്പെടുന്നു. ശോകത്തിനുതന്നെ നമ്മുടെ മനസ്സിനെ ആകർഷിക്കാൻ ഒരു പ്രത്യേക ശക്തിയുണ്ടു്. പോരെങ്കിൽ യഥാർത്ഥമായ സഹതാപം അർഹിക്കുന്ന ഒരു കഥാപാത്രത്തിന്റെ കാര്യത്തിൽ അതു് ബഹുഗുണമായി പ്രവർത്തിക്കയും ചെയ്യുന്നു. ഇതാണു് "കരുണ"യിൽ സംഭവിച്ചിരിക്കുന്നതു്.

ചുരുക്കത്തിൽ "കരുണ"യിലെ തോഴിമാർക്കു രണ്ടുപേർക്കും അവരുടെ അവ്യക്തതയിൽതന്നെ സ്പഷ്ടദൃഷ്ടമായ വ്യക്തിത്വമാണുള്ളതു്. ഒരുപക്ഷെ, ആശാൻ ഈ രണ്ടു കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ അത്യധികം വിജയംനേടിയിട്ടുണ്ടെന്നു തോന്നുന്നു. ഒരുവളുടെ ഒതുങ്ങിയ പ്രകൃതവും, നായികാഭക്തിയും, സേവനൈകതാനതയും അത്യന്തം നിസ്സ്വാർത്ഥവും ശുദ്ധവുമാണെങ്കിൽ മറ്റവളുടെ ചതുരതയും, കാര്യജ്ഞാനവും, വിമർശനകൗതുകവും ഒട്ടും ചില്ലറയല്ല. ഒരുവളെപ്പറ്റി വായനക്കാർക്കു സ്നേഹവും, അനുതാപവും തോന്നുമ്പോരം മറ്റവളെപ്പറ്റി മതിപ്പും, ഒരുപക്ഷെ ഒരു ചെറിയ ശങ്കയും തോന്നിപ്പോകുന്നു. ആദ്യതോഴിയുടെ സ്വഭാവം കഥാനായികയ്ക്കും ഉപഗുപ്തനും വായനക്കാർക്കും അത്യന്തം ഹൃദ്യമായി അനുഭവപ്പെടുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടുതന്നെയാണു് അവളുടെ അവസാനവിലാപം, കാവ്യം വായിച്ചുകഴിയുമ്പോഴും വായനക്കാരുടെ കണ്ണുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നതു്. വാസവദത്തയിൽനിന്നു നമ്മുടെ ശ്രദ്ധ അവളിലേയ്ക്കു തിരിയുന്നതിനും കാരണംമറ്റൊന്നല്ല. കാവ്യദൃഷ്ട്യാ ഇതു് ഒരു മഹത്തായ അനൗചിത്യമാകയാൽ ആദ്യതോഴി എത്രത്തോളം മനോഹരമായ ഒരു കഥാപാത്രമാണോ, അത്രത്തോളം കാവ്യപരാജയത്തിനു കാരണവുമാണെന്നേ പറയേണ്ടു.

---

കത്തുന്ന വിളക്കിനു കാററിനെ പേടിക്കണം.

*        *        *

ഇരുളാകുന്ന കരിമ്പടത്തുണ്ടിനാൽ എന്റെ കണ്ണു മൂടരുതേ; സുന്ദരങ്ങളായ താരകങ്ങളെയൊന്നുകാണുവാൻ!

# മുകിലിൻെറ മുക്തി.

(ആനന്ദക്കുട്ടൻ.)

രണ്ടുനീരാവിപ്പടപ്പുകൾ, സ്വച്ഛമാം
വിണ്ടലവീഥിയിൽ സഞ്ചരിച്ചീടവേ,
ആത്മബന്ധത്തിൻ പ്രചോദനമേൽക്കയോ-
ലാത്മാർത്ഥചുംബനമുദ്രയർപ്പിച്ചുപോയ്!
അന്തരിക്ഷത്തിൻപ്രതിഷേധമായുടൻ
പൊന്തിയൊരുജ്ജ്വലഗർജ്ജനം ഭീകരം!
ആർദ്രമനസ്കരാപ്പാവങ്ങൾ തെല്ലിട-
യാദ്യംനടുങ്ങിയകന്നുനിന്നെങ്കിലും,
ആയീലവീണ്ടും പുണരാതിരിക്കുവാൻ—
ന്യായവാദങ്ങളെയാദരിച്ചീടുവാൻ—
രണ്ടുകരിമുകിൽത്തുണ്ടിനിയുത്സവം
കൊണ്ടാടുവാനുള്ള രംഗമോ വാനിടം!
കൊള്ളിയാൻ ചൂരലാൽ തല്ലുവാൻപിന്നീടു
തെല്ലുംമടിച്ചീല വിണ്ണിൻെറ ഗൌരവം!
വേദനയാലശ്രുവാർന്നുനിൽക്കുമ്പൊഴും
ഖേദം മറക്കുവാൻ പുൽകുകയാണവർ!
ജീവിതശേഷികളല്ലലാ,യശ്രുവായ്
ഏവമധഃപതിച്ചാനിശാവേളയിൽ,
പ്രാണൻെറ അന്തിമബിന്ദുവും താഴത്തു
വീണിതാ മണ്ണിലടിഞ്ഞു മുകിലുകൾ!
ആഴിയിലാ പ്രേമധാരകൾ ചെന്നുചേ-
ന്നാഴമതിന്നു വളർത്തി ലസിക്കവേ,
ഭാനുമാൻ തൃക്കരംനീട്ടി വിയത്തിലേ-
യ്ക്കേറുവാൻ വീണ്ടും വിളിച്ചു മേഘങ്ങളെ
അങ്ങിങ്ങകലത്തു വെള്ളിമേഘങ്ങളായ്
ഭംഗിയിലാ മുകിൽത്തുണ്ടുകൾ കാൺമു ഞാൻ.

# വിശ്വപ്രേമം

(വിദ്വാൻ, സി. പി. ശങ്കരപ്പിള്ള ബി. ഒ. എൽ)

## I

### നാം ആരെ സ്നേഹിക്കുന്നു?

പാൽത്തേൻനുര തഞ്ചുന്ന പിഞ്ചുകിടാവു് നിഷ്കളങ്കതയുടെ ഒരു തെളിവാണു്. അമ്മയുടെ അങ്കതലത്തിലും അമ്മിഞ്ഞയിലുംമാത്രം ഒതുങ്ങുന്ന അതിൻെറ സ്നേഹമണ്ഡലം എത്ര ചെറുതു്! എന്നാലും അതു കാണികൾക്കു നൽകുന്ന ആനന്ദം എത്ര വലുതു്!

കാലം അതിനെ ഒരു കുമാരനാക്കുന്നു. പഴയ സ്നേഹഭാജനങ്ങളോടുള്ള ആസ്ഥ അവനു ക്രമേണ കുറഞ്ഞുപോകുന്നു. പാവകളാണു് ഇപ്പോൾ അവൻെറ ഉററ ചങ്ങാതികൾ.

പ്രകൃതിയുടെ പരിവത്തനസ്വഭാവം അവനെ ഒരു വിദ്യാത്ഥിയാക്കിയിരിക്കയാണു്. മുൻപിലത്തെ സ്നേഹിതരെയൊക്കെ അവൻ മറന്നുപോയിരിക്കുന്നു. ഇപ്പോൾ അവൻെറ കൂട്ടുകാർ സഹപാഠികളും പാഠപുസ്തകങ്ങളുമാണു്.

യുവത്വം അവനു ഒരു സന്തതസഹചാരിണിയെ സമ്പാദിച്ചുകൊടുത്തു. അവൻെറ സ്നേഹസാമ്രാജ്യത്തിൻെറ ഏകാവകാശിയാണു് അവൾ. അവൻെറ പഴയ കൂട്ടുകാർക്കൊന്നും ഇപ്പോൾ അവിടെ സ്ഥാനമില്ല. ജീവിതം പുതുമയിലല്ലേ നിലകൊള്ളുന്നതു്.

അവൻെറ സകല ആശകളും പ്രതീക്ഷകളും ഒരോമനശിശുവായി അതാ രൂപാന്തരപ്പെടുന്നു. അവൻെറ സ്നേഹസാമ്രാജ്യത്തിൻെറ ഉടമസ്ഥതയുടെ പ്രഥമാവകാശം ഭാര്യയിൽനിന്നു്, ആ ശിശു അതാ നിരാക്ഷേപം അപഹരിച്ചിരിക്കുന്നു.

അയാൾ കച്ചേരിയിൽ തൻെറ ആഫീസുമുറിയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കയാണു്. ഫോണിൻെറ 'കിണികിണി ശബ്ദം അയാളെ അങ്ങോട്ടു ബദ്ധപ്പെട്ടു വിളിക്കുന്നു: കഷ്ടം! അയാളുടെ മുഖം എത്ര വിളറിപ്പോയി! അയാളുടെ വീട്ടിനു തീപിടിച്ചിരിക്കുന്നുവത്രേ.

വീട്ടിലേയ്ക്കു അയാൾ പറക്കുകതന്നെ ചെയ്തു. അകലെവെച്ചുതന്നെ വീട്ടിനു തീ പടന്നു പിടിച്ചിരിക്കുന്നതായി അയാൾ കണ്ടു. കുട്ടിയെ തൊട്ടിലിൽ ഉറക്കിക്കിടത്തിയിട്ടു് പുറത്തേയ്ക്കു പോയിരുന്ന ഭാര്യ, അതിനെ രക്ഷിക്കുന്നതിനു് അകത്തേയ്ക്കു കടക്കാൻ തരപ്പെടാതെ നിലവിളിച്ചുകൊണ്ടു പുരയ്ക്കുചുററും ഓടിനടക്കുകയാണു്. അയാൾ അവിടെ എത്തി ആവുംമട്ടു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, "എൻെറ കുഞ്ഞിനെ രക്ഷിച്ചുതരുന്നവക്കു എൻെറ സ്വത്തു മുഴുവൻ." ആരും മുന്നോട്ടു വന്നില്ല. മരിക്കാൻ അറിഞ്ഞുകൊണ്ടു ആരൊരുങ്ങും? *

---

* സ്വാമി രാമതീർത്ഥൻെറ ഒരാശയമാണു് ഈ പ്രപഞ്ചനത്തിനു പ്രേരണനൽകിയതു്.

എന്താണിതു്? അയാറം ഇങ്ങനെ വെറുതെ വിളിച്ചു സമയം കളയുന്നതെന്തിനു്? അയാളുടെ സ്നേഹൈകഭാജനമാണു് ആ കുട്ടിയെങ്കിൽ അയാറംക്കുതന്നെ ഓടിച്ചെന്നു് അതിനെ രക്ഷിക്കരുതോ? പാടില്ല. എന്തുകൊണ്ടെന്നാൽ ആ ഉദ്യമം പക്ഷേ അയാളുടെ ജീവനാശം വരുത്തിയേക്കും. അപ്പോഴാണു് ഒരു യാഥാത്ഥ്യം വെളിപ്പെടുന്നതു്—അയാറംക്കു ആ കുട്ടിയോടുള്ളതിനേക്കാറംക്കൂടുതൽ സ്നേഹം സ്വജീവനോടുതന്നെയെന്നു്; ശൈശവംമുതൽ അയാറം ഓരോന്നിനെ സ്നേഹിച്ചതു് അവയ്ക്കുവേണ്ടിയല്ല, അയാറംക്കുവേണ്ടിത്തന്നെയെന്നു്; അയാളുടെ സ്നേഹസാരസർവ്വസ്വം അയാറംതന്നെയെന്നു്.

രാമൻമേനോൻപറഞ്ഞു:—"അങ്ങേതിലെ ശങ്കരൻനായർ മരിച്ചുപോയി. സങ്കടമായിപ്പോയി. എന്നോടു അയാറംക്കു എന്തു സ്നേഹമായിരുന്നു എന്നോ!" ഇവിടെ ശങ്കരൻനായർ മരിച്ചതിലല്ല, തന്നെ സ്നേഹിക്കുമായിരുന്ന ഒരാറം തനിക്കു് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടതിലാണു് രാമൻമേനോൻെറ സങ്കടമെന്നു് സൂക്ഷിച്ചുനോക്കിയാൽ കാണാം.

ഈ ലൌകികയാഥാത്ഥ്യത്തെ "യാജ്ഞവൽക്യൻ" സരസമായി "മൈത്രേയി"ക്കു കാണിച്ചുകൊടുക്കുന്നു.

"നവാ അരേ പത്യുഃ കാമായപതിഃ
പ്രിയോ ഭവതി
ആത്മനസ്തു കാമായ പതിഃ
പ്രിയോ ഭവതി
നവാ അരേ ജായായൈ കാമായജായാഃ
പ്രിയാ ഭവന്തി
ആത്മനസ്തു കാമായ ജായാഃ
പ്രിയാ ഭവന്തി
നവാ അരേ പുത്രാണാം കാമായപുത്രാഃ
പ്രിയാ ഭവന്തി
ആത്മനസ്തു കാമായ പുത്രാഃ
പ്രിയാ ഭവന്തി
നവാ അരേ വിത്തസ്യകാമായവിത്തം
പ്രിയം ഭവതി
ആത്മനസ്തുകാമായ വിത്തം
പ്രിയം ഭവതി."

ബൃഹദാരണ്യകം 2—4—5.

ഒരു സ്ത്രീ ഭത്താവിനെ സ്നേഹിക്കുന്നതു് അയാറംക്കുവേണ്ടിയല്ല, അവറംക്കുവേണ്ടിയാണു്. എന്തുകൊണ്ടെന്നാൽ അവറംക്കു വേണ്ടതായ സുഖസൗകര്യങ്ങളെല്ലാം ഉണ്ടാക്കിക്കൊടുക്കുന്നതു് അയാളാണു്. അതുപോലെ, ഒരു സുഖസാധനമെന്ന നിലയിൽ ഉതകുന്നതുമൂലമാണു് ഭാര്യ ഭത്താവിനു 'പ്രിയ'യായിത്തീരുന്നതു്. ഇപ്രകാരം തന്നെ, മക്കളെയും ധനത്തെയും ലൌകികന്മാർസ്നേഹിക്കുന്നതു് അവയ്ക്കുവേണ്ടിയല്ല, അവനവനു വേണ്ടിത്തന്നെയാണു്.

## II

ഉത്തമമായ സ്നേഹം ഏതു്?

സ്നേഹത്തിൻെറ ലക്ഷ്യം സുഖമാണു്. എന്നാൽ നാം കണ്ടവിധത്തിലുള്ള സ്നേഹം അല്പസുഖത്തെയാണു കൈവരുത്തുന്നതു്. അതിൻെറ മറുവശം ക്ലേശമാണു്. അതിനാൽ ഈ അല്പസുഖത്തെ സുഖമെന്നല്ല, ദുഃഖമെന്നാണു് വേദം വിധിക്കുന്നതു്.

"യോ വൈ ഭൂമാ തത്സുഖം;

നാല്പേസുഖമസ്തി, ഭൂമൈവ സുഖം,"

(ഏതാണോ മഹത്തു അതാണു സുഖം. അല്പമായതിൽ സുഖമില്ല.) അതുകൊണ്ടു് അല്പമായതിനെ സ്നേഹിച്ചു് അല്പസുഖിയാ

യി അല്പനായിത്തീരുന്നതിനെക്കാൾ, മഹത്തായതിനെ സ്നേഹിച്ചു് യഥാർത്ഥസുഖിയായി മഹാനായിത്തീരുന്നതാണു് ശ്രേയസ്സ് എന്നത്രേ ഉപനിഷത്തു് ഉപദേശിക്കുന്നതു്. ഈ നിലയിൽ എങ്ങനെ ഒരു വിശ്വസ്നേഹിയായിത്തീരാമെന്നു് "യാജ്ഞവൽക്യൻ" "മൈത്രേയി"ക്കു് ഉപദേശിച്ചുകൊടുക്കുന്നു:—

"ആത്മാവാരേദ്രഷ്ടവ്യഃ ശ്രോതവ്യോ-
മന്തവ്യോ നിദിധ്യാസിതവ്യഃ"

ബൃഹദാരണ്യകം 2—4—5.

ഇതിനെ ഡ്യൂസൻ പ്രകാശിപ്പിക്കുന്നതു് ഇങ്ങനെയാണു്.

"The Atman in truth, should be seen, heard, comprehended and reflected upon O Maitreyi."

Eng. trans.

മൈത്രേയി, കാണപ്പെടേണ്ടതും, കേൾക്കപ്പെടേണ്ടതും, അറിയപ്പെടേണ്ടതും, ധ്യാനിക്കപ്പെടേണ്ടതും എല്ലാം ആത്മാവാണു്; താനാണു്. ഇപ്രകാരം, വിശ്വത്തെ തന്നിലും തന്നെ വിശ്വത്തിലുംകണ്ടു് സ്നേഹിക്കുന്നതാണു് ഉത്തമമായ സ്നേഹം. അതത്രെ വിശ്വസ്നേഹം. അതിനാൽ സുഖാന്വേഷണതൽപരനായ മനുഷ്യൻ മഹത്തായതിനെ സ്നേഹിക്കട്ടെ! എന്നിലെ 'ഞാൻ' ചെറുതാകാതെ വലുതായിത്തീരട്ടെ. കാണുന്നതും, കേൾക്കുന്നതും, അറിയുന്നതും, അനുഭവിക്കുന്നതും—ദ്രഷ്ടാവും ദൃശ്യവും—എല്ലാം ഞാനാണെന്നു വരട്ടെ. അപ്പോൾ നാം മഹത്തിനെ സ്നേഹിക്കുന്നു; അപ്പോൾ ജീവിതം ക്ലേശരഹിതമാകുന്നു, സുഖമയമാകുന്നു; സുന്ദരമാകുന്നു. അതിനാലാണു "യാജ്ഞവൽക്യൻ" "മൈത്രേയി"യോടു ഉപദേശിക്കുന്നതു്,

"ആത്മാവാരേദ്രഷ്ടവ്യഃ ശ്രോതവ്യോ
മന്തവ്യോ നിദിധ്യാസിതവ്യഃ"

എന്നു്.

## III

ഈ വിശ്വപ്രേമസന്ദേശം ലോകത്തിനു നൽകിയിട്ടുള്ളസംഭാവന വിവിധമാണു്.

1. വിശ്വപ്രേമം പ്രായോഗികമെന്ന നിലയിൽ:—

"അപ്രായോഗികത" ഇക്കാലത്തു ധാരാളം ചെലവുള്ള ഒരു പദമാണതു്. തത്വശാസ്ത്രമെന്നോ, വേദാന്തമെന്നോ കേട്ടാൽ ചിലക്കു മനസ്സുമടുക്കും. എന്തുകൊണ്ടെന്നാൽ അവ കഠിനമാണത്രേ, അപ്രായോഗികമാണത്രേ എന്നാൽ, അപ്രായോഗികമെന്നു മുൻപു കരുതിയിരുന്ന എത്രയോ കാര്യങ്ങൾ ഇന്നു വെറും പ്രായോഗികമെന്നു് 'സയൻസു്' തെളിയിച്ചിരിക്കുന്നു! മനുഷ്യനു മനസ്സിലാക്കാനും അനുസരിക്കാനും വയ്യാത്തവയെന്നു വച്ചിരുന്ന എത്രയോ തത്വങ്ങൾ ഇന്നു മഹാത്മജി സഫലമായി പ്രയോഗിച്ചു മാഹാത്മ്യം നേടിയിരിക്കുന്നു! അസാധ്യമെന്നപദം നിഘണ്ടുവിൽനിന്നെടുത്തുകളയാൻ നെപ്പോളിയൻ ആവശ്യപ്പെട്ടെങ്കിൽ, അപ്രായോഗികതയെന്നപദം കേവലം നിരർത്ഥകമെന്നു "ഭാരതധീരന്മാർ" തെളിയിക്കും; തെളിയിച്ചിട്ടുമുണ്ടു്. അതിനാൽ അപ്രായോഗികവാദം അലസതയുടേതാണു്, അധൈര്യത്തിന്റേതാണു്, ദുർബലതയുടേതാണു്. "ദുർബലതേ, നിന്റെ പേരത്രേ സ്ത്രീത്വമെന്നു്" എന്നുള്ള മഹാകവിവാക്യം, "ദുർബലതേ, നിന്റെ പേരത്രേ അപ്രായോഗികവാദമെന്നു്" എന്നുമാററിയെങ്കിൽ! ഇനിയും നാം പ്രകൃതത്തിലേയ്ക്കു മടങ്ങുക. വിശ്വപ്രേമം പ്രായോഗികമാണു് പ്രായോഗികവിശ്വപ്രേമത്തിന്റെ അമൂല്യസംഭാവനയാണു് "അഹിം

സ." അഹിംസാസിദ്ധാന്തത്തെ ഉന്നതമായ നിലയിൽ പ്രയോഗിച്ചു് പരിശുദ്ധി വെളിപ്പെടുത്തിയ ബുദ്ധൻ പ്രായോഗികവിശ്വപ്രേമത്തിൻെറ അപ്രതിമാരാധകനാണു്. അദ്ദേഹം പലപ്പോഴും ഗിരിഗുഹയുടെ ഏകാന്തതയിൽ ഇരുന്നുകൊണ്ടു് അസ്തമയസൂൎയ്യനെനോക്കി ചുടുനെടുവീൎപ്പിട്ടുകൊണ്ടു് ചോദിച്ചിട്ടുണ്ടു്, "ആദിത്യദേവ, അങ്ങ്അസ്തമിക്കുന്ന ദിക്കിലും ഇതുപോലെയുള്ള ലോകവും ഇപ്രകാരമുള്ള ദുഃഖിതജനങ്ങളും ഉണ്ടോ"എന്നു്. ഇങ്ങനെ സ്വസമകാലികരായ സഹോദരങ്ങളെപ്പററിമാത്രമല്ല, ഭാവിയിൽ ജനിക്കാനിരിക്കുന്ന മനുഷ്യരാശിക്കുവേണ്ടിയും താൻ കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തതായ അന്യലോകവാസികൾക്കുവേണ്ടിയും നെഞ്ചുപൊട്ടി നിലവിളിച്ചിട്ടുള്ള മനുഷ്യസ്നേഹിയായ ഒരു മഹാൻ ബുദ്ധനെപ്പോലെ ആരുണ്ടു്? ഒരു ആട്ടിൻെറ ജീവനുപകരം സ്വജീവനെ സസന്തോഷം ബലികൊടുക്കാൻ തയ്യാറായതുമൂലം മനുഷ്യേതരജീവികളേയും—പുൽകളേയും പുഴുക്കളേയുംകൂടി—സ്വസഹോദരങ്ങളായി സ്നേഹിച്ച ജീവകാരുണ്യശാലിയായ ഒരു മഹാൻ ബുദ്ധനെപ്പോലെ ആരുണ്ടു്? തന്നെ സ്വാഗതംചെയ്ത രാജസിംഹാസനത്തെയും പ്രേമസാമ്രാജ്യത്തേയും വിശ്വപ്രേമത്തിൻെറ പേരിൽ പരിത്യജിച്ചു് പ്രായോഗികസിദ്ധിനേടിയ വിശ്വസ്നേഹി ബുദ്ധനെപ്പോലെ മററു ആരുണ്ടു്? ആ ഭഗവാൻ ബുദ്ധനു ജനനമരുളിയ ആർഷഭൂമിയുടെ ധൎമ്മോപദേശമാണു് അഹിംസ, സംസ്കാരമാണു് അഹിംസ, അതിനു വഴിതെളിച്ചതാണു് "യാജ്ഞവൽക്യ"ൻെറ വിശ്വപ്രേമസന്ദേശം.

2. വിശ്വപ്രേമസന്ദേശം, അന്യമതപൂരകമെന്നനിലയിൽ:—

"നീ നിൻെറ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കാൻ" ക്രിസ്തുമതം ഉപദേശിക്കുന്നു എന്നാൽ സ്നേഹിക്കണമെന്നു പറയുന്നതിനു കാരണമെന്തെന്നു് അതു വെളിവാക്കുന്നില്ല. ക്രിസ്തുമതത്തിൻെറ ആ ദിവ്യമായ ഉപദേശത്തെ സനാതനധൎമ്മം പൂരിപ്പിക്കുന്നതു് എങ്ങനെയെന്നു ഡ്യൂസൻ വിശദമാക്കുന്നു.

"Thou shalt love thy neighbour as thyself". BIBLE.

"The Veda here adds in explanation, because thy neighbour is in truth thy very self, and what separates you from him is mere illusion."

P. DEUSSEN.

Eng: trans:—

നിൻെറ അയൽക്കാരൻ നിൻെറ അതേ ആത്മാവുതന്നെയാണു്. നിന്നെ അവനിൽ നിന്നു വേർതിരിക്കുന്നതു വെറും മായ മാത്രം. അതിനാൽ, നീ നിൻെറ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക.

3. വിശ്വപ്രേമം കേരളസംസ്കാരനിൎമ്മാതാവെന്നനിലയിൽ:—

കേരളീയസംസ്കാരത്തെ നിൎമ്മിച്ചതും നിൎണ്ണയിച്ചതും വിശ്വപ്രേമസന്ദേശമത്രേ.

"ആനന്ദചിന്മയഹരേ ഗോപികാരമണ
ഞാനെന്നഭാവമതു തോന്നായ്കവേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്നവഴി
തോന്നേണമേ വരദ നാരായണായനമഃ"

ഹരിനാമകീൎത്തനം.

ഭഗവൻ, എനിക്കു ഞാനെന്നഭാവമുണ്ടാകരുതേ! അഥവാ ഉണ്ടായാൽ ഈ വിശ്വം മുഴുവൻ ഞാനെന്നു തോന്നിക്കണേ!

ഈ പ്രാൎത്ഥന എഴുത്തച്ഛൻേറതാണു്; കേരളീയസംസ്കാരത്തിൻേറതാണു്; വിശ്വപ്രേമത്തിൻേറതാണു്- സകല കേരളീയൻേറയും ആചാരത്തെയും വിചാരത്തെയും

വിഹാരത്തെത്തന്നെയും നിർണ്ണയിച്ചതു് ഈ സംസ്കാരവിശേഷമല്ലാതെ മറ്റൊന്നുമല്ല.

കേരളീയരുടെ ഒരു സാധാരണകളിയാണല്ലോ "മാച്ചാൻകളി." "മാച്ചാനേ, മാച്ചാനേ, മറ്റൊരുവേഷംമാച്ചാനേ" എന്നാണു് അതിന്റെ പല്ലവി. 'മച്ചാനേ' എന്നതു 'മാജാനേ' എന്ന സംസ്കൃതപദത്തിന്റെ തത്ഭവമാണല്ലോ. അപ്പോൾ, "മാജാനേ, മാജാനേ മറ്റൊരുവേഷംമാജാനേ" എന്നു മാററിച്ചൊല്ലാം. അതായതു്, "ലക്ഷ്മീപതേ! ഞാൻ എന്നെ അറിയുന്നു, ഞാൻ എന്നെ അറിയുന്ന അവിടത്തെ മറ്റൊരുവേഷമാണെന്നു്." അതാണു കേരളീയകളി. അതാണു കളിയിലെ കാര്യം. തന്നെത്താനറിയുന്ന അറിവാണതു്-

ഈ തത്ത്വത്തെ ക്രാന്തദർശിയായ മഹാകവി ചിത്രീകരിക്കുന്നതു് എങ്ങനെയെന്നു നോക്കുക:—

"ഒരൊററമതമുണ്ടുലകിന്നുയിരാം
    പ്രേമമതൊന്നല്ലോ
പരക്കെനമ്മെപ്പാലമൃതൂട്ടും
    പാർവ്വണശശിബിംബം
ഭക്ത്യനുരാഗദയാദിവപുസ്സ-
    പ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും
    പ്രകാശമരുളുന്നു.
*    *    *
പരാപരാത്മൻ, ഭക്ത്യൈകഗമ്യൻ
    ഭവാനെയാർകാൺമൂ
ചരാചരപ്രേമാഞ്ജനമെഴുതിന
    ചക്ഷുസ്സില്ലാഞ്ഞാൽ
പരസുഖമേസുഖമെനിക്കുനിയതം
    പരദുഃഖംദുഃഖം
പരമാർത്ഥത്തിൽ പരനുംഞാനും-
    ഭവാനുമൊന്നല്ലീ?
ഭവാനധീനംപരമെന്നുടലുംപ്രാ-
    ണനുമവരണ്ടും
പരാർത്ഥമാക്കുകപകലുംരാവും
    പ്രഭോ, നമസ്കാരം"

പ്രേമസംഗീതം—മണിമഞ്ജൂഷ

അതേ, അതു കവിതയാണു; സത്യസംഗീതമാണു്; ദിവ്യസന്ദേശമാണു്. അതുപോലെ ആയിരിക്കട്ടെ കവിത. സത്യമായിരിക്കട്ടെ അതിന്റെ ലക്ഷ്യം. നിത്യമായിരിക്കട്ടെ അതിന്റെ സത്ത. ധർമ്മമായിരിക്കട്ടെ അതിന്റെ വിഷയം. വിശ്വമായിരിക്കട്ടെ അതിന്റെ വ്യാപ്തി.

ചുരുക്കത്തിൽ, അയ്യായിരം വർഷത്തിനു മുൻപു് യാജ്ഞവൽക്യനിൽനിന്നുണ്ടായ ആ വിശ്വപ്രേമസന്ദേശം പ്രായോഗികതയുടേതാണു്. സാർവ്വകാലികവും സാർവ്വലൗകികവും സാർവ്വത്രികവുമായ സനാതനധർമ്മത്തിന്റേതാണു്; ദിവ്യമായ പല ധർമ്മോപദേശങ്ങൾക്കും പൂരണവും പ്രചോദനവും നൽകിയ ആത്യന്തികസംസ്കാരത്തിന്റേതാണു്.

കാലം ഒട്ടുവളരെ കഴിഞ്ഞുപോയെങ്കിലും ജനസമുദായവും ഭരണസമ്പ്രദായവും പാടേ മാറിപ്പോയെങ്കിലും പരിവർത്തനങ്ങളും ഉച്ചനീചത്വങ്ങളും അടിക്കടി സംഭവിച്ചെങ്കിലും പല അഗ്നിപരീക്ഷണഘട്ടങ്ങളെയും ഇതിനകം അതിനു തരണംചെയ്യേണ്ടിവന്നെങ്കിലും ഇന്നും ഇതാ ആ സനാതനധർമ്മം ജീവിക്കുന്നു. ലോകാവസാനംവരെ ജീവിക്കയുംചെയ്യും. എന്തുകൊണ്ടെന്നാൽ അതു് ഒരു രാജ്യത്തിന്റേതല്ല; ഒരു സാമ്രാജ്യത്തിന്റേതല്ല; വിശ്വത്തിന്റേതാണു്; ആ പരാശക്തിയുടേതാണു്.

# അച്ഛൻ.

(പി. കുഞ്ഞിരാമൻനായർ)

(അന്നനട)

I

പണിയിച്ചതാരു പണിതതാരെന്നു
മനുജനൊരെത്തും പിടിയും കിട്ടാതെ,
അനാദികാലമായ്, കിഴക്കൻമാമല-
മുകളിലുള്ളൊരാപ്പുലരിക്ഷേത്രത്തിൽ,
വിമലമാംവാനം, വിഹഗവേണുവാൽ
വിളിച്ചുണർത്തിയ വിരിമലർച്ചാർത്താൽ,
വിളങ്ങുംവിഗ്രഹം കണികാണാൻ, കൊന്ന-
മലരുകൾ തിക്കിത്തിരക്കിനിൽക്കവേ,
കനകകിങ്കിണീമണിയുംവേണുവു-
മണിയുമുണ്ണിയെക്കണികണ്ടുവന്നു;
വിളമ്പുംപൊന്നോണവിഭവമുണ്ണുവാ-
നൊരുച്ചനേരമഗ്ഗൃഹനാഥൻചെൽകെ,
വിരിഞ്ഞൊരാപ്പട്ടാട,നവമലരിമേൽ
വറുതിതൻകോലം കരിനിഴൽവീശി:—
'എരിയുന്നുവയർ, പൊരിയുന്നു ജീവ;-
നിറങ്ങുന്നുനാവു;മിരക്കാനുംവയ്യേ!'
ഞെളിഞ്ഞിരിക്കുമാപ്രഭുതയ്ക്കാനനം
ചുളിഞ്ഞുകല്ലൊന്നുകടിച്ചതുപോലെ.
തെളിഭസ്മരേഖവെളുപ്പിച്ചഹൃത്തിൽ
ക്കിളുന്നവാത്സല്യം വഴിഞ്ഞിതീമട്ടിൽ!
'പടിയടയ്ക്കടാ, [illegible]റവാട്,തണ്ണീർ-
പകരുംപന്തലെ[illegible]തോന്നിനപ്പുനീ?'
പെരുമാൾതൻ [illegible]ട്ടനെട്ടുവീപ്പുകണ-
ക്കൊരുതെന്നലലഞ്ഞുലയുമന്തിയിൽ,
നവമലരുകൾ ചിരിച്ചുകൊണ്ടാത്മ-
പരിമളസമ്പത്തൊഴുക്കുംനേരത്തിൽ,
മണിമുറ്റംപറ്റി,ത്തുളസി,ഭാവനാ-
മധുരമാംലോകം ചമയ്ക്കുംസന്ധ്യയിൽ,
അമലമാംവിശ്വവിപഞ്ചിയിൽനവ-
മമരവൈഖരിവിരിയുംവേളയിൽ,
പരാത്മചിന്തനാൽ പ്രശാന്തനാംതാതൻ
പരലോകചിന്താഭരിതനായ്‌വാഴ്‌കെ
തെളിവേലുമോണനിലാവൊളിപോലെ
വെളിയിൽനിന്നുവന്നിളംകിടാവോതി:—
"പൊടിമണ്ണിൽക്കിടന്നുറങ്ങി;കാലത്തു
പടിയ്ക്കൽനിന്നുനീരിരന്നൊരാക്കൊച്ചൻ;
ഉണരുകില്ലപോലവനിനി,തള-
ന്നുറങ്ങിപ്പോയ്കഞ്ഞികുടിക്കാതെതന്നെ!
അരുമപ്പൊന്മകനിതുവിധംവന്നാൽ-
പ്പുറകെന്നച്ഛനിന്നുറക്കമുണ്ടാമോ?"

പ്രബുദ്ധതാരകാമണിമലർചൂടും
പ്രപഞ്ചമൂലത്തിൽകഠാരിപായിച്ചു
ചതുരനാംനരൻ നരകത്തീയിനാൽ
ചമച്ചലോകത്തിൻകഥയറിയാതെ,
വിമലദൈവീകപ്രഭയിൽനീന്തുമാ-
വിമുഗ്ദ്ധചിത്തത്തിൻവിഭാതമാരുതൻ,
കനിഞ്ഞുവീശിയങ്ങിഹപരങ്ങളെ-
യിണക്കുംമംഗളമലർമാലാമണം!

മധുരശൈശവമാരിച്ചുലാവിയ്യ
ഹൃദയവാപിയിലലയിളക്കവേ,
അലിവുപൂശിയ പിതൃഹൃദയത്തി-
ന്നടിയിൽനിന്നമൊരശരീരിപൊങ്ങി:—
"പണംവാരിക്കോരിപ്പരലോകലോഭാൽ
പണിയിച്ചു ഭവാൻ പുതുപൊന്നമ്പലം.
ഉഴിഞ്ഞുവെച്ചിതു,ഗുരുവായൂർനട-
വഴിപാടിന്നായി വലിയൊരുവീതം;
പരലോകമെന്നപരൽമീൻപററിനായ്
ചെറുകാശ്ശുവീശിയെറിഞ്ഞുഗംഗയിൽ
ഒരുമുടിമലപ്പടവുകൾകേറി-
യൊരുപടിപ്പണം,കടലലവാരി!
മുറതെററാതെണ്ണിക്കൊടുത്തുശാസ്ത്രികൾ
പുരാണവായന,യ്ക്കൊരുവക;യെന്നാൽ,
പരാർഘ്യമാംപ്രേമമഹാപൂജമുട്ടി-
പ്പരാർത്ഥസേവനവ്രതഹതിപററി,
കനകകിങ്കിണീമണിധരിക്കാതെ
ചിലുംചിലെപ്പായുംചിലമ്പണിയാതെ,
കുനുകുനെച്ചിന്നുംകുറുനിരച്ചാർത്തു
മുകരുമാ,മണിമുടിയുംചൂടാതെ.
മുരളിപാടാതെ, കളികളാടാതെ
നറുംതേനുംപാലുംപഴവുമില്ലാതെ
പുറത്തുനട്ടുച്ചയ്ക്കൊരിററുനീരിനാ-
ക്കരിമുകിൽനിറ,നിരന്നുവന്നപ്പോൾ,
മദലഹരിയിൽ മതികെട്ടഭവാൻ
ഹൃദയക്ഷേത്രത്തിൻനടയടച്ചില്ലേ?
അവമതിയിതുസഹിയാതേ കിടാ-
വിവണ്ണമേകാന്തേമിഴനീർതൂകിപ്പോയ്:-
'സുനന്ദഭാരതഗൃഹത്തിലൊന്നില്ല-
മനഘയെന്നമ്മ,യശോദയില്ലല്ലീ!'

II

അകമുരുകിവീണരുളുന്നകൊച്ചു-
മുകുന്ദനന്നിരുനിവേദ്യമേകാതെ,
മൃതിയാൽവ്യാധിയാൽവറുതിയാൽ കത്തും
വിതതഭാരതകുടുംബത്തിൻകോണിൽ,
ഇരുന്നുതാൻതാനായുദരംതപ്പിക്കു-
മുരുളകൾചോരപുരണ്ടവയത്രേ!
കൊഴുപ്പുകൂട്ടിയ കറികളുംകൂട്ടി-
ക്കുഴച്ചുവാരുമീയൊരുപിടിവററിൽ
മറഞ്ഞിരിക്കുന്നു കൊടുംപശിത്തീയിൽ
പൊരിഞ്ഞകംവെന്ത പതിതകോടികൾ!
മനമലിഞ്ഞോടിവരികിലുമന്നാ-
ജ്ജനനിയേകുന്ന മുലപ്പാൽകിട്ടാതെ
ഉറങ്ങുന്നെന്നേയ്ക്കും; പ്രയാഗതാരാട്ടി
വരുമിത്തൊട്ടിലിൽ മയങ്ങുമുണ്ണികൾ!
നറുംപാലുംതേനും ഒഴുകുമദ്വൈത-
കൃഷിക്ഷേത്രത്തിലെപ്പശുപാലബാലർ,
മധുരകാളിന്ദിവിഭവങ്ങൾമറ-
ന്നൊരുപിടിവററുകിനാവുകാൺകയായ്
അടവുകൾമാറിപ്പിടിക്കയാലിന്നു-
മടയാത്തദ്വാരക്കരിംകണ്ണുതട്ടി
മരുഭൂവായ്,ത്യാഗ,ദരിദ്രമായ്,ഭീമ-
നരകമായ്,നാകം നമിച്ചഭാരതം!"
ഉഷസ്സിൻകൊച്ചുകൈക്കിടാവായ'മിന്നുമാ-
വിഷുക്കണിക്കൊന്നമലർക്കുടത്തെപ്പോൽ,
അരുമക്കുഞ്ഞിനെത്തഴുകവേ,താതൻ
ചൊരിഞ്ഞു,തീർത്ഥനീർക്കണമാമീമൊഴി!-
"ഉണർന്നി,തോമനേ;മകനെപ്പോൽ,മേ-
ച്ചുണരുമച്ഛനിപ്പതിതലോകത്തെ!" [ലിൽ-

# കലാവതി

(ജഗതി എൻ. കെ. ആചാരി)

## പാത്രസൃഷ്ടി.

| | |
|---|---|
| കലാവതി— | നായിക |
| കുമാരിസത്യവതി— | നായികയുടെ ഓമനമകൾ |
| സുഷമ— | നായികയുടെ തോഴി |
| കലാകാരൻ— | ഒരാരാധകൻ |
| ശാസ്ത്രജ്ഞൻ— | ആരാധകന്റെ സുഹൃത്ത് |

[രംഗം—പൂമഴപൊഴിക്കുന്ന ശിരീഷവൃക്ഷച്ചുവട്. സമയം സന്ധ്യ. കലാവതി ആ വൃക്ഷച്ചുവട്ടിൽ അർദ്ധശയനക്രമത്തിൽ സ്ഥിതിചെയ്യുന്നു. സുന്ദരമെങ്കിലും ശോകച്ഛായ കലർന്ന മുഖം. ഒരു പൂന്തൊത്ത് ഞെട്ടററു കലാവതിയുടെ മൂർദ്ധാവിൽപതിച്ചതോടുകൂടി പശ്ചിമചക്രവാളത്തിൽനിന്നു ഒരു ശബ്ദവുമുയരുന്നു.]

"മദാലസേ! പരിശുദ്ധതയിൽ പിച്ചവെച്ചുവളർന്ന നീ സത്യവതിയെ പ്രസവിച്ചതിൽ അതിശയിപ്പാനൊന്നുമില്ല. എന്നാൽ നിന്റെ അടുത്ത ഭാവിയോർത്ത് അംബരമിതാ കണ്ണുനീർ പൊഴിക്കുന്നു!"

(ഒരു ചെറിയ കാററും മഴയും)

കലാവതി—(മേല്പോട്ടുനോക്കി സ്വഗതം) രോമാഞ്ചം വിതറുന്ന ഇളംകാററേ! എന്റെ ഭാവിയോർത്തു ഭവാന്റെ ഹൃദയം പതറുന്നതു കാണാൻ ഞാനശക്തയാണ്. സകലൈശ്വര്യങ്ങളും തികഞ്ഞ ഒരപ്സരസ്സാണ് ഞാൻ എന്നു് അങ്ങു് പണ്ടൊരിക്കൽ—ആഹ്ലാദാരവത്തിൽ ഉൾപ്പുളകാംഗിയായ് ഞാനാടിപ്പാടിനടന്നപ്പോൾ—പറഞ്ഞിട്ടുണ്ടു്. അവിടുന്നു് അന്നെന്റെ മൂർദ്ധാവിൽ പൂമ്പൊടി വിതറിയിട്ടുണ്ടു്. സിന്ധുഗംഗാസമതലത്തിലെ മരതകപ്പച്ചയിൽ മതിമറന്നു കിടന്നുരുണ്ട ആ ദിവസങ്ങൾ എന്നെ വിശ്വപാവനിയാക്കിത്തീർത്തു.

(ആകാശത്തിൽ ഒരു മിന്നൽപ്പിണർ തെളിയുന്നു; ഒരു ശബ്ദവും) "വത്സേ! അന്നു നീ പരിശുദ്ധയായിരുന്നു!"

കലാവതി—നിർമ്മുക്തവും, നീലനീലവുമായ ആകാശമേ! ആര്യാവർത്തത്തിൽ തത്തിക്കളിച്ച എന്റെ ഹൃദയം അന്നും ഇന്നും പരിശുദ്ധമാണു്. ഇളംതളിർ ചവച്ചിറക്കുന്ന ആട്ടിൻകുട്ടിയെ, മദ്ധ്യേ

ഷ്യയിൽവെച്ച് ഞാനായിരംതവണ കൈയിലെടുത്തു കളിപ്പിച്ചിട്ടുണ്ട്; മടിയിലിരുത്തി മുത്തിയിട്ടുമുണ്ട്. അതിനു ശേഷം ഉജ്ജയിനിയിലെ സുവർണ്ണസിംഹാസനത്തിലും, ദില്ലിയിലെ ഇന്ദ്രനീലക്കല്ലു പാകിയിട്ടുള്ള തളത്തിലും ഞാൻ മതിവരുവോളം കിടന്നുറങ്ങിയിട്ടുണ്ട്. കൊക്കിന്റെയും കൊമ്പനാനയുടെയും രൂപങ്ങൾ എല്ലിലും കല്ലിലും കൊത്തിവെച്ച് മനുഷ്യൻ ആനന്ദിച്ചപ്പോൾ ഞാനവന്റെ കുറയററ കലാബോധത്തെ, ഒരു ചുംബനത്താൽ പ്രോത്സാഹിപ്പിച്ചു! ആ കാലം!...അവനോടു ഞാനവ്യക്തഭാഷയിൽ എന്താണ്ടൊക്കെ മന്ത്രിച്ചിട്ടുമുണ്ട്. ഇന്നും ഞാനവന്റെ ഉത്കർഷത്തിനുവേണ്ടി എന്തുംചെയ്യാൻ സന്നദ്ധയാണ്.

(മങ്ങിയമുഖത്തോടെ സുഷമ പ്രവേശിക്കുന്നു.)

കലാവതി—സഖി സുഷമേ! നിന്റെമുഖം വാടിയിരിക്കുന്നല്ലോ. പരമാണുവിലും പർവ്വതത്തിലും സൗന്ദര്യം പകരുന്നതു നിന്റെ പുഞ്ചിരിയിൽനിന്നാണ്.

സുഷമ—എന്റെ കലാവതി! നിന്നേക്കുറിച്ചുള്ള ചിന്തമാത്രമാണെന്നെയിട്ടലട്ടുന്നതു്. നിന്നെ ഞാൻ ഉള്ളഴിഞ്ഞുസ്നേഹിക്കുന്നു. നിന്റെ സാഹചര്യമാണ് എനിക്കു 'സുഷമ' എന്ന പേരു് സമ്പാദിച്ചുതന്നിട്ടുള്ളതു്. അതിനുമുമ്പ് ജീവരാശികൾ എന്നെ 'സങ്കല്പകുമാരി' എന്നാണ് വിളിച്ചിരുന്നതു്. അയി, കലാവതി! അന്നു സിന്ധുഗംഗാസമതലത്തിൽവെച്ച് നാം തമ്മിൽ കൂട്ടിമുട്ടിയ ആ സുദിനം ഇന്നു നീ ഓർക്കുന്നുണ്ടോ?

കലാവതി—അയ്യോ! അതു മറക്കാനൊക്കുമോ? അന്നാണല്ലോ ഗംഗയും ബ്രഹ്മപുത്രയും തമ്മിൽ സംഘടിച്ചതും! മാത്രവുമല്ല അന്നു നിന്നെ ഞാൻ കണ്ടുമുട്ടിയില്ലായിരുന്നുവെങ്കിൽ ഇന്നും ഞാൻ ആ വേട്ടക്കാരന്റെ ഇരുളടഞ്ഞ ഗുഹയിൽ കഴിയുമായിരുന്നു.

സുഷമ—എന്നാൽ ഇന്ന് (തെററിദ്ധരിക്കരുതേ!) നിന്റെ പ്രവൃത്തികൾ എന്നിൽ നീരസം ജനിപ്പിക്കുന്നവകളാണ്. ഒരാപത്ശങ്ക എന്നെ വലയംചെയ്യുന്നു. നക്ഷത്രങ്ങൾ കണ്ണു ചിമ്മുന്നതുകാണുമ്പോൾ, ആസന്നഭാവിയിലെ ഒരാപത്തിനെ ഞാൻ ഉൾക്കണ്ണുകൊണ്ട് കാണുന്നുണ്ട്.—നിന്റെ നൃത്തത്തിൽ ഒരു ചുവടു പിണങ്ങിയാൽ—ആ കാൽച്ചിലമ്പൊച്ച ഒന്നു പതറിയാൽ—എന്റെ ഹൃദയസ്പന്ദനം നിൽക്കുമെന്ന് നീ കരുതുന്നില്ല!

കലാവതി—സുഷമേ! ഞാനെന്തുതെററാണ് ചെയ്തതു്?

സുഷമ—(അതു ശ്രദ്ധിക്കാത്തമട്ടിൽ) നാമിരുവരും അന്ത്യശ്വാസംവരെ—കല്പാന്തകാലംവരെ—ഒരുമിച്ചു കഴിയണമെന്നാണു എന്റെ ആശ...എന്നാൽ—

(അണിയറയിൽ) "അതു സാദ്ധ്യമല്ല"

(ഇളംതളിർത്തൊത്ത് അരയിലും, മുല്ലമാല കഴുത്തിലുമണിഞ്ഞുകൊണ്ട് കുമാരി സത്യവതി പ്രവേശിക്കുന്നു അമ്പരന്നു അണിയറയിലേക്കു നോക്കി. "സാദ്ധ്യമല്ല!" എന്നുപറയുന്നു.)

സുഷമ—കുമാരി! ഉം എന്തുവിശേഷം. നിന്റെ പൂമെയ് വാടിവിയർത്തിരിക്കുന്നുവല്ലോ?

കലാവതി—മകളേ! നിന്റെ മുഖം ക്രമത്തിലധികം ചുവന്നിരിക്കുന്നു!

സത്യവതി—അമ്മേ! (കൈചൂണ്ടി) അതാ നോക്കണം. ആ മനുഷ്യൻ എന്നെ ഭയപ്പെടുത്തുന്നു. അന്ധകാരത്തിൽ നെയ്യേട്ടത്ത ആ പാവാട ഞാനുടുക്കണം പോലും!

സുഷമ—(സൂക്ഷിച്ചിട്ട്) കലാവതി! ഇന്നലെ രാത്രിവന്ന ആ മദ്യപാനിയാണവൻ.

കലാവതി—സുഷമേ! ആ കലാകാരനെ നീയധിക്ഷേപിക്കരുത്. എന്റെ ആരാധകനാണയാൾ. ആ വ്യക്തിയെ അനുഗ്രഹിപ്പാൻ ഞാൻ ബദ്ധകങ്കണയാണ്.

സത്യവതി—അല്ലെങ്കിലും അമ്മയ്ക്കീയിടെയായി എന്നോട് വലിയ വെറുപ്പാണ്. (സുഷമയെനോക്കി) അല്ലേ ചിററമ്മേ?

കലാവതി ഓമനെ! (സത്യവതിയെ തഴുകുന്നു) നീയെന്റെ ജീവനാണ് നിന്നെപ്പിരിഞ്ഞു ഞാനുണ്ടോ? എങ്കിലും ആശ്രയമററ ആ മനുഷ്യനെ സഹായിക്കാതിരിപ്പാൻ എനിക്കു നിവൃത്തിയില്ല.

സുഷമ—വത്സേ! നിന്റെ നിറംമാററങ്ങൾ എന്റെ ഹൃദയത്തെ നീററുന്നു. സഖി! കഴിഞ്ഞകാലത്തിലേക്ക് നീ ഒന്നു കണ്ണോടിച്ചുനോക്കു. ഫലമൂലാദികൾ അശിച്ച്, പരിശുദ്ധമായ നീരുറവിൽ ദാഹംതീർത്ത് ജീവിച്ചിരുന്ന ആ കാലം എത്ര ശ്രേഷ്ഠമായിരുന്നു! അതിനുശേഷം നീ മരവുരി ധരിച്ചു. വാസ്തവത്തിൽ എനിക്കശേഷമതിൽ തൃപ്തിയുണ്ടായിരുന്നില്ല. എങ്കിലും ഞാൻ നിന്റെ തോഴിയായിത്തന്നെ കഴിഞ്ഞു. ആഡംബരത്തിൽ ഭ്രമിച്ച നീ പൂന്തുകിൽ ചാർത്തി. അന്നും ഞാൻ മൗനം ഭജിച്ചു നിന്റെ ദാസിയായിത്തന്നെ നാളുകൾ പോക്കി.

സത്യവതി—(കലാവതിയോടായി) എന്നിട്ടും അമ്മയ്ക്ക് ചിററമ്മയോടു സ്നേഹമില്ലാതെ പോയല്ലോ! (കലാവതി അവ്യക്താർത്ഥസൂചകമായി ഒന്നു പുഞ്ചിരിക്കുന്നു. വൃക്ഷാഗ്രത്തിൽ നിന്നും വീണ്ടും ഒരു പൂങ്കുല നിലംപതിക്കുന്നു.)

സുഷമ—ഒരു വസന്തത്തിൽ നീ—വിശുദ്ധയായ നീ—മന്ദാരാരണ്യത്തിലെ മുന്തിരിച്ചാറുകുടിച്ചു. മദോന്മത്തയായി ചില മാർബിൾ ഭിത്തികളിൽ നഖംകൊണ്ട് എന്തൊക്കെയോ അന്നു നീ കുത്തിക്കുറിച്ചതായി ഇന്നു ഞാൻ ഓർക്കുന്നു. പക്ഷേ അന്നും ഞാൻ നിന്നോടുകൂടിയുണ്ടായിരുന്നു. എന്നാൽ ഇന്നു നാം സുമംഗലയായ വഞ്ചിവസുന്ധരാദേവിയുടെ അന്തേവാസികളാണ്. നീ നിന്നെത്തന്നെ സൂക്ഷിക്കേണ്ടകാലം ആസന്നമല്ല; അതീതമാണ്.

കലാവതി—വഞ്ചിവസുന്ധരാദേവി അനുകമ്പയുടെ അവതാരമാണെന്ന് എനിക്കറിയാം. ആ ദേവിയുടെ ഉദാരമനസ്ഥിതിയെപ്പററി, കുമാരിസത്യവതിയുടെ പിതാവു കുരുക്ഷേത്രത്തിൽവച്ച് എന്നോടു പറഞ്ഞിട്ടുള്ളതു ഞാൻ മറന്നിട്ടില്ല. സുഷമേ! നിന്നെക്കൂടാതെയെനിക്കു ജീവിക്കാനും കെല്പില്ല. പക്ഷേ, ആ മനുഷ്യനെ ഞാൻ സഹായിക്കും.

സുഷമ—സാരജ്ഞേ! പാത്രമറിഞ്ഞു ഭിക്ഷ നൽകാൻ, അതിപേലവമായ നിന്റെ ഹൃദയത്തിനു ത്രാണിയില്ല. കുമാരിസത്യവതി ബാലികയാണെങ്കിലും നിന്റെ ഇത്തരം പ്രവൃത്തികളെ ഒരിക്കലും സ്വാഗതംചെയ്യുകയില്ല.

സത്യവതി—അമ്മേ! അവിവേകം അതിന്റെ പരിപൂർണ്ണ നഗ്നാവസ്ഥയിൽ അമ്മയെ ഗ്രസിക്കുന്നുണ്ടാവാം.

കലാവതി—ഓമനേ! ഞാൻ എന്നെന്നേക്കും ആ മനുഷ്യനു കടപ്പെട്ടവളാണ്.

സുഷമ—(അണിയറയിലേക്ക നോക്കി) അതാ വരുന്നു ആ നീചൻ! കുമാരി വരൂ. നമുക്ക മണ്ഡപത്തിലേക്ക പോകാം. (രണ്ടുപേരും പോകുന്നു.)

(കലാകാരൻ പ്രവേശിക്കുന്നു. കൈയിൽ ഒരു ഭാണ്ഡവുമുണ്ട്. വൃക്ഷത്തിന്റെ കൊമ്പിലിരുന്ന ഒരു വാനംപാടിപ്പക്ഷി ഇങ്ങനെ പാടുന്നു.)

"ആയുസ്സുപോററുവാനാശിച്ചുനിത്യവും
പായുന്ന പട്ടിണിപ്പാടിന്റെബുദ്ബുദം! ."

കലാകാരൻ—അയി, കരുണാമയി! ഇന്നെങ്കിലും ഭവതിയെന്നെയനുഗ്രഹിക്കുമെന്നുള്ള ശുഭപ്രതീക്ഷയോടാണ് ഇങ്ങോട്ടു പുറപ്പെട്ടതു്. (കൈയിലിരുന്ന ഭാണ്ഡം കലാവതിയുടെ പാദങ്ങളിൽ സമർപ്പിക്കുന്നു.) ഒരുതരം പുതിയ ആഭരണങ്ങളാണിവയൊക്കെ. സദയം സ്വീകരിച്ചാലും!

കലാവതി—ഹെ! കലാകാര! താങ്കളെ നിരാശനാക്കിയയപ്പാൻ എനിക്ക വിഷമമുണ്ട്. എങ്കിലും—

കലാകാരൻ—(ഉത്കണ്ഠയോടെ)എങ്കിലും?

കലാവതി—എനിക്കതിനു നിവൃത്തിയില്ല! കുമാരിക്കും, എന്റെ പ്രിയസഖിക്കും താങ്കളോടു വലിയ വെറുപ്പാണ്.

കലാകാരൻ—ഭവതിയെ ഞാൻ വണങ്ങുന്നുവെങ്കിലും നഗ്നയായിക്കഴിയുന്ന കുമാരി സത്യവതിയെ ബഹുമാനിക്കാൻ എനിക്ക ധൈര്യം പോരാ. സുഷമയെ ഞാൻ വെറുക്കുകയുംചെയ്യുന്നു.

കലാവതി—(സ്വഗതം) വന്ദ്യനായ പിതാവേ! ഈ ധമ്മസങ്കടത്തിൽനിന്നും എന്നെ രക്ഷിക്കണേ!

(ആകാശത്തിൽനിന്നുമൊരശരീരി പൊങ്ങുന്നു.)

"അയി! കലാവതി! സത്യവതിയേയും ശ്രീമതി സുഷമയേയും പിരിയേണ്ട കാലം നിനക്കാസന്നമായിരിക്കുന്നു—!"

കലാവതി—അല്ലയോ കലാകാരാ! ഈ സമ്മാനങ്ങൾ എനിക്ക സ്വീകരിപ്പാൻ നിവൃത്തിയില്ല. ദയവുചെയ്തു തിരിച്ചെടുത്താലും! എന്നെയുപദ്രവിക്കരുതേ! എന്റെ ഓമന!—കുമാരിസത്യവതി!—അവളേയും സുഷമയേയും വേർപിരിയുക എന്നാലസാദ്ധ്യം.

കലാകാരൻ—ഞാൻ ഇന്നലെ പറഞ്ഞതെല്ലാം ഭവതി മറന്നുകഴിഞ്ഞിരിക്കുന്നു. ദേവി! ഈയൊരു ത്യാഗം അവിടുന്നനുഷ്ഠിച്ചേ മതിയാകൂ. എന്റെ ഭാര്യയും കുഞ്ഞുങ്ങളും പട്ടിണിയിൽകിടന്ന് എരിപൊരികൊള്ളുകയാണ്.

കലാവതി—(അനുകമ്പാപൂർവം) കലാകാരാ! താങ്കളുടെ അവശസ്ഥിതിയിൽ ഞാനകമഴിഞ്ഞു സഹതപിക്കുന്നു.

കലാകാരൻ—ആ സഹതാപം പ്രവൃത്തിപഥത്തിലാക്കാനാണു ഞാൻ യാചിക്കുന്നതു്.

കലാവതി—അയ്യോ! അതിനു ഞാനെന്തു ചെയ്യണം?

കലാകാരൻ—എന്റെ ദാരിദ്ര്യനിവൃത്തിക്കായി ദേവി ഒന്നു നൃത്തംചെയ്യണം. പക്ഷേ ഞാൻ സജ്ജീകരിച്ചിട്ടുള്ള ഒരു നൃത്തവേദിയിൽവെച്ചായിരിക്കണമതു്.

കലാവതി—സുഷമയെക്കൂടാതെ നൃത്തംന ടത്താൻ എനിക്കു കഴിവില്ല.

കലാകാരൻ—സുഷമയേപ്പോലെയുള്ള ആ യിരം തോഴിമാരെ ഞാൻ ഭവതിക്കു തരാം.

കലാവതി — എനിക്ക് എൻെറ സുഷമയും കുമാരിയും മതി.

കലാകാരൻ—ഞാൻ വീണ്ടും കണ്ണുനീരോ ടെ അപേക്ഷിക്കുന്നു. എൻെറ കുഞ്ഞു ങ്ങളെ പട്ടിണിപ്പിശാചിൻെറ പിടി യിൽ നിന്നും രക്ഷിക്കാൻവേണ്ടിയെങ്കി ലും ദേവി ഒന്നു നൃത്തംചെയ്യണം.

കലാവതി—ഞാൻ പറഞ്ഞില്ലെ, ഏക യായി നൃത്തംചെയ്യാൻ ഞാനഭ്യസിച്ചി ട്ടില്ലെന്നു്.

കലാകാരൻ—എനിക്കും എൻെറ കുഞ്ഞു ങ്ങൾക്കുംവേണ്ടി ഒന്നു പാടാനെങ്കിലും ദേവി ഒരുമ്പെട്ടുമോ?

കലാവതി—എൻെറ കുമാരിസത്യവതി പാടുന്ന വരികൾ മാത്രമേ ഞാനേററു പാടാറുള്ളു.

കലാകാരൻ—എനിക്കുവേണ്ടി ഒരു പുഞ്ചി രിതൂകുമോ?

കലാവതി—സുഷമയില്ലാത്ത പുഞ്ചിരി മര ണത്തിൻെറ പല്ലിളിപ്പാണു്.

കലാകാരൻ—സുഷമയെ ഞാൻ കാര്യമാ യി ഗണിക്കുന്നില്ല. സത്യവതിയെ ഞാ നും എൻെറ കൂട്ടുകാരും കഠിനമായി വെ റുക്കുകയും ചെയ്യുന്നു.

കലാവതി—എന്നാൽ താങ്കൾ ദയവുചെ യ്തു ഇവിടെനിന്നും പോവുക.

കലാകാരൻ—നീറിപ്പുകയുന്ന ഒരു ഹൃദയ ത്തിൻെറ അവസ്ഥ ഭവതിക്കജ്ഞാതമാ ണെന്നു തോന്നുന്നു.

കലാവതി—ഒരിക്കലുമല്ല! താങ്കൾക്കു് സു ഷമയേയും, കുമാരിയേയും പ്രീണിപ്പിക്കു വാൻ കഴിയാതെ പോയതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. താങ്കൾ ദയ വായിപ്പോവുക.

കലാകാരൻ—ഞാൻ പോകാം. പക്ഷെ അടുത്ത സൂര്യോദയത്തിൽ എൻെറ ഭാ ര്യയും കുഞ്ഞുങ്ങളും ശവശരീരങ്ങളായി പ്പോകും.

കലാവതി—അഹോ! ധർമ്മസങ്കടം. പ്രി യപ്പെട്ട കലാകാര! എനിക്കു നിവൃത്തി യില്ല—പോ—യാ—ലും.

(കലാകാരൻെറ മുഖം രൂക്ഷമാകുന്നു. പൈശാചികമായ ഒരുപുഞ്ചിരി അവൻെറ മുഖത്തു പരക്കുന്നു.)

കലാകാരൻ—കലാവതീ! എന്നെ ഒന്നു സൂ ക്ഷിച്ചുനോക്കൂ. ചെന്താമരയും ആമ്പ ലും നിൻെറ പാദത്തിൽവെച്ചു കുമ്പിട്ട താടിക്കാരൻെറ വംശജനല്ല ഞാൻ. (അരയിൽതിരുകിയിരുന്ന ഒരായുധം പു റത്തെടുക്കുന്നു.) ഇതാ നോക്കൂ! ഈ ആയുധവിശേഷത്തെ നീ ഇതിനുമുമ്പു് ഒരിക്കലും കണ്ടിരിക്കയില്ല. നീ എന്തി നു വിറയ്ക്കുന്നു. നിൻെറ നീണ്ട കണ്ണു കൾ അഞ്ചുന്നതെന്തിനു്? ഓ! ഇതി ൻെറ പ്രഭകൊണ്ടായിരിക്കും. എൻെറ സന്താനങ്ങളുടെ നെടുവീർപ്പുകൊണ്ടു് കൂ ടുതൽ മൂർച്ചയേറിയിട്ടുണ്ടു്. ഈ ആയു ധമാണു് 'അധികാരം'. ഇതാ നിന്നോട വസാനമായി ഞാൻ ചോദിക്കുന്നു. എ നിക്കുവേണ്ടി നീ ഒന്നു പുഞ്ചിരിക്കണം.

കലാവതി —(പരിഭ്രാന്തയായി) എൻെറ കു മാരി—ഹാ സുഷമേ!

കലാകാരൻ—സുഷമയും, കുമാരിയും ഈ ആയുധവിശേഷത്തിനടിമയാണ്. ഉം. സമയമായി. ആ രക്താധരങ്ങൾ ഒന്നു വിടിത്തു. എൻെറ ലോകം ആ പുഞ്ചിരി കാണുവാൻ—എൻെറനേക്ക വെള്ളിനാണയങ്ങൾ വാരിവിതറാൻ—അക്ഷമയോടെ കാത്തുനിൽക്കയാണ്.

(അണിയറയിലേക്കുനോക്കി)സുഹൃത്തേ! ഒളിച്ചുനിൽക്കാതെ രംഗത്തുവരിക.

(ശാസ്ത്രജ്ഞൻ പ്രവേശിക്കുന്നു. കൈകളിൽ ചിറകുകൾ വച്ചുകെട്ടിയിട്ടുണ്ട്. സൂക്ഷ്മബുദ്ധിയെ ദ്യോതിപ്പിക്കുന്ന മുഖഭാവം)

കലാവതി—(ശാസ്ത്രജ്ഞനെ തൊഴുതുകൊണ്ട്) മഹാനായ ദൈവദൂതാ! എന്നെയീ അധികാരത്തിൻെറ പിടിയിൽനിന്നും രക്ഷിക്കണേ!

കലാകാരൻ (ഹാസ്യസ്വരത്തിൽ) നിരത്ഥങ്ങളായ പഴയ സ്വപ്നങ്ങളുടെ അലയടിയേററു നിൻെറ തലച്ചോർ ക്രമത്തിലധികം ചൂടുപിടിച്ചുപോയി. ഈ മഹാൻ ദൈവദൂതനല്ല; എൻെറ ആത്മമിത്രമായ ശാസ്ത്രജ്ഞനാണ്.

കലാവതി—ഭവാനും ഈ ഘോരകൃത്യത്തിൽ പങ്കുകൊള്ളാനാണോഭാവം?

ശാസ്ത്രജ്ഞൻ—മാന്യസോദരി, ഞാനതിനു നിർബന്ധിതനാണ്. ഭവതിയുടെ കണ്ണിൽ ഘോരകൃത്യങ്ങളെന്നു തോന്നുന്ന സകലതിനും പങ്കുകാരനാകാതിരിപ്പാൻ എനിക്കു നിവൃത്തിയില്ല. എൻെറ ചുററുപാടുകൾ അങ്ങിനെയുള്ളതായിപ്പോയി. വെള്ളച്ചാട്ടംകണ്ട് എൻെറ സുഹൃത്തായ കലാകാരൻ ആനന്ദിക്കുന്നതുപോലെ രക്തച്ചൊരിച്ചിൽകണ്ടു ഞാനും ആനന്ദിക്കും; ആനന്ദിക്കണം. അല്ലെങ്കിൽ എൻെറപേരു് അത്ഥവത്തല്ലാതായിത്തീരും.

കലാവതി—(സഗദ്ഗദം വൃക്ഷത്തിനോടായി) ഗംഭീരനായ ശിരീഷവൃക്ഷമേ! നീയെന്തിന് ഇലകൾ പൊഴിക്കുന്നു? നിൻെറ ശീതളച്ഛായയിൽ സ്വച്ഛന്ദം വിഹരിച്ച ഞാൻ ഇതാ നിൻെറ കൺമുമ്പിൽവെച്ചുതന്നെ മൃതിയടയുന്നുണ്ട്. പക്ഷെ അതിനുമുമ്പ് എൻെറ ഓമനമകളെ ഒന്നു കണ്ടിരുന്നുവെങ്കിൽ—

ശാസ്ത്രജ്ഞൻ—(മുന്നോട്ടാഞ്ഞു്) ഭവതിയുടെ മകൾ ആരാണ്?

(കലാകാരൻ വാൾഉയത്തി പറയരുതെന്നു വിലക്കുന്നു)

ശാസ്ത്രജ്ഞൻ—ഏതായാലും എനിക്കു സമയമായി ചന്ദ്രലോകത്തിലെത്തിച്ചേരുവാനുള്ള വഴി കണ്ടുപിടിക്കേണ്ട ജോലിക്കൂടിയെനിക്കുണ്ട്.

കലാകാരൻ—സ്നേഹിത! താങ്കൾ താങ്കളുടെ പ്രാരംഭച്ചടങ്ങു നിവ്വഹിക്കുക.

ശാസ്ത്രജ്ഞൻ—കലാവതി! ശാസ്ത്രജ്ഞനായ എൻെറ മാന്ത്രവിദ്യ നിന്നെ സ്തംഭിപ്പിക്കും (പൈശാചികമായി ഒന്നലറുന്ന തോട്ടക്കൂടി രംഗം അന്ധകാരത്തിലാണ്ടു പോകുന്നു. അരനിമിഷംകഴിഞ്ഞു വീണ്ടുമൊരലച്ച് പൊങ്ങുന്നു. അതോടുക്കൂടി രംഗംമുഴുവൻ ആലക്തികദീപങ്ങളേക്കൊണ്ട് ഭാസ്വത്തായി മാറുന്നു.)

കലാകാരൻ—(കലാവതിയുടെ വക്ഷസ്സിൽ വാൾ ഊന്നി പിൻതിരിഞ്ഞു പറയുന്നു) പരിഷ്കൃതസദസ്യരേ! എൻെറ ചിരകാലപ്രയത്നത്തിൻെറ ഫലമായി ഇതാ കലാവതിയെ നിങ്ങളുടെ മുമ്പിൽ ഞാൻ

അവതരിപ്പിക്കുന്നു. ഇവളുടെ ദന്തപംക്തികളുടെ ധ്വളിമയിൽ ഈ സഭാവാസികളിൽ ഒരു വ്യക്തിയെങ്കിലും പുളകംകൊണ്ടാൽ ഞാൻ കൃതാർത്ഥനാണു്. അതുമാത്രമാണു് എന്റെ വിജയം; അതുമാത്രമാണു് എന്റെ പ്രതിഫലം.

(അണിയറയിൽ ഹസ്തഘോഷം മുഴങ്ങുന്നു. ഇരുവശങ്ങളിൽനിന്നും നാണയങ്ങൾ രംഗത്തുവന്നുവീണു കുമിയുന്നു.)

ശാസ്ത്രജ്ഞൻ—(ഒരു വസ്ത്രത്തിൽ നാണയങ്ങൾ പെറുക്കികെട്ടുന്നു)

കലാകാരൻ—ഛെ! അതിനു നിങ്ങൾക്കധികാരമില്ല.

ശാസ്ത്രജ്ഞൻ—(പുച്ഛസ്വരത്തിൽ) പിന്നെയാക്കാണോ?

കലാകാരൻ—(കോപാവേശനായി വാൾ ഓങ്ങി വെട്ടുന്നു. ശാസ്ത്രജ്ഞൻ നിലംപതിക്കുന്നു.) വെള്ളിനാണയത്തിന്റെ മിന്നമിനുപ്പിൽ രക്തത്തിന്റെ നിറം തെളിഞ്ഞു കാണുകയില്ല. (നാണയങ്ങൾ കൈയിലാക്കി) ആറു! എന്റെ സന്താനങ്ങൾക്കു വേണ്ടിയാണിതു്. അതെ! ജീവനുള്ള ആ അസ്ഥിപഞ്ജരങ്ങൾക്കുവേണ്ടി! ദൈവത്തിന്റെ മുമ്പിൽ ഞാൻ ഒരപരാധിയല്ല. സദസ്യർക്കു നമസ്കാരം (മറയുന്നു.)

(കലാവതി നിലംപതിക്കുന്നു. നിലത്തു കിടന്നു ആലസ്യത്തോടെ "കുമാരി മകളേ! സത്യവതീ-സത്യ-വ-തീ...!"എന്നു വിലപിക്കുന്നു. ശാസ്ത്രജ്ഞൻ ഝടിതിയിൽ എണീററു്, സ്വശിരസ്സിലുള്ള മുറിവിൽനിന്നും പ്രവഹിക്കുന്ന രക്തത്തെ കൈകൊണ്ടു തുടയ്ക്കുന്നു. അനന്തരം കലാവതിയെ സമീപിച്ചു്,

"ദേവി! അവിടത്തെ പുത്രിയെവിടെ?"

കലാവതി—(അതു ശ്രദ്ധിക്കാതെ) മകളേ! മകളേ!

(അണിയറയിൽ) അമ്മേ! ഞാനിവിടെത്തന്നെയുണ്ടു്. സുഷമാദേവി കല്പനാലോകത്തിലേക്കോടിക്കളഞ്ഞു!

കലാവതി—മകളേ സത്യവതി! ഒന്നടുത്തു വരൂ. നിന്നെ ഞാൻ അവസാനമായി ഒന്നു ചുംബിക്കട്ടെ!

(അണിയറയിൽ) വേണ്ടമ്മേ! എന്റെ പൂങ്കവിളിൽ കരിപുരളും.

കലാവതി—(ദീനസ്വരത്തിൽ) അഹോ മന്മാരുന്തുദമായ വിധിവൈപരീത്യം!

ശാസ്ത്രജ്ഞൻ—കലാവതി! കുമാരി സത്യവതി ദേവിയുടെ മകളാണോ? അയ്യോ അവളെ കണ്ടുപിടിക്കാനാണല്ലോ എന്റെ ജീവിതം. (വേഗം കൈവീശി അണിയറയിലേക്കോടുന്നു)

(അണിയറയിൽനിന്നും ഒരുശബ്ദം)

ചിറകുവച്ചുകെട്ടിപ്പറക്കുന്ന ശാസ്ത്രജ്ഞാ! നിന്റെ അറിവില്ലായ്മയിൽ ഞാൻ അതിശയിക്കുന്നു. കല്പാന്തകാലംവരെ നീ പറന്നാലും എന്നെക്കാണുകയില്ല.

കലാവതി—അതെന്റെ ഓമനയുടെശബ്ദമല്ലേ?• (വീണ്ടും മൂർച്ഛിക്കുന്നു)

അണിയറയിൽ വീണ്ടും ഒരു മധുരസ്വനം)

കലാവതിയെ കളങ്കപ്പെടുത്തിയ കലാകാരാ, നിനക്കു് എന്നെക്കാണാൻ ഇടയാകാതിരിക്കട്ടെ.

# പ്രതീക്ഷ.

(ലളിതാംബിക അന്തൎജ്ജനം)

മംഗലാതിഥേ! ഭവദാഗമമോൎത്തോൎത്താണീ-
മൺകുടിലിലുമൊരുദീപം ഞാൻ കൊളുത്തുന്നു.

അന്നന്നുപൊടിയുടച്ചത്യന്തം വിശുദ്ധമാ-
യെന്നറയ്ക്കകം പനിനീർതളിച്ചൊരുക്കുന്നു.

അങ്ങയെപ്പൂജിക്കുവാനല്ലെങ്കിലെന്തിന്നായി-
പ്പൊന്നലരുകൾ പറിച്ചീടുവാനലയും ഞാൻ.

ജീവിതവിഭാകര! വല്ലനാളെന്നാകിലു-
മീവഴിയ്ക്കുവിട്ടത്തേത്തേരുരുൾ തിരിയുകിൽ.

പ്രേമസൗന്ദൎയ്യാസ്പദമോൽസുകമാനേത്രങ്ങ-
ളീവനവിഭാഗത്തിലല്പാല്പമുഴിയുകിൽ

പാവനാതപത്തെത്തേടും നിൻകടമിഴിയിലി-
ത്താപസകുടീരവുമാലക്ഷ്യമായെന്നാകാം.

അന്നുനിൻനയനാന്തഭൃംഗങ്ങൾക്കൊരുമാത്ര
മംഗലാതിഥ്യം നൽകാൻ കാത്തു കാത്തി-
രിപ്പു ഞാൻ.

---

കലാവതി — അയ്യോ എന്റെ സുഷമയുടെ ശബ്ദമല്ലേ ഞാനീ കേൾക്കുന്നതു്. (മൂൎച്ഛിക്കുന്നു)

ശിരീഷവൃക്ഷത്തിലെ ഇലകൾ ഓരോന്നായി അടൎന്നുവീണു് കലാവതിയുടെ ശരീരത്തെ മറയ്ക്കുന്നു. ചന്ദ്രിക വ്യാപിച്ചതോടുകൂടി നക്ഷത്രമണ്ഡലത്തിൽനിന്നും ഒരു ശബ്ദം.

"കലാവതീ! ശാന്തി കൈവരിക്കൂ. വിദൂരമായ ഒരു ഭാവിയിൽ നീ സുഷമയേയും, കുമാരിയേയും കണ്ടുമുട്ടും അവരുമൊന്നിച്ചു നീ ആനന്ദതാണ്ഡവം നടത്തും. ഈ ദുഃഖം ക്ഷണികമാണു്. ആദിത്യന്റെ ആതപമേറ്റു പകൽമുഴുവൻ ഹൃദയം പുകഞ്ഞുകഴിഞ്ഞ സാഗരകന്യക, നിശാവേളയിലിതാ അംശുമതിയെ ചുംബിക്കുന്നതു നോക്കുക! കലാവതി! എഴുന്നേറ്റാലും!"

വൃക്ഷശിഖരത്തിലിരുന്ന ഒരു രാക്കുയിൽ കലാവതി എണീറ്റാലും!

# ഇ ഖ് ബാ ൽ

(കെ. മുഹമ്മദലി ബി. എ., എൽ. ററി.)

'എന്റെ സഞ്ചാരവേളയിൽ പെർഷ്യൻ ഭാഷ സംസാരിക്കുന്ന ഭാഗങ്ങളിലെല്ലാംതന്നെ ഇഖ്ബാലിന്റെ നാമം പ്രകീർത്തിതമാണു്. എനിക്കദ്ദേഹത്തെ ഒന്നുകാണണം.' പഞ്ചാബ്ഗവർണ്ണരുടെ അതിഥിയായ ഒരു യൂറോപ്യൻദേശസഞ്ചാരി പറഞ്ഞു. തന്റെ സുപരിചിതനായ മുഹമ്മദ്ഇഖ്ബാൽ, വിശ്വവിഖ്യാതനായ ഒരു മഹാകവിയാണെന്നു ഗവർണ്ണർക്കന്നാണു മനസ്സിലായതു്. സർ മുഹമ്മദ്ഇഖ്ബാലിന്റെ കവിതകളിൽ ചിലതു് ഇംഗ്ലീഷിനു പുറമെ ജർമ്മൻ, ഇററാലിയൻ എന്നീ ഭാഷകളിലേക്കുകൂടി പരിഭാഷപ്പെടുത്തിയിട്ടുള്ള വിവരം ഗവർണ്ണർ അന്നുവരെ അറിഞ്ഞിരുന്നില്ല. അത്ഭുതമില്ല.

വിദൂരവാസികളായ പണ്ഡിതന്മാരുടേയും പാമരന്മാരുടേയും ഹൃദയങ്ങളിൽചെന്നു ആഞ്ഞുതലയ്ക്കത്തക്ക അന്തഃശക്തി ഇഖ്ബാലിന്റെ കവിതകൾക്കുണ്ടു്. വിശ്വോത്തരങ്ങളായ പാരസികകവിതാഹാരത്തിൽ ഇഖ്ബാലിന്റെ വികസിതകുസുമത്തിനും സ്ഥാനമുണ്ടു്. ഇക്കാലത്തു് ഇറുത്തെടുത്ത പുഷ്പമായതുകൊണ്ടു സൌരഭ്യവും സുഷമയും കൂടുതലുണ്ടു്.

മഹാകവിയുടെ പരിലാളനം പെർഷ്യനും ഉർദുവിനും ഒരുപോലെ ലഭിച്ചു. പക്ഷപാതംകൂടാതെ രണ്ടിനേയും ഒരുപോലെ അദ്ദേഹം പോഷിപ്പിച്ചിട്ടുണ്ടു്. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ ലാഹോറിൽ കൂടിയ ഒരു കവിസംഘത്തിൽ, (മുഷായിറ) ഇഖ്ബാൽ തന്റെ കവിതകൾ വായിക്കയുണ്ടായി. അന്നത്തെ മഹാകവികൾ അദ്ദേഹത്തെ മുക്തകണ്ഠം സ്തുതിച്ചു. മറെറാരവസരത്തിൽ വായിച്ച "ഹിമവാന്റെ രമണീയത", അദ്ദേഹത്തെ ഉർദുകവികളിൽ ഉന്നതനാക്കി. ഇക്കാലത്തു പ്രസിദ്ധീകൃതമായ തസ്‌വീരീദർദ് (വേദനയുടെ ചിത്രം) സാഹിത്യലോകത്തെ ഒരു നവോല്ലേഖവും ഭാവനയുടെ മകുടവുമാണു്. അദ്ദേഹം ഉർദുവിൽ അംഗീകൃതനായ ഒരു കവിയല്ല, മഹാകവിയായിത്തീർന്നു.

സർ മുഹമ്മദ്ഇഖ്ബാലിന്റെ കവിതകളും അദ്ദേഹത്തിനു പ്രത്യേക വാസനയും അഭിരുചിയുമുള്ള വിഷയവും—തത്വജ്ഞാനം—തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. അദ്ദേഹത്തിന്റെ സ്മരണീയഗുരുവായ സർ തോമസ്സ്ആർനാൾഡ് ഇംഗ്ലണ്ടിലേക്കു തിരിച്ചയുടനെ മഹാകവി, തത്വജ്ഞാനവിഷയകമായി ഉപരിപഠനം നടത്തുന്നതിനും ആ വിഷയത്തിൽ ഗവേഷണങ്ങൾ നടത്തുന്നതിനും കേംബ്രിഡ്ജിലേക്കു തിരിച്ചു. ഗവേഷണഫലമായി അദ്ദേഹം രചിച്ച "പാരസികമിസ്റ്റിസിസം" എന്ന പ്രബന്ധത്തിനു്, കേംബ്രിഡ്ജിൽനിന്നു ലഭിച്ച ബിരുദത്തിനുപുറമെ മ്യൂണിച്ചുസർവ്വകലാശാലയിൽനിന്നു പി. എച്ച്. ഡി. ബിരുദവും ലഭിച്ചു. പക്ഷെ പാരസികമിസ്റ്റിസിസം അദ്ദേഹത്തിൽ ഊറിയുറയ്ക്കുന്നതിനു പകരം അതിന്റെ ഉറവു മറെറാരുമാർഗ്ഗേണ ബ

ഹിർഗ്ഗമിക്കയാണുണ്ടായതു്. കർമ്മപാതയിൽനിന്നകന്ന മിസ്റ്റിസിസത്തോടു അദ്ദേഹത്തിനു് അനുകമ്പയില്ല. ഇഖ്ബാലിന്റെ മിസ്റ്റിസിസം കർമ്മനിരസിതമല്ല, കർമ്മവികസിതമാകുന്നു. സുപ്രസിദ്ധനായ ഒരു നിരൂപകന്റെഭാഷയിൽ, ഇഖ്ബാൽ മിസ്റ്റിസിസത്തിൽനിന്നുകൊണ്ടു മിസ്റ്റിസിസത്തോടു മിസ്റ്റിക്സമരംനടത്തുകയാണു ചെയ്യുന്നതു്.

ഇഖ്ബാലിന്റെ കവിതാരാമത്തിലേക്കു വീണ്ടും എത്തിനോക്കാം. നിത്യനൈമിത്തികങ്ങളിൽനിന്നു ഒഴിഞ്ഞുമാറി, ഏകാന്തമായ ജീവിതത്തെ വരിച്ചു് ഏകാഗ്രതയിൽ നിത്യമിരിക്കുന്ന ജീവിതം ജീവിതമല്ലെന്നും, മനുഷ്യനു് അഭികാമ്യമായ ജീവിതം, അഥവാ, മനുഷ്യനനുഭവിക്കുന്ന ജീവിതം ജീവിതരണാങ്കണത്തിലെ സുധീരനായ ഒരു യോദ്ധാവിന്റെതാണെന്നും ആണു് അദ്ദേഹത്തിന്റെ മതം. തിക്കിത്തിരക്കി മുന്നോട്ടുള്ള ത്വരിതഗമനം——അതാണു മനുഷ്യന്റേതു്; മങ്ങിമയങ്ങി—അനങ്ങാത്ത മൗനമല്ല. കവിയുടെ കൃതികൾ പുസ്തകരൂപത്തിൽ ആദ്യം പ്രസിദ്ധീകരിച്ചപ്പോൾ, ആ കവിതാഞ്ജലിക്കു നൽകിയ നാമംതന്നെ അദ്ദേഹത്തിന്റെ ആദർശത്തെ പ്രകടമാക്കുന്നുണ്ടു്. ബാംഗ്-ഇ-ദിറാ. (ഒട്ടകസംഘത്തിന്റെ മണിനാദം ) മണിനാദം, ഉറങ്ങുന്ന ഒട്ടകസംഘത്തെ ഉണർത്തി കർമ്മോന്മുഖവും പുരോഗമനോന്മുഖവും ആക്കിത്തീർക്കുന്നു. പ്രസ്തുത കാവ്യാരാമം ഉൾക്കൊള്ളുന്ന രണ്ടു കാവ്യതല്ലജങ്ങൾ വക്തവ്യങ്ങളത്രെ. "ഷിക്ക്വാ" (പരാതി - ദൈവത്തോടു്) ദൈവാജ്ഞയ്ക്കു കീഴ്പെട്ടു നടക്കുന്ന മനുഷ്യനു വാഗ്ദാനംചെയ്യപ്പെട്ട സ്വർഗ്ഗരാജ്യം എവിടെ? വിജയം എവിടെ? സുഖം എവിടെ? സുദീർഘമായ ആ കവിതയുടെ മർമ്മഭാഗം ഇതാണു്. പ്രകൃത കാവ്യംകൊണ്ടു്, മനുഷ്യനെ നൈരാശ്യത്തിനു വിധേയനാക്കുവാനോ ജീവിതം ശോകപ്രധാനമെന്നു പ്രബോധനംചെയ്യുവാനോ അല്ല കവി ഉദ്ദേശിക്കുന്നതു്. മറെറാരു കവിതയാണു പ്രസ്തുത പ്രശ്നങ്ങൾക്കു് ഉത്തരം നൽകുന്നതു്. നോക്കുക, "ജവാബ്-ഇ-ഷിക്ക്വാ" (പരാതിക്കു മറുപടി) ആരണ്യത്തിൽനിന്നുയരുന്ന ഈ രോദനകോലാഹലം ആരുടെ? ആരതു്, ഇഖ്ബാലോ? നമുക്കു കീഴ്പെട്ടവരെ സൂക്ഷിച്ചുനോക്കു, ജനതയെനോക്കു, ചരിത്രത്തിന്റെ ഏടുകളെ പിന്നോട്ടു മറിക്കു. കാണാം, സൌവർണ്ണകാലം. സ്വർഗ്ഗരാജ്യം. ത്രികരണങ്ങൾകൊണ്ടു സല്ക്കർമ്മംചെയ്ത മനുഷ്യർ—ജനതതിക്കു നാം സ്വർഗ്ഗരാജ്യംതന്നെ നൽകി. ഉദാഹരണങ്ങൾ എണ്ണിയെണ്ണി കേൾക്കു ഇങ്ങനെ ലോകത്തിന്റെ ശൈശവകാലംമുതൽ ഉത്ഭവിച്ചു വളന്നിട്ടുള്ള വിവിധ രാഷ്ട്രങ്ങളുടെയും ചരിത്രങ്ങളെ അവലോകനംചെയ്തുകൊണ്ടു് ആ കവിത പുരോഗമിക്കുന്നു. കർമ്മം—പ്രവൃത്തി—അനുസ്യൂതമായ പ്രവൃത്തി—അതാണു ജീവിതവിജയം; വിജയകവാടം

ഇംഗ്ലണ്ടിൽവച്ചാണു്, ഇഖ്ബാൽ പാരസികകവിതകൾ നിർമ്മിക്കുവാനാരംഭിച്ചതു്. ആദ്യത്തെ പാരസികകവിതയാകുന്നു അസ്റാർ-ഇ-ഖുദി, അഥവാ, ആത്മരഹസ്യങ്ങൾ. ഈ ഒരൊററക്കൃതിമതി ഇഖ്ബാലിനെ അനശ്വരകവിയാക്കാൻ എന്നാണു് ആംഗ്ലേയനിരൂപകന്മാരുടെ അഭിമതം. പ്രൊഫസർ ആർ. എ. നിക്കൽസൺ ആ കൃതി ഇംഗ്ലീഷിലേയ്ക്കു വിവർത്തനംചെയ്യുകയും തദ്വാരാ, അതു ജർമ്മൻ, ഇററാലിയൻ എന്നീ ഭാഷകളിലേയ്ക്കു പകരുകയും ചെയ്തു. വിശ്വകാവ്യങ്ങളുടെയിടയിൽ അതു് അദ്വിതീയമായ സ്ഥാനംനേടി. മനുഷ്യനിലുള്ള മനുഷ്യനെ കർമ്മമാർഗ്ഗത്തിലേക്കു കൊണ്ടുവരിക, വ്യക്തിമാഹാത്മ്യത്തെ ബഹിർസ്ഫുരിപ്പിക്കുക, ധൈര്യവും ശ

കതിയും കൈയിലേന്തി, തിരശ്ശീല നീക്കി ആഹവപരമായ ആനന്ദത്തോടുകൂടി അഭിനയിക്കുക—ഇതാണു് "അസ്റാർ ഇ-ഖുദി" നൽകുന്ന സന്ദേശം.

"അസ്റാറി"നെ അനുഗമിച്ചതു "റാമൂസ്-ഇ-ബേ ഖുദി" (ആത്മത്യാഗരഹസ്യങ്ങൾ) എന്ന കൃതിയാണു്. വ്യക്തിത്വത്തെ നിയമത്തിനു വിധേയമാക്കി മനുഷ്യസേവനസമുന്നതാദർശത്തെ ഈ കൃതി ഉൽഘോഷിക്കുന്നു. 'സബൂർ-ഇ-അജം' (പേർഷ്യയുടെ ഗീതങ്ങൾ) സുന്ദരവികാരങ്ങളെ ഉല്ലേഖനം ചെയ്യുന്നു. കവിയുടെ ഭാവനാവിലാസം കാണാവുന്നതു്, "ജാവിദ്-നാമാ" എന്ന കൃതിയിലാണു്. സൂഫിപ്രമുഖനും പാരസികഗായകനുമായ ജലാലുദ്ദീൻ റൂമിയോടൊരുമിച്ചു് കവി ഉപരിലോകത്തു സഞ്ചരിക്കുന്നതിന്റെ ചിത്രമാണു ഇതിൽ നാം ദർശിക്കുന്നതു്. കവി, പൌരസ്ത്യദേശങ്ങളുടെ സന്ദേശകാഹളം മുഴക്കുന്നതു് "പയാം ഇ മഷ്രിക്ക്" (പൌരസ്ത്യസന്ദേശം) എന്ന കാവ്യസഞ്ചയത്തിൽക്കൂടിയാണു്.

പാരസിക കവിതകളിൽ വ്യാപൃതനായിരുന്ന കവിയോടു ഉർദ്ദു സഹൃദയലോകം പരാതി പറയുവാൻ തുടങ്ങി. തൽഫലമായി "ബാൽ-ഇ-ജിബ്രീൽ" (ഗേബ്രിയേലിന്റെ പക്ഷങ്ങൾ) 'സർബ്ബ് ഇ ഖലീം' എന്നീ കൃതികൾ പ്രസിദ്ധീകൃതങ്ങളായി. കർമ്മസന്ദേശംതന്നെയാണു് ഈ കൃതികൾ വഹിക്കുന്നതു്. സുദീർഘനാമവാഹിനിയായ ഒരു കവിതാകാമിനിയെ ഈയവസരത്തിൽ വിസ്മരിക്കാവതല്ല. 'പാസ്ചിബയിദ്കർദ്ദ അയ് അഖ്വാം ഇ-ഷർഖ്'- (പൌരസ്ത്യരെ നാം എന്തു ചെയ്യണം) പൌരസ്ത്യരാജ്യങ്ങളോടു മുന്നോട്ടു ഗമിക്കുവാൻ ഈ കവിത ഉൽബോധിപ്പിക്കുന്നു. 'ഹിജാസിന്റെ സമ്മാനം' എന്ന പാരസിക കവിതാസഞ്ചയത്തിന്റെ അച്ചടിജോലി നടന്നുകൊണ്ടിരുന്ന അവസരത്തിലാണു്, 1938 ഏപ്രിൽ 21-ാംതീയതി, മഹാകവി ഐഹികജീവിതത്തിൽ നിന്നു പിന്മാറിയതു്.

പൌരസ്ത്യരാജ്യങ്ങളുടെ ശോഭനഭാവിയിൽ കവി വിശ്വസിക്കുന്നു. അനിയന്ത്രിതമായ പാശ്ചാത്യജനകീയഭരണത്തിൽ മഹാകവിക്കുള്ള വിശ്വാസം കുറവാണു്. "ജനകീയഭരണത്തിൽ തല തൂക്കിനോക്കുകയല്ല, എണ്ണിനോക്കുകയത്രേ ചെയ്യുന്നതു്." "ഇരുനൂറു കഴുതകളുടെ ഒന്നിച്ചുചേർന്ന തലയ്ക്കു ഒരു മനുഷ്യന്റെ ഗ്രഹണപാടവം ഉണ്ടാകുന്നതല്ലല്ലോ" ഇത്യാദി പഴഞ്ചൊല്ലു് സ്ഥാനത്തെ പ്രാപിച്ചിട്ടുള്ള കവിതാശകലങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കണ്ടെത്തുവാൻ കഴിയും.

പൌരസ്ത്യദേശങ്ങളുടെകഴിവുകളിൽ—പാശ്ചാത്യത്തെ കവച്ചുവെക്കുന്ന കഴിവുകളിൽ—മഹാകവി സുദൃഢം വിശ്വസിക്കുന്നു. ആ കഴിവുകളെ—സുഷുപ്തിയിൽ ആണ്ടുകിടക്കുന്ന ആ കഴിവുകളെ ഉണർത്തി ഉന്മേഷം നൽകുകയാണു് കവി ചെയ്യുന്നതു്. സ്രഷ്ടാവിനെ അറിയുന്നതിനു സൃഷ്ടിയെ ആരായുക—ദൈവത്തെ അറിയുന്നതിനു മനുഷ്യനെ അറിയുക—അന്യനായ ആ മനുഷ്യനെ അറിയുക—ഈ തത്വം ഇഖ്ബാലിന്റെ കവിതകളിൽ എവിടെയും ആരവം മുഴക്കിക്കൊണ്ടിരിക്കുന്നതായി കേൾക്കാം. അതിന്റെ പ്രതിധ്വനി, പർവ്വതശൃംഗങ്ങളേയും മണലാരണ്യങ്ങളേയും അതിക്രമിച്ചു് അക്കരെയുംഇക്കരെയും കേൾക്കുന്നുണ്ടു്.

മഹാകവിയുടെ മദിരാശി പ്രസംഗങ്ങൾ—ആറെണ്ണം—ഈയവസരത്തിൽ വിസ്മരിക്കാവതല്ല. തത്വജ്ഞാനപ്രധാനമായ ആ പ്രസംഗങ്ങൾ യൂറോപ്പിലുള്ള തത്വജ്ഞാനികളെ ആകർഷിച്ചു. ഓക്സ്ഫ

# ചുംബനം.

(ഓംചേരി, നാരായണപിള്ള.)

അധരങ്ങൾതന്മഞ്ജുഭാഷയാണാ-
മധുരമനോഹരചുംബനങ്ങൾ.
ഹൃദയങ്ങളാസുധാപാനചിന്താ-
മദകലിതാർദ്രം മയങ്ങിനില്ക്കെ,
ഭവനങ്ങൾവിട്ടൊരുതീർത്ഥയാത്ര-
യ്ക്കവരിറങ്ങുന്നിതപ്രേമഭക്തർ.
അധരത്തിൻസംഗമവേദിയിങ്ക-
ലവികലാമോദമങ്ങൊന്നുചേരും.

പ്രണയാങ്കിതന്നാടിത്തട്ടിൽനിന്നു-
മണയുന്നിതുല്ലോലതല്പജങ്ങൾ.
രദനഛദങ്ങളിൽത്തട്ടിവീണു·
മൃദധിയിൽത്തന്നെയലിഞ്ഞുചേരും
തന്നുതൻപ്രവേശസ്ഥലത്തുരണ്ടു-
തരളപ്രതീക്ഷകളൊത്തുകൂടും.

പ്രണയമാച്ചുംബനമാംലിപിയാൽ
പ്രമദഗാനങ്ങൾകുറിപ്പുചുണ്ടിൽ..
അധരത്തിൽനിന്നുമിറുത്തെടുക്ക-
മമലസുമങ്ങളാം ചുംബനങ്ങൾ
സരസം കൊരുത്തൊരു മാലയുമായ്
ഹൃദയങ്ങൾ വീണ്ടും തിരിക്കയായി.

(ടാഗോറിന്റെ ഒരു കവിതയിൽനിന്ന്)

ഫോർഡ്സർവകലാശാലക്കാർ ഒരു പ്രസംഗപരമ്പരയ്ക്കായി അദ്ദേഹത്തെ അങ്ങോട്ടു ക്ഷണിച്ചു. ക്ഷണം സ്വീകരിച്ചു. ആരോഗ്യം ചിലപ്പോൾ മഹാന്മാരെ കനിവോടെ അനുഗ്രഹിക്കാറില്ലല്ലോ. അനാരോഗ്യംമൂലം അദ്ദേഹം മററുപല യൂറോപ്യൻ സർവകലാശാലക്കാരുടെയും ക്ഷണം നിരസിക്കേണ്ടതായി വന്നു.

സർ മുഹമ്മദ് ഇഖ്ബാൽ മരിച്ചു. 1938-ൽ. അദ്ദേഹത്തിന്റെ ഐഹികബന്ധം മുറിഞ്ഞിട്ടില്ല. ഇന്നും മഹാകവി ജീവിക്കുന്നു. സഹൃദയലോകത്തിനു കീറിക്കളയാവുന്ന ഒരു കടലാസുതുണ്ടത്തിലല്ല അദ്ദേഹം തന്റെ ജീവിതത്തെ കുത്തിക്കുറിച്ചിട്ടുള്ളത്. അദ്ദേഹം പകർന്നുവെച്ച മുന്തിരിച്ചാറിന്റെ ഉറവിടം നശ്വരമല്ല. അതിന്റെ സ്വാദിനു ലാഘവമില്ല.

# വിധവ

(നാഗവള്ളിൽ, ആർ എസ്സ് കുറുപ്പ് ബി. എ)

അവരുടെ ഭൎത്താവു മരിച്ചു. എഴുപത്തിയെട്ടു വർഷം ഈ ലോകത്തിൽ കഴിച്ചുകൂട്ടിയിട്ടു് ആ വൃദ്ധൻ എല്ലാവരുടെയും അവസാനവിശ്രമരംഗമായ ആ അജ്ഞാതസ്ഥലത്തേയ്ക്കു പോയി. ഒരു പെണ്ണുൾപ്പെടെ മൂന്നുപേരെ അദ്ദേഹം മനുഷ്യസമുദായത്തിനു നൽകിയിട്ടു പിരിഞ്ഞു.

മക്കളെല്ലാം കുറച്ചുനേരം കരഞ്ഞു. പ്രത്യേകിച്ചു മകൾ. അനന്തരം അവർ ശവസംസ്കാരാദികൎമ്മങ്ങൾക്കു് ഏൎപ്പാടുചെയ്യുവാനായി കരച്ചിൽ നിൎത്തി പുറത്തേക്കു പോന്നു. പ്രിയപ്പെട്ട അച്ഛന്റേതാണെങ്കിലും ആ ശവശരീരം കഴിയുന്നത്രവേഗം ദഹിപ്പിക്കാനൊക്കുമോ? ജീവിതാനന്ദം തുടിക്കുന്ന ഹൃദയങ്ങളുടെ നടുവിൽ ആ നിന്നുപോയ ഹൃദയത്തിനു് അധികനേരം കിടക്കുന്നതിനവകാശമില്ല. അതു ചുടലക്കാട്ടിലെ ചൂളക്കുഴിയിൽനിന്നും കിളൎന്നുപൊങ്ങുന്ന പാവകനു് ആഹാരമാകേണ്ടതാണു്. അതിനു് അവർ ബദ്ധപ്പെട്ടുതുടങ്ങി.

പ്ലാനലിൽ പൊതിഞ്ഞു് പട്ടുമെത്തയിൽ കിടന്നിരുന്ന ആ ശരീരം പരുപരുത്ത വെറും നിലത്തേക്കിറക്കിക്കിടത്തി. അതിന്റെ തലയ്ക്കൽ നിലവിളക്കും കൊളുത്തിവെച്ചു. ഒരുപക്ഷേ അനന്തമായ അന്ധകാരത്തിലൂടെ തപ്പിത്തടഞ്ഞു് എങ്ങോട്ടോ പുറപ്പെട്ടിരിക്കുന്ന ആത്മാവിനു് വഴി കാട്ടുവാനായിരിക്കാം. അല്ലെങ്കിൽ പൊലിഞ്ഞുപോയ ആ ആത്മദീപത്തിനുപകരം ആ ശരീരത്തിനു് ഒരു ദീപം ആവശ്യമെന്നു കരുതിയിട്ടാവാം

മരിച്ചു മരവിച്ചുതുടങ്ങിയ ആ ശരീരത്തിന്റെ കാല്ക്കൽ ഒരു വൃദ്ധ കുത്തിയിരിക്കുന്നു. എന്നേയ്ക്കുമായി അടഞ്ഞുപോയ ആ കണ്ണുകളിലേക്കു് ഉററു നോക്കിക്കൊണ്ടിരിക്കുകയാണവർ. അവളുടെ കണ്ണുകളിൽ അടക്കുവാൻ വയ്യാത്ത ഒരാകാംക്ഷ പ്രത്യക്ഷപ്പെട്ടിരുന്നു. അനങ്ങാതെകിടന്നിരുന്ന ആ ശരീരവുമായി ഇക്കഴിഞ്ഞ അറുപതുസംവത്സരങ്ങളായി അവൾ ബന്ധിക്കപ്പെട്ടിരുന്നു. വിളറിവെളുത്തുപോയ ആ ചുണ്ടുകളിൽ അവളുടെ അധരങ്ങൾ എത്രതവണ പതിഞ്ഞിട്ടുണ്ടു്! ഇരുവശങ്ങളിലുമായി തളൎന്നുകിടന്ന ആ കരങ്ങൾക്കുള്ളിൽ അവളുടെ ശരീരം എത്ര ആയിരം തവണ ഞെങ്ങിയിട്ടുണ്ടു്. എല്ലുന്തിയ ആ മാറിടത്തിൽ പരസ്സഹസ്രം പ്രാവശ്യം അവൾ തലചേൎത്തുപിടിച്ചു് അതിനുള്ളിൽ തുടിച്ചുകൊണ്ടിരുന്ന ഹൃദയത്തിന്റെ ആമന്ത്രണത്തിനു് ചെവികൊടുത്തിട്ടുണ്ടു്. നിശ്ചലമായി നീണ്ടുകിടന്നിരുന്ന ആ കാലുകൾ എത്ര തവണ അവൾ പ്രേമപൂൎവം തലോടിയിട്ടുള്ളതാണു്.

നീണ്ട അറുപതുവൎഷക്കാലം അവളുടേതായിരുന്ന ആ ശരീരം നിശ്ചലമായിപ്പോയി. ആ ചെവികൾ ഇനി അവളുടെ ശബ്ദം കേൾക്കുകില്ല. ആ പൂട്ടപ്പെട്ട അധരങ്ങൾ ഇനി ഒരിക്കലും അവളെ പ്രേമപൂൎവം വി

ളിക്കുവാനായി ചലിക്കുകയില്ല. ആ ശരീരത്തിന് ഇനി ഒരിക്കലും അവളുടെ തലോടൽ ആവശ്യമില്ല.

ആ വൃദ്ധ കരഞ്ഞില്ല. അവരുടെ കണ്ണുകളിലെ ഉറവ കരളിലെ കദനവഹ്നിയേററു വററിപ്പോയിരുന്നു. അവർ അങ്ങനെ ആ ശരീരവും നോക്കിയിരുന്നു.

മൃതശരീരം കുളിപ്പിക്കുവാനായി വെളിയിലേക്ക് നാലഞ്ചുപേർ എടുത്തുകൊണ്ടുപോയി. അന്നാദ്യമായി അവളേക്കൂടാതെ ആ ശരീരം കുളിച്ചു അവക്ക് കൂടെപ്പോകുവാൻ തോന്നി. ആ ആളുകൾ കുളിപ്പിച്ചാൽ അദ്ദേഹത്തിനു ജലദോഷം പിടിപെടുകയില്ലേ? അദ്ദേഹത്തിനു ആവശ്യമുള്ള ചൂടുവെള്ളവും കാച്ചിയ എണ്ണയും ഇഞ്ചയും അവക്ക് നിശ്ചയമുണ്ടോ?

അവർ ജനാലയിലൂടെ വെളിയിലേക്കു നോക്കി. ഒരു മൂലയിൽ ഒരു പഴയ കയറുകട്ടിലിൽ കിടത്തി അദ്ദേഹത്തെ അവർ കുളിപ്പിക്കുന്നു. ആരോ ഒരാൾ എന്തോ കുറച്ചെണ്ണയെടുത്ത് ആ തലയിലൊഴിച്ചു. അത് ആ കണ്ണുകളിലും മുഖത്തും ഒലിച്ചിറങ്ങി. അവർ ഞെട്ടിയിട്ട് 'അരുത്! കണ്ണുനീറും' എന്നു ശാസിക്കുവാൻ ഭാവിച്ചു. പക്ഷെ, എന്തോ, ശബ്ദം പുറത്തു വന്നില്ല.

മൂന്നാലുകുടം പച്ചവെള്ളം അവർ ആ ദേഹത്തിന്റെ തലയിലും പുറത്തുമായൊഴിച്ചു. തണുത്ത പച്ചവെള്ളം! വെള്ളത്തിനു അല്പം ചൂടുകുറഞ്ഞുപോയാൽ കടുത്ത ജലദോഷം പിടിപെട്ടുകൊണ്ടിരുന്ന ആ തലയിലും ദേഹത്തും! പരുപരുത്ത കുറെ ഇഞ്ചക്കൊതിനുംകൊണ്ടു മേലാസകലം ഒന്നു തേച്ചു. ഒരു കുടം പച്ചവെള്ളംകൂടി ഒഴിച്ചുകഴുകിയിട്ട് ഒരു കീറത്തോർത്തുകൊണ്ടു തുവർത്തി ഒരലക്കിയ മുണ്ടും മേൽമുണ്ടുമണിയിച്ചു മുററത്തു കൊണ്ടുവന്നുകിടത്തി.

ഇതെല്ലാം കണ്ടുകൊണ്ടു ആ വൃദ്ധ പ്രതിമയേപ്പോലെ നിശ്ചലയായി നിന്നു.

ചില കർമ്മങ്ങൾക്കുശേഷം ആ ശരീരം തെക്കുവശത്തു തയ്യാറാക്കിയിരുന്ന പട്ടടയിലേയ്ക്കു കൊണ്ടുപോയി. ആ വൃദ്ധയുടെ കണ്ണുകളിൽനിന്നും ഒരിക്കലും നിലയ്ക്കാത്ത നീർച്ചാട്ടമെന്നോണം കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. അറുപതുവർഷം അവൾ ഓമനിച്ചു ശുശ്രൂഷിച്ച ആ ശരീരം അതാ കൊടിയ അഗ്നിയിൽ ആഹുതമാകാൻ പോകുന്നു! 'പാടില്ല'എന്നോ 'കുറച്ചുകഴിഞ്ഞിട്ടു മതി'എന്നോ പറയുവാൻ അവൾക്കു സാദ്ധ്യമല്ല. ഉള്ളിലെ തീ ഒടുങ്ങിയാലുടൻ പുറത്തു ചുററിനും തീ കൊളുത്തിക്കരിക്കണം അതാണ് മനുഷ്യശരീരത്തിന്റെ അവകാശം!

ചുടലയിലെ ചൂളക്കുഴിയിൽനിന്നും പുറപ്പെട്ട സീൽകാരങ്ങളും പൊട്ടലുകളും അവൾ വീട്ടിനുള്ളിലിരുന്നു കേട്ടു. തന്നെ വിട്ടുപിരിയുന്നതിൽ ആ ശരീരത്തിനുള്ള പ്രതിഷേധശബ്ദമായി അവ അവൾക്കു തോന്നി. ആ പട്ടടയിൽനിന്നും കിളർന്നുപൊങ്ങിയ പുകച്ചുരുളുകൾ അന്തർദ്ധാനം ചെയ്ത ആ ആത്മാവിനെ അന്വേഷിക്കയായിരിക്കാം. ആവോ, ആർക്കറിയാം? എല്ലാം പെരുംരഹസ്യം.

ദഹനം കഴിഞ്ഞു. എല്ലാരും കുളിച്ച് ആഹാരം കഴിച്ചുറക്കമായി. ആ വൃദ്ധയൊഴിച്ച് മറെറല്ലാരും.

അവർ ഉറങ്ങിയില്ല. ഉറക്കംവന്നില്ല. എങ്ങനെ വരും? അവരുടെ ശയ്യയിലെ കൂട്ടു പൊയ്പ്പോയി. അതിന്റെ അർദ്ധഭാഗം തണുത്തു കിടക്കുന്നു. അവിടെ നിന്നും ചുമയുടെ ശബ്ദവും കൂക്കംവലിയും ഞരക്കങ്ങളും ഒന്നും കേൾക്കുന്നില്ല. അവക്ക് ഒരു പേടി തോന്നി താൻ തനിച്ചാണ് എന്ന ഒരു

പേടി. ആ മുറിയിൽ കൂട്ടിനായി മറെറാരു വൃദ്ധ കിടന്നിരുന്നെങ്കിലും!

ശബ്ദശൂന്യമായ ഒരു ലോകത്തിൻെറ നടുവിൽ ഏകാകിയായി കഴിച്ചുകൂട്ടേണ്ടിവന്നവളേപ്പോലെ ആ വൃദ്ധ പേടിച്ചുവിറച്ചു. 'ദേ, ഇങ്ങോട്ടൊന്നു തിരിഞ്ഞുകിടന്നേ. എനിക്കു് എന്തോ പേടിയാകുന്നു.' അവർ കിടന്നിരുന്ന ശയ്യയുടെ ഒരു വശത്തേയ്ക്കു നോക്കിക്കൊണ്ടു് അവർ പെട്ടെന്നു പറഞ്ഞുപോയി. ഉത്തരക്ഷണത്തിൽ അവർ വിങ്ങിവിങ്ങിക്കരഞ്ഞു, അതു കേൾക്കുവാനുള്ള ആൾ അവിടില്ലല്ലോ എന്നോർത്തു്!

പാതിരാക്കോഴികൾ പനിമതിയെ വിളിച്ചുകേണു. മരപ്പൊത്തുകളിലിരുന്നു് മൂങ്ങകൾ ഭയാനകമായി മൂളി. പടിഞ്ഞാറുനിന്നും വന്ന ഒരു കുളിർകാററു് ഉറങ്ങിക്കിടന്ന മുളംകൂട്ടത്തെ തട്ടിയുണർത്തി പാട്ടു പാടിച്ചു. കൂട്ടില്ലാത്ത ആ വൃദ്ധ പേടിച്ചു വിറച്ചു.

അവർ സാവധാനം എഴുന്നേററു് ശബ്ദമുണ്ടാക്കാതെ വാതൽ തുറന്നു് വെളിയിലിറങ്ങി തെക്കുവശത്തേക്കു നടന്നു. അവരുടെ കൂട്ടുകാരനെഅന്വേഷിച്ചു് എരിഞ്ഞടങ്ങിയ പട്ടടയിലേക്കു പോവുകയാണു്.

ആ പട്ടടയിലെ തീ അണഞ്ഞിരുന്നില്ല. അനിലൻ കടിച്ചുതുപ്പിയ എല്ലിൻകഷണങ്ങൾ അതിൽ കിടന്നു് നീറിക്കൊണ്ടിരുന്നു. ദുസ്സഹമായ ദുർഗ്ഗന്ധം അതിൽനിന്നും നാലുപാടും പരന്നു. 'ചന്ദനൈലവംഗാദി'വസ്തുക്കളുടെ തൂമണം ഉതിത്തുകൊണ്ടിരുന്ന ആ ശരീരം അതിൻെറ അസ്സൽ ഗന്ധം വെളിപ്പെടുത്തുകയാണു്.

പട്ടടയിലെ കൊടിയ ചിതാഗ്നി പല പരമാർത്ഥങ്ങളും പുറത്താക്കുന്നു!

ആ വൃദ്ധ ആ ചിതയുടെ മുമ്പിൽ നിശ്ചലയായി നിന്നു. അവരുടെ അകം ഉരുകി. തൻേറയും അദ്ദേഹത്തിൻേറയും മദ്ധ്യേ നിൽക്കുന്ന ആ ചിതയിൽ ചാടുവാൻ അവർക്കു തോന്നിപ്പോയി. അതിൽ തപ്പി നോക്കിയാൽ ആ ആത്മാവിനെ കണ്ടുകിട്ടുകില്ലേ?

'ശ്!' ചിതയിൽനിന്നും ഒരു ശബ്ദം അവരെ വിലക്കി. സമീപത്തുള്ള ഒരു മരത്തിലെ പത്രങ്ങൾ അവരോടു് മർമ്മരശബ്ദത്തിൽ സാന്ത്വനം പറഞ്ഞു. തെങ്ങിൻതൈകൾ തലയാട്ടി പ്രതിഷേധം പ്രത്യക്ഷമാക്കി കിഴക്കൻശിശിരവായുവേററു് അവരുടെ അകമൊന്നു തണുത്തു.

അവർ ആ ചിതയെ നോക്കിക്കൊണ്ടു് കൈകൂപ്പി കണ്ണടച്ചു് നിശ്ചലയായിനിന്നു. സാവധാനം അതിനൊരു വലംവെച്ചു. നിമിഷനേരംകൂടി നിന്നിട്ടു് അടക്കിയ സ്വരത്തിൽ അതിൽ നോക്കിക്കൊണ്ടു പറഞ്ഞു:—

"എന്നെ തനിച്ചിവിടെ വിട്ടിട്ടു പൊയ്ക്കുളഞ്ഞതല്ലോ! ഞാൻകൂടി അങ്ങു വരട്ടേ?"

ചിതയുടെ തലയ്ക്കു സമീപം നിന്നിരുന്ന ഇല്ലിക്കൂട്ടത്തിൽനിന്നും നിഷേധസൂചകമായ ഒരു മൂളൽ കേട്ടു. കിഴക്കൻകാററിൻെറ കുസൃതി!

അവർ സാവധാനം തിരിഞ്ഞു നടന്നു. നാലഞ്ചു ചുവടു വെച്ചിട്ടു് തിരിഞ്ഞുനിന്നു് ചിതയെ നോക്കി പറഞ്ഞു:—

"താമസിയാതെ ഞാനും അങ്ങു വരാം ഒന്നുരണ്ടു മാസമങ്ങു കഴിഞ്ഞോട്ടെ!"

ആത്മാവിൻെറ അടിത്തട്ടിൽനിന്നുമുയന്ന ആ വാഗ്ദാനം കേട്ടു് പ്രകൃതി നിമിഷനേരം നിശ്ചലമായി നിന്നുപോയി.

* * * *

പതിനാറടിയന്തിരത്തിനും മാസമടിയന്തിരത്തിനും കരഞ്ഞ ആ വൃദ്ധയെ മക്കൾ

കളിയാക്കി. അവരുടെ മൂത്ത മകൻ ഭാര്യയോട്ട് ചിരിച്ചുകൊണ്ടു ഇങ്ങനെ പറയുന്നതു് അവർ കേട്ടു:—

"എണ്പതു വയസ്സായ അച്ഛൻ മരിച്ചതിനു് എഴുപത്തിയഞ്ചു വയസ്സായ അമ്മ കരയുന്നതു കണ്ടോ?"

രണ്ടാമത്തെ മകൻ—അയാഠം ഒരു ചെറിയ വേദാന്തിയായിരുന്നു – അവരോടു ചോദിച്ചു:—

"അച്ഛൻ എന്നും ജീവിച്ചിരിക്കുമെന്നു് അമ്മ ആശിച്ചിരുന്നോ? അമ്മയ്ക്കു മുമ്പു് മരിക്കേണ്ടതല്ലേ അച്ഛൻ?"

കേവലം പരമാത്ഥമാണതു്. ആ ചോദ്യത്തിനുത്തരം നൽകുവാൻ അവക്കു കഴിയുകയില്ല. അവരുടെ ഭത്താവു് ചിരംജീവിയല്ലെന്നു് അവക്കറിയാമായിരുന്നു. അറുപതു വർഷം മുമ്പു് അദ്ദേഹത്തിൻെറ കൈയിൽനിന്നും പുടവ വാങ്ങിയപ്പോഠം തന്നെ അവക്കറിയാമായിരുന്നു അദ്ദേഹം എന്നെങ്കിലും ഒരു ദിവസം മരിക്കുമെന്നു്. മനം മയക്കിയ മധുവിധുകാലത്തു് അദ്ദേഹത്തിൻെറ കരങ്ങഠക്കുള്ളിലമന്നു് ആ ദേഹത്തോടു ചേന്നു പുളകംകൊണ്ടപ്പോഴും അറിയാമായിരുന്നു ആ ദേഹത്തിൻെറ ചൂടു് ഒരിക്കൽ ഇല്ലാതായിപ്പോകുമെന്നു്; അതു തണുത്തു മരവിച്ചുപോകുമെന്നു്. ആ അധരങ്ങഠ അനവരതം അവളുടെ ശരീരത്തിലെങ്ങും പ്രേമമുദ്രകളപ്പിച്ചുകൊണ്ടിരുന്നപ്പോഴും അറിയാമായിരുന്നു അവ ഒരിക്കൽ എന്നെന്നേക്കുമായി പൂട്ടപ്പെട്ടുപോകുമെന്നു്. അദ്ദേഹത്തിൻെറ സന്താനങ്ങളെ ഉദരത്തിൽ വഹിച്ചുകൊണ്ടു നടന്നപ്പോഴും, ലാളിച്ചുവളത്തിയപ്പോഴും അറിയാമായിരുന്നു ഒരിക്കൽ അവർ അച്ഛനില്ലാത്ത മക്കളായിത്തീരുമെന്നു്.

അറുപതുകൊല്ലം രണ്ടാളുകളുടെ ഭാരം താങ്ങിയ ആ വലിയ കട്ടിലിനു് ഒരുദിവസം ഭാരം കുറഞ്ഞതുകൊണ്ടു് കഴുത്തു നിവക്കുവാൻ കഴിയുമെന്നും അറിയാമായിരുന്നു. പ്രായംചെന്നതിനുശേഷം ദിവസവും കാച്ചിയ എണ്ണയും കുഴമ്പുമിട്ടു തേച്ചു കാററും മഞ്ഞും മഴയുമേല്ക്കാതെ അദ്ദേഹത്തിൻെറ ശരീരം കാത്തുകൊണ്ടിരുന്നപ്പോഴും അവക്കറിയാമായിരുന്നു അതു ഒരിക്കൽ കത്തിക്കാളുന്ന ചിതാഗ്നിക്കു് ആഹാരമാകുമെന്നു്. അറുപതുവർഷക്കാലം അവർ കാത്തുരക്ഷിച്ച ആ ശരീരത്തിൻെറ അസ്ഥികഠ തെക്കുവശത്തെ വെളിംപറമ്പിൽകിടന്നു് വെയിലും മഴയും മഞ്ഞുമേൽക്കുമെന്നു്. അവയിൽചിലതു് കഴുകനും കുറുക്കനും കൊറിക്കുമെന്നു്.

പിന്നെന്തിനാണവർ ഖേദിക്കുന്നതു്? സുദീർഘങ്ങളായ അറുപതുസംവത്സരം അദ്ദേഹത്തോടൊന്നിച്ചു കഴിച്ചുകൂട്ടിയിട്ടും മതിയായില്ലേ?

അറുപതുവർഷം. അവിടെയാണു് ആ മകൻെറ ചോദ്യത്തിനുത്തരം കാണാവുന്നതു്. നീണ്ടുനിന്ന അറുപതുവർഷം. ആ വൃദ്ധയ്ക്കു ഒരു കൂട്ടുകാരനുണ്ടായിരുന്നു. രാത്രിയും പകലും കൂട്ടായിട്ടു്. ഇരുട്ടത്തും വെളിച്ചത്തും കൂട്ടായിട്ടു്. അറുപതുവർഷം അവരെ പ്രേമാധികാരപൂവ്വം വിളിക്കാൻ ഒരാളുണ്ടായിരുന്നു. ആ വിളി നിന്നുപോയി. ആ കൂട്ടം അവസാനിച്ചു.

അറുപതുവർഷം—സംഭവബഹുലമായ അറുപതുവർഷം—എത്ര വേനലുകഠ, എത്രവസന്തങ്ങഠ, എത്രവർഷകാലങ്ങഠ, അവർ ഒരുമിച്ചു പിന്നിട്ടു! എത്ര അമ്പിളികഠ പൂണ്ണശോഭയോടെ പുഞ്ചിരിക്കുന്നതും സംപൂണ്ണമായ ഇരുളിൽ ഒളിക്കുന്നതും അവർ കണ്ടിട്ടുണ്ടു്! എത്രയെത്ര ഉയർച്ചകളും താഴ്ചകളും അവർ ഒരുമിച്ചു കടന്നുപോയിട്ടുണ്ടു്!

ആ കൂട്ടു അവസാനിച്ചു. ഇന്നവർ ഏകയാണു്. ജീവിതയാത്രയിൽ ശേഷിച്ച

അല്പദൂരം അവർ ഒററയ്ക്കു് വേച്ചു വേച്ചു നടന്നുതീക്കണം!

* * *

ആ വിട്ടിൽ അവർ ഒരു ഒഴിയാബാധയായിത്തീന്നതുപോലെ അവക്കു തോന്നി. ആനന്ദം അലതല്ലുന്ന യൗവ്വനത്തിന്നിടയിൽ മുരടിച്ച വാദ്ധക്യം എപ്പോഴും അസഹനീയമായിത്തിരുകയാണുപതിവു്. ആൺമക്കരം അവരെ പരസ്യമായി ധിക്കരിക്കാനും അപഹസിക്കുവാനും തുടങ്ങി. സ്വഭത്താവോടൊപ്പം ആ വീട്ടിൽ തനിക്കുണ്ടായിരുന്ന അധികാരവും നഷ്ടപ്പെട്ടതായി അവക്കു ബോദ്ധ്യപ്പെട്ടു. ഇണയെപ്പിരിഞ്ഞ ചക്രവാകത്തെപ്പോലെ എപ്പോഴും കേണുകൊണ്ടിരുന്ന അവരെ ആൺമക്കരം കളിയാക്കി. അവരുടെ ഭാര്യമാർ പുച്ഛിച്ചു.

"എന്നാലും നോക്കണേ അമ്മടെ കൊതി! അറുപതുകൊല്ലം ഭത്താവുമൊന്നിച്ചു താമസിച്ചിട്ടും മതിയായില്ല! മനുഷ്യന്റെ ആശയ്ക്കു് ഒരതിരെല്ലാംവേണ്ടേ?" മൂത്തമകന്റെ ഭാര്യ ഭത്താവിനോടു പറയുന്നതു് അവർ കേട്ടു.

"പാവം! ഒരുതരം കിറുക്കാണതു്! വയസ്സായവക്കു സാധാരണയാണു്." അയാരം പറഞ്ഞു.

"അമ്മേടെ ആ ഇരിപ്പു കാണുമ്പോ എനിക്കു ചിരിവരും. പെടവട കഴിഞ്ഞയുടൻ വിധവയായിത്തീന്ന ഒരു കൊച്ചുപെണ്ണിന്റെകൂട്ടൊള്ള ആ ഇരിപ്പു്"

ഇളയമകന്റെ ഭാര്യ സ്വഭത്താവിനോടു് കിണുങ്ങിപ്പറയുന്നതും അവർ അടുത്ത മുറിയിൽ കിടന്നു കേട്ടു.

അവക്കു് അതികലശലായ കോപംതോന്നി. എഴുന്നേററുചെന്നു രണ്ടുകൊടുത്താലോ എന്നു് ആലോചിച്ചു. ഉടൻതന്നെ അതിനു് അവക്കു്അധികാരമില്ലെന്നു ബോദ്ധ്യപ്പെട്ടു. ആ അധികാരം ആവക്കു് ഉണ്ടാക്കിക്കൊടുത്ത ആ ആരം പൊയ്പ്പോയി. അതോടെ ആ അധികാരവും.

ആ വീട്ടിൽ അവർ ഇപ്പോരം അന്യയാണു്, അധികാരശൂന്യയാണു്. അവരുടെ മക്കളുടെ ആ വിട്ടിൽ.

ആ അസ്ഥിത്തറയിൽ അന്തിത്തിരികൊളുത്തുന്നതു് എന്നും അവരാണു്. അവർ അതിനെ വലംവെച്ചു തൊഴും. കാട്ടുപൂക്കരം പറിച്ചുപ്പിക്കും. ആരും കാണാതെ കാലത്തേ എഴുന്നേററു് ഒരു ചന്ദനപ്പൊട്ടും തൊട്ടുവിക്കും.

രാത്രികാലങ്ങളിൽ ആ അസ്ഥിത്തറയുടെ സമീപത്തുള്ള ഒരു പുളിക്കൊമ്പിലിരുന്നു് ഇണയെ വിളിച്ചുകേഴുന്ന രാക്കുയിലിന്റെ ശോകാർദ്രമായ ഗാനം കേട്ടുകേട്ടു് ആ വൃദ്ധ മയങ്ങും. ആ മയക്കത്തിൽ അവരുടെ നാഥനെ അവർ എന്നും സ്വപ്നം കാണും.

ചെച്ചിഴയുംപോലെ ഒന്നുരണ്ടു മാസങ്ങരം കഴിഞ്ഞുപോയി. അമ്മയുടെ ഭ്രാന്തു് നാരംക്കുനാരം കൂടിവരുന്നതുകണ്ടു് ആൺമക്കരം പരസ്യമായി ശകാരിച്ചു. കല്യാണംകഴിഞ്ഞിട്ടില്ലാത്ത അവരുടെ പൗത്രിക്കു് എപ്പോഴും അതു കാണുമ്പോരം ചിരിവരും.

"അമ്മയ്ക്കു വല്ല നാമോംജപിച്ചോണ്ടിരിക്കരുതോ? എപ്പഴും ഇങ്ങനെ സ്വപ്നംകാണുന്നതുപോലെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നതെന്തിനു്?"

അവർ അതിനുത്തരംപറഞ്ഞില്ല. വാസ്തവമാണു്. അവർ സ്വപ്നംകാണുകയാണെപ്പോഴും. അവക്കു സ്വപ്നംകാണുവാൻ ഒരുപാടുണ്ടായിരുന്നു. കഴിഞ്ഞുപോയ പലതും.

സന്ധ്യയ്ക്കുപോലും അവർ നാമംജപി ച്ചിരുന്നില്ല. രണ്ടുരണ്ടുതവണ ശ്രമിച്ചുനോക്കി. അപ്പോഴൊക്കെ അദ്ദേഹത്തിന്റെ രൂപം മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അതു കണ്ടുകൊണ്ടിരുന്നു് നാമജപം മറന്നുപോയി.

നിലവിളക്കിനു മുമ്പിൽ കുത്തിയിരുന്നു് ആ വീട്ടിലെ കൊച്ചുകുട്ടികൾ കഥയറിയാതെ എന്തൊക്കെയോ ഉരുവിടുമ്പോൾ അവർ അസ്ഥിത്തറയ്ക്കുമുമ്പിൽ തൊഴുകൈയോടെ നിശ്ചലയായി നില്ക്കുകയായിരിക്കും!

അവർ ആ കുഞ്ഞുങ്ങളെ എടുത്തു ലാളിക്കുന്നതു വളരെ അപൂർവ്വമായിത്തീർന്നു.

"അച്ഛൻ മരിച്ചതിൽപിന്നെ അമ്മയ്ക്കു കുഞ്ഞുങ്ങളോടുള്ള സ്നേഹംപോലും കുറഞ്ഞു പോയി." അവരുടെ മൂത്തമകൻ പരാതിപ്പെട്ടു.

"എന്റെ സ്നേഹം പൊയ്പോയി. മക്കളേ!" അവർ സമാധാനം പറഞ്ഞു. അതിന്റെ പൊരുൾ അയാൾക്കു പിടി കിട്ടിയില്ല.

* * *

പഞ്ഞംപിടിച്ച കർക്കടകമാസം. കരളു നടുക്കുന്ന ഇടിയും കണ്ണഞ്ചിപ്പിക്കുന്ന കൊള്ളിയാനും കൊടിയ മഴയുംകൊണ്ടു ഭീകരമായ ഒരു കറുത്തവാവിൻരാത്രി. മരം കോച്ചുന്ന തണുപ്പ്. ആ പടുപടുത്ത വൃദ്ധ തനിയെ ആ മുറിയിൽ ഉറക്കംവരാതെ ഉരുണ്ടും പിരണ്ടും കിടന്നു. പടിഞ്ഞാറുനിന്നും അലറിക്കൊണ്ടുവന്ന കൊടുങ്കാററു ആ കൊച്ചുമുറിയുടെ ജനാലകളിൽ ഊക്കോടെ വന്നുമുട്ടി. അവർ പേടിച്ചുവിറച്ചു. ആരെ വിളിക്കുവാനാണു്? വിളികേൾക്കുവാനുള്ള ആൾ അസ്ഥിമാടത്തിനുള്ളിൽ ഒടുങ്ങിപ്പോയി.

അടുത്ത മുറികളിൽ ദമ്പതികൾ സുഖമായി ഉറങ്ങുകയായിരിക്കും!

അവർ അദ്ദേഹത്തെ ഓർത്തു. അദ്ദേഹവും ഇപ്പോൾ തനിച്ചുകിടന്നുപേടിക്കുകില്ലേ? ഉറക്കത്തിൽ ദേഹത്തുനിന്നും പുതപ്പു മാറിപ്പോകുമ്പോൾ ആരുണ്ടു് അതെടുത്തു് ശരിയായി പുതപ്പിക്കുവാൻ? തണുപ്പുകൊണ്ടു് കാലുകഴയ്ക്കുമ്പോൾ ആരുണ്ടു് അനത്തിത്തിരുമ്മുവാൻ? നെരുപ്പോട്ടിലെ തീ കെട്ടുപോയോ എന്നു് ക്രടക്കൂടെനോക്കുവാൻ ആരുണ്ടു്? അദ്ദേഹം തീർച്ചയായും തന്നെ അന്വേഷിക്കാതിരിക്കുകില്ല.

അവർ സാവധാനം എഴുന്നേററു് തപ്പിത്തടഞ്ഞു് വാതിൽ തുറന്നു് വെളിയിലിറങ്ങി. മഴ ഒന്നു ശമിച്ചിരുന്നു. അവർ മുററത്തിറങ്ങി മഴവെള്ളത്തിലൂടെ അസ്ഥിമാടത്തിന്റെനേക്കു് നടന്നു. ആ കൊടിയ ക്രൂരിരുട്ടിലും അവരുടെ പാദങ്ങൾ അവരെ അങ്ങോട്ടു തന്നെ നയിച്ചു. മുട്ടററമുണ്ടായിരുന്ന വെള്ളത്തിലൂടെ അവർ മുന്നോട്ടു് സാവധാനം തപ്പിത്തിരിഞ്ഞു് നടന്നു.

ഏതിലോ ഒന്നിൽ കാലുതട്ടി. അവരുടെ മുന്നോട്ടുള്ള ഗതി നിലച്ചു. അവർ മെല്ലെ കുനിഞ്ഞു് കൈകൊണ്ടു് വെള്ളത്തിനടിയിൽ തപ്പി നോക്കി. ആ ഉയരം കുറഞ്ഞ അസ്ഥിത്തറയിൽ അവരുടെ കൈകൾ ചെന്നു മുട്ടി 'അയ്യോ! മുങ്ങിപ്പോയോ! എന്ന മർമ്മംപിളക്കുന്ന നിലവിളിയോടെ ആ വൃദ്ധ അതിനു മുകളിൽ കമഴ്ന്നടിച്ചു വീണു.

എവിടെയോ കുത്തിയിരുന്നു് ഒരു പട്ടി മരണവേദനയോടെ മോങ്ങി. ജലമാക്രികൾ മാരകമായി കരഞ്ഞുകൊണ്ടേയിരുന്നു. ഒരു പടിഞ്ഞാറൻ കാററു് ഉറക്കെ നിലവിളിച്ചു കൊണ്ടു് അതിലെ കടന്നു പോയി. ഇരുട്ടു കീറുന്ന മിന്നാമിനുങ്ങുകൾ എന്തോ അന്വേഷിച്ചു് അവിടൊക്കെ ചുററിത്തിരിഞ്ഞു.

# മരുവിലെ പുഴ

കാപ്പിൽ, കെ. പി. കേശവൻ, ബി. എ., ബി. എൽ.

കല്ലോലകുഞ്ചിതകേശത്തിൽമാലതീ-
വല്ലികൾചൂടിച്ച പൂവണിഞ്ഞു;
പാലഞ്ചും വാർനരപ്പുഞ്ചിരി തഞ്ചിയും,
ബാലാരുണാതപച്ചേലപൂണ്ടും;
മഞ്ജുരയത്തിൻ കളകളമാം മണി-
മഞ്ജീരശിഞ്ജിതഘോഷമാർന്നും;
സ്വച്ഛപ്പളുങ്കുനീരേന്തിയെത്തുന്നിതാ
കൊച്ചുപുഴയൊരു ചേടിപോലെ.
സ്വാർത്ഥതതൻറ കുട്ടക്കിൽച്ചുഴന്നൊരു
നീർത്തടമാകാത്തദീർഘികേ, നീ
താവകപ്രേമപയസ്സിൽപ്പുലരുമീ-
ഭൂവിൻപകർച്ചകളൊന്നുനോക്കൂ.

നീലോല്പലത്തിൻകടകളിൽനിന്നിററി-
റേറാലുന്ന തൂമഞ്ഞിൻതുള്ളിയിലും,
ഉന്നതിതന്നിലും നിർമ്മായനമ്രത-
മുന്നിടും സൽഫലശാഖിയിലും,
പൊൽക്കരം മുട്ടുമുഷസ്സിലും ക്രമ്പിത്താൻ-
നിൽക്കുമത്തണ്ടാർമുകുളത്തിലും,
ശുദ്ധം സ്ഫുരിപ്പതിപ്പൂവനശ്രീതൻറ
ഗാഢകൃതജ്ഞതാചേഷ്ടിതങ്ങൾ!

*　　*　　*

ഓലുംസല്ലഡോലികളോളമടിക്കുന്നോ-
രോമനക്കേദാരരാശികളും,
പുത്തൻതളിരും സുമങ്ങളും ചിന്നിയ
നിത്യവസന്തമാം സാനുക്കളും,
എന്നേയ്ക്കുമായിപ്പിരിഞ്ഞു, വിപൽക്കര-
ദുർന്നിവാരാരണ്യസീമതാണ്ടി,
ഹന്ത! നീ നിഷ്കാമമിമ്മരുഭൂമിയിൽ
സന്തതം വനത്തിന്നുപോന്നു.
നാകാന്തഭൂതിവെടിഞ്ഞുകൊണ്ടാണഹാ,
ലോകത്തെഗ്ഗംഗയും ധന്യമാക്കി.

ഹാ! ചിരശ്രീകരമീവേഴ്ച; നിൻകര-
വീചിയാലൊന്നുതലോടുംമുൻപേ,
കാനൽജ്ജലത്തിൻതടങ്ങൾകുളിർത്തഴം
സൂനകുഞ്ജങ്ങളായ് മാറിപ്പോയി.
ഈശൻതാൻ നിന്നെയീശ്ശൂന്യതതൻനേർക്കു
വീശിയ വെള്ളിവാളെന്നോർത്തുഞാൻ.

*　　*　　*

വാടിവലയുമഴലുകൾക്കാശ്വാസം
തേടിച്ചെന്നേകും പരാർത്ഥതേ, നീ
പോരുക, പോരുക; കാത്തുകിടക്കുന്നു
പാരിൻവരണ്ട സിരകളേറെ.
ചെന്നവതന്നിൽ നിറയട്ടെ, നിൻകൃപാ-
സ്യന്ദം 'സഞ്ജീവിനി'യെന്നപോലെ.
തിണ്ടാടിയില്ലനീ നിന്നാത്മസർവ്വസ്വം
കൊണ്ടുചെന്നബ്ധിക്കുകാഴ്ചവെയ്ക്കാൻ;
ആഹാ! ശരി, ശരി, വൃദ്ധിയെവീപ്പിക്ക-
ലായില്ല താവക ത്യാഗാദർശം.
സന്തപ്തലോകത്തിന്നായി നിൻ ജീവനം
സന്തതമാഹുതമാകിലെന്തേ?
പേർത്തും വരണ്ടോരു കണ്ഠം നനയ്ക്കുന്ന
നീർത്തുള്ളിയ്ക്കെന്തില്ല ചാരിതാർത്ഥ്യം!
ശ്രേഷ്ഠനിഷ്കാമകൃതിതൻകൃതാർത്ഥതാ-
കാഷ്ഠയിൽകാമ്യമീയാത്മാർപ്പണം.
ഏവമീമാമക ജന്മവും ഹാ! ധന്യ-
മാവണം; വേണ്ടന്യനിർവൃതികൾ!!

# "പ്രേമശാപം" *

വിവർത്തകൻ,

കമുകറ, എൻ. നാരായണക്കുറുപ്പ് ബി. എ.

സംഭാഷണരൂപത്തിൽ കഥകളും, കാവ്യങ്ങളും ഗുരുദേവൻ ധാരാളം എഴുതിയിട്ടുണ്ടു്. 'ചിത്ര'തുടങ്ങിയ ഏകാങ്കനാടകങ്ങളിൽ പ്രതിഫലിപ്പിച്ചിരിക്കുന്ന ആശയസൗഷ്ഠവവും, സാഹിത്യഭംഗിയും, അവിടത്തെ ചെറിയ സംഭാഷണകൃതികളിലും വ്യക്തമായി കാണാവുന്നതാണു്. ഏററവും വലുതും, തീരെ ചെറുതുമായ കാര്യങ്ങളെ രസഭൂയിഷ്ഠമായ സംഭാഷണരൂപത്തിൽ പ്രതിബിംബിപ്പിക്കുന്നതു് സഹൃദയഹൃദയാഹ്ലാദപ്രദംതന്നെയാണെങ്കിലും, അതു് അത്ര എളുപ്പമുള്ള കാര്യമല്ല. ഇക്കാര്യത്തിൽ വിജയം പ്രാപിച്ചിട്ടുള്ള സാഹിത്യകാരന്മാർ ഏതു ഭാഷയിലും വളരെ ചുരുക്കമായേ കാണുകയുള്ളു. അവരുടെ കൃതികൾ എന്നൊന്നും പ്രകാശപരിപൂർണ്ണങ്ങളാണു്. ലോകം അവയിൽ അനശ്വരമായ പുതുമ കാണുന്നു. അവ വായിക്കുമ്പോൾ അവർ ആനന്ദരോമാഞ്ചമണിയുന്നു. അവയിലെ കവിതാരസം അവരെ ഒരു പുതിയ ലോകത്തിലെത്തിക്കുന്നു. പ്രപഞ്ചംമുഴുവനും വ്യാപിക്കുന്ന സൂര്യകിരണത്തെ ഒരുചെറിയ ഹിമബിന്ദുവിനുള്ളിൽക്കൂടി പ്രതിഫലിപ്പിച്ചു കാണിക്കുന്നതിൽ വിജയം പ്രാപിക്കുന്ന ആ കലാകാരനെ കൂപ്പുകൈകളോടെയല്ലാതെ സ്മരിക്കുന്നതെങ്ങിനെ?

മേൽപ്രസ്താവിച്ച സംഗതിയിൽ ഗുരുദേവൻ എത്രകണ്ടു് വിജയം പ്രാപിച്ചിട്ടുണ്ടെന്നതിലേക്കു് അവിടത്തെ കാവ്യതല്ലജങ്ങളിൽനിന്നു ഒരെണ്ണം വിവർത്തനം ചെയ്യുന്നതു അനുചിതമായിരിക്കുകയില്ലല്ലോ. കഥയിലെ സംഗതി പ്രസിദ്ധമാണു്. കചനും—ദേവയാനിയും തമ്മിലുള്ള പ്രണയകഥ! ഒരേഒരു സന്ദർഭം മാത്രമേ ഗുരുദേവൻ സ്വീകരിച്ചിട്ടുള്ളു. കച—ദേവയാനിമാരുടെ വേർപാടാണതു്. പ്രേമത്തിനും, കർത്തവ്യത്തിനും തമ്മിലുളവാകുന്ന ഘോരസമരത്തെ അത്യത്ഭുതകരമാംവണ്ണം, അവിടുന്നു് ചിത്രീകരിച്ചിരിക്കുന്നു.

* * * *

കചൻ:—യാത്രപറയുവാനുള്ള സന്ദർഭം ആഗതമായിക്കഴിഞ്ഞു. ദേവയാനി! നിൻെറ പ്രിയപിതാവിൻെറ പാവനപാദാന്തികത്തിലിരുന്നു് ഞാൻ അഭ്യസിച്ച വിജ്ഞാനം ഇന്നുകൊണ്ടു പൂർണ്ണമായി. ദേവലോകത്തിലേക്കു പോകാൻ തയാറായി യാത്ര ചോദിക്കുന്ന എന്നെ സസന്തോഷം അനുഗ്രഹിക്കു—

ദേവയാനി—ദേവന്മാർ എത്രയോ ശതാബ്ദങ്ങളായി അറിയുവാൻ കൊതിച്ചുകൊണ്ടിരുന്ന ആ മഹാവിദ്യ അവിടുന്നു മനസ്സിലാക്കിക്കഴിഞ്ഞു. അവിടത്തെ ആഗ്രഹവും നിറവേറി. അല്ലേ? എങ്കിലും, ഞാനൊന്നു ചോദിക്കട്ടെ; ഈ ഒരുകാര്യമല്ലാതെ മററു യാതൊന്നും അവിടത്തേക്കു വേണമെന്നു് ആഗ്രഹമില്ലേ?

* ഗുരുദേവൻെറ ഒരു കാവ്യതല്ലജത്തിൽനിന്നു്.

കച:—ഇല്ല. ഒന്നും വേണമെന്നില്ല.

ദേവ:—ഒന്നും വേണ്ടെന്നോ? അവിടുത്തെ സ്നേഹം നിറഞ്ഞ ഹൃദയത്തിന്റെ അടിത്തട്ടുകളിൽ തേടിനോക്കണം. ഏതോ ആശയുടെ ഒരു നേരിയ രശ്മി അതിനകത്തു് ഒളിച്ചുകിടക്കുന്നില്ലേ?

കച:—എന്റെ അഭിലാഷം നിറവേറിക്കഴിഞ്ഞു. മരണത്തെ ജയിച്ചു കീഴടക്കുന്നതിനുള്ള മഹാമന്ത്രം എനിക്കു മനസ്സിലായി. ആ ഒരു ആശയെ എനിക്കുണ്ടായിരുന്നുള്ളു.

ദേവ:—ഈ മലർക്കാവിലെ മന്ദമാരുതനും, ശാന്തിപ്രധാനങ്ങളായ നിഴൽപ്പാടുകളും, വികസ്വരകുസുമങ്ങൾ തൂമന്ദഹാസംതൂകുന്ന താമരപ്പൊയ്കയും, ശ്രവണമധുരമായ കളകൂജനങ്ങളും, അനുഭവിച്ചു്, ആസ്വദിച്ചു്, ആനന്ദംകൊണ്ടു് മതിമറന്നു് നൃത്തംചെയ്ത അങ്ങേയ്ക്കു്, ഇവയെ എല്ലാം വിട്ടുപോകുന്നതിനു് മനസ്സനുവദിക്കുന്നുവോ? ഇതാ, ഈ തരുലതാദികളിൽ തട്ടിവരുന്ന ഇളംകാററു് എന്തു് പറയുന്നുവെന്നു് ശ്രദ്ധിക്കുക. മ്ലാനപൂർണ്ണമായ ഒരു പരിസരമല്ലേ ഇപ്പോൾ നമ്മെ വലയംചെയ്തിരിക്കുന്നതെന്നു് നോക്കുക!' ഞങ്ങളെ വിട്ടുപോകാൻ അങ്ങേക്കു് ഇത്ര സന്തോഷമോ? എന്നല്ലേ ഈ നന്ദനോദ്യാനം അങ്ങയോടു സഗദ്ഗദം ചോദിക്കുന്നതു്?

കച:—ഈ മലർവാടി എന്റെ രണ്ടാം അമ്മയാണു്. ഇവിടെവച്ചാണു് എനിക്കു പുനർജ്ജന്മം ഉണ്ടായതു്. ഞാനതു് മറക്കുകയില്ല. ഇതിനോടു് എനിക്കുള്ള സ്നേഹം അക്ഷയമാണു്.

ദേവ:—ആശ്രമമൃഗങ്ങളെ മേയ്ക്കുവാൻ കൊണ്ടുപോകാറുള്ള അവസരങ്ങളിൽ അതാ ആ നില്ക്കുന്ന ആൽവൃക്ഷം അങ്ങയെ സ്വാഗതം ചെയ്തു്, തണലിൽ ഇരുത്തി സമാശ്വസിപ്പിച്ചിട്ടില്ലേ? കൊടുവെയിലിൽ അലഞ്ഞുതിരിഞ്ഞ അങ്ങേക്കു് അതെത്ര ഹൃദ്യമായിരുന്നുവെന്നുള്ളതു് ഇപ്പോൾ ഓർക്കുന്നുണ്ടോ?

കച:—ഓർമ്മയുണ്ടു്. ഈ വനത്തിന്റെ വിജയവൈജയന്തിയായി വിലസുന്ന ആ മഹാവൃക്ഷത്തിന്റെ മഹാമനസ്കതയ്ക്കും, സ്നേഹപ്രകർഷത്തിനും ഞാൻ ശിരസ്സു നമിക്കുന്നു. എന്നെപ്പോലുള്ള അനവധി വിദ്യാർത്ഥികൾ ഇനിയും വരാനും, ഭ്രമരങ്ങളുടെ ഝംകാരധ്വനിയും, ഇലകളുടെ കലകലാരവവും കൂടിച്ചേർന്ന് പ്രകൃതിദത്തമായ ശ്രുതിയ്ക്കൊത്തു് വേദഗീതങ്ങൾ ഗാനംചെയ്യാനും ഇടവരട്ടെ!

ദേവ—സുന്ദരിയായ വേണുമതിനദിയേയും അതിൽനിന്നു് ഇടവിടാതെ നിർഗ്ഗളിക്കും മധുരമധുരമായ പ്രേമഗീതത്തേപ്പോലും, അങ്ങു മറന്നുകളഞ്ഞുവോ?

കച:—എന്റെ വനവാസകാലത്തെ ഉററതോഴിയല്ലേ വേണുമതി? കഷ്ടം, ഞാൻ അതെങ്ങിനെ മറക്കും? ഒരു നിമിഷംപോലും വിശ്രമിക്കാനിടകിട്ടാതെ അത്യദ്ധ്വാനംചെയ്താലും ഉല്ലാസവതികളായി മന്ദഹാസം പൊടിഞ്ഞ മോഹനവദനങ്ങളുമായി, അതിഥിസൽക്കാരം ചെയ്യാൻ മുതിരുന്ന ഗ്രാമീണകന്യകമാരെപ്പോലെ, ഈ വേണുമതിയും, വദനത്തിൽ വെൺചാമരം തോല്ക്കുന്ന പുഞ്ചിരിയും, വായിൽ അമൃതനിഷ്യന്ദിയായ മധുരഗാനവുമായി, സകലർക്കും സ്വാഗതമരുളുന്നു.

ദേവ:—എന്നാൽ, എന്റെ പ്രിയസഖാവേ! ഈ വേണുമതിയെപ്പോലെ വേറെ

യും ഒരു സഖി അങ്ങേയ്ക്കുണ്ട്. അങ്ങയുടെ വനവാസത്തിന്റെ കയ്പും കാഠിന്യവും മാററി, അങ്ങയെ സന്തുഷ്ടനും സംതൃപ്തനമാക്കാൻവേണ്ടി വലിയേ വന്ന അങ്ങയെ രസിപ്പിച്ച ആ പാവപ്പെട്ട തോഴിയെ അങ്ങ് ഓക്കുന്നില്ലേ?

കച:—ദേവയാനീ! ആ തോഴിയുടെ സ്മരണ എന്റെ ജീവശ്വാസത്തിൽ പററിപ്പിടിച്ച്, രക്തത്തിൽ കലൻ്റ്, എന്നെന്നും എന്നിൽതന്നെ ജീവിക്കുന്നു.

ദേവ:—ഹ!-ഇപ്പോഠം നടന്നതുപോലെയാണ് അതെല്ലാം എനിക്ക തോന്നുന്നത്. ബാല്യത്തിന്റെ നിഷ്കളങ്കത നടമാടുന്ന കോമളവദനത്തിൽ, പാവനതകലൻ മൃദുമന്ദഹാസത്തോടെ, അങ്ങ് ആദ്യമായി വന്നതു് ഈ പൂങ്കാവനത്തിലാണ്. ഓക്കുന്നുണ്ടോ? നാം തമ്മിൽ പ്രഥമസന്ദശ്നമുണ്ടായതും ഇവിടെവച്ചായിരുന്നു.

കച:—അതേ. ആ സന്ദർഭത്തിൽ നീ പൂവിറുത്തുകൊണ്ടുനിന്നതു് എനിക്കിപ്പോഠം ഓമ്മവരുന്നുണ്ട്. ഉദയരവിയെപ്പോലെ നീ അന്ന് എന്റെ മുമ്പിൽ വിളങ്ങിയതു് ഞാൻ ഒരിക്കലും വിസ്മരിക്കുന്നതല്ല. ഞാൻ നിന്നെ സമീപിച്ച്, "അനുവാദം തന്നാൽ ഭവതിയുടെ ജോലിയിൽ സഹായിക്കാനുള്ള ഭാഗ്യം എനിക്ക സിദ്ധിക്കും—" എന്ന പറയുകയുണ്ടായി.

ദേവ:—വ്രീളാവനമ്രമുഖിയായി ഞാൻ "അവിടുന്നാരു്" എന്ന ചോദിച്ചു. ദേവഗുരു ബൃഹസ്പതിയുടെ പുത്രനാണെന്നും, മരിച്ചവരെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള മന്ത്രം പഠിക്കാൻ, എന്റെ പിതാവിന്റെ അടുക്കൽ വന്നിരിക്കുകയാണെന്നും അങ്ങ് മറുപടി പറഞ്ഞു.

കച:—അസുരഗുരുവായ അദ്ദേഹം എന്നെ ശിഷ്യനായി സ്വീകരിക്കുമോ എന്നെനിക്ക് വലുതായ ആശങ്കയുണ്ടായിരുന്നു.

ദേവ:—എന്നാൽ അങ്ങേയ്ക്കുവേണ്ടി ഞാൻ ശുപാശ്ചെയ്തപ്പോഠം അതിനെതിരായി പ്രവത്തിക്കാൻ എന്റെ അച്ഛൻപോലും തുനിഞ്ഞില്ല.

കച.—എന്നിൽ അസൂയാകലുഷിതരായിച്ചമഞ്ഞ അസുരന്മാർ മൂന്നുതവണ എന്നെ കൊല്ലുകയുണ്ടായി. എന്നാൽ മൂന്നുതവണയും നിന്റെ പിതാവിനെ പ്രേരിപ്പിച്ച് നീ എന്നെ ജീവിപ്പിച്ചു. ദേവയാനീ! നിന്നോടെനിക്കുള്ള നന്ദി അക്ഷയമാണ്. അതെന്നെന്നും മധുരമാണ്.

ദേവ:—നന്ദിയോ? അതെല്ലാം മറന്നേക്കുക. എനിക്കതിൽ വിഷമമൊന്നുമില്ല. ഞാൻ ചെയ്ത ഉപകാരങ്ങളെ മാത്രമേ അങ്ങ് ഓക്കുന്നുള്ളു, അല്ലേ? സായാഹ്നവേളകളിൽ അഭ്യസനത്തിനു ശേഷം, അങ്ങയുടെ ഹൃദയാന്തർഭാഗത്തു ഒരു മധുര വികാരമുളവായി. അങ്ങയെ സവ്വാംഗം കോരിത്തരിപ്പിച്ചിട്ടുള്ളതു് സത്യമാണെങ്കിൽ അതിനെക്കുറിച്ചു ഓമ്മിച്ചുകൊള്ളൂ; നന്ദിയെക്കുറിച്ചു സ്മരിക്കണ്ടാ. ഞാരോ ഒരുവഠം ഗാനാലാപം ചെയ്തതും, ആ ഗാനത്തിന്റെ പല്ലവി അങ്ങയുടെ പാഠങ്ങളുമായി കലൻ്റപോയതും, അവഠംധരിച്ചിരുന്ന വേഷത്തിൽ നിന്നുളവായ 'കല' 'കല' ശബ്ദത്തിൽ പാഠങ്ങളും ഹൃദയവും ലയിച്ചുപോയ അങ്ങേയ്ക്കു് മധുരജനകമായ ഒരു പുതിയ ഉണർവുണ്ടായതും വാസ്തവമാണെങ്കിൽ, സ്വഗ്ഗത്തിൽചെന്നു് സാവകാശമായി ഇരിക്കുമ്പോഠം, അങ്ങ് ചിന്തിച്ചു നോക്കുക. കഷ്ടം! ഉപകാരങ്ങളെക്കുറിച്ചോ എന്നോടു പറയാൻ തുടങ്ങു

ന്നതു്? സൌന്ദൎയ്യം, പ്രേമം,-ഇതെല്ലാം അങ്ങു് മറന്നോ? അതോ അവയെല്ലാം അങ്ങേയ്ക്കു് ഇപ്പോൾ വൎജ്ജ്യങ്ങളായിപ്പോയോ?

കച:—ചില വികാരങ്ങൾ പ്രതിഫലിപ്പിക്കത്തക്ക വാക്കുകൾ ഇല്ല. അനിൎവ്വാച്യങ്ങളാണവ.

ദേവ:—അതേ. എനിയ്ക്കു മനസ്സിലായി. എനിയ്ക്കു അങ്ങയോടുള്ള അത്യഗാധവും അതിദിവ്യവുമായ പ്രേമത്തിന്റെ ശക്തികൊണ്ടു് അങ്ങയുടെ ഹൃദയാന്തരാളത്തിൽ നിശ്ശബ്ദമായി ഒളിച്ചുകിടക്കുന്ന ആ മഹാരഹസ്യത്തെ എനിയ്ക്കു കണ്ടുപിടിക്കാൻ കഴിഞ്ഞു. ആ ദിവ്യപ്രേമത്തെ സാക്ഷിയാക്കിത്തന്നെയാണു ഞാൻ ഇപ്പോൾ അങ്ങയോടു സംസാരിക്കുന്നതു്. അങ്ങു് പോകരുതു്, എന്നെ വിട്ടു പോകരുതു്. എന്നെ കൈവെടിയരുതു്. ഇവിടെ ആനന്ദമായി നമുക്കു ജീവിക്കാം. പേരും പെരുമയും പ്രേമത്തെപ്പോലെപ്രയോജനപ്പെടുന്നവയല്ല. നാഥാ—! അങ്ങു് പോവുകയെന്നതു് അസാദ്ധ്യമായ കാൎയ്യം!

കച:—അങ്ങിനെ അല്ല, ദേവയാനി!

ദേവ:—എന്തൊന്നു് 'അല്ല'? കള്ളം പറയരുതേ. പ്രേമത്തിൽ ദൈവികത്വം സ്ഥിതിചെയ്യുന്നു. ഈശ്വരൻതന്നെ പ്രേമസ്വരൂപനല്ലേ? അപ്പോൾ മറ്റെല്ലാത്തിനെയുംകാൾ മഹോന്നതസ്ഥാനം അലങ്കരിക്കുന്നതു് പ്രേമമാണു്. ഗംഭീരമായ സാഗരം തരംഗപരമ്പരകളാൽ അതിന്റെ ആശയങ്ങളെ പ്രപഞ്ചമെങ്ങും ഉൽഘോഷിക്കുന്നതുപോലെ, അങ്ങും, അങ്ങയുടെ കൺകോണുകൊണ്ടും കരാംഗുലികളാലും മുഖഭാവത്താലും പ്രേമത്തെ പുകഴ്ത്തിയിട്ടുണ്ടു്; ആവൎത്തിച്ചിട്ടുണ്ടു്. എന്റെ ശബ്ദശ്രവണമാത്രയിൽ അങ്ങു പുളകമണിയുന്നതു് ഞാൻ കണ്ടിട്ടുള്ളതല്ലേ? ഇതെല്ലാം അങ്ങു് എങ്ങിനെ നിഷേധിക്കും?

കച:—ഹാ! വീടു്, ബന്ധുക്കൾ, ഇവയെല്ലാം ത്യജിച്ചു് ഞാൻ ഇവിടെ വന്നതും, ഈ പാടുകളെല്ലാം പെട്ടതും, എല്ലാം ഇതിനാണോ എന്നാണോ ഭവതി വിചാരിക്കുന്നതു്?

ദേവ:—പിന്നെ എന്തിനു്? വിജ്ഞാനം അത്രയ്ക്കു വിശിഷ്ടവും, പ്രേമം തെരുവിൽ കിടക്കുന്ന മലിനവസ്തുവുമാണെന്നാണോ പറയുന്നതു്? അങ്ങു് വിചാരശൂന്യനായി സാഹസം പ്രവൎത്തിക്കരുതു്. വിദ്യയ്ക്കും, ശക്തിയ്ക്കും, കീൎത്തിയ്ക്കുംവേണ്ടി തപസ്സുചെയ്യാൻ ആളുകൾ ധാരാളം കാണും. എന്നാൽ ഇവയെല്ലാം ഒരു നിഷ്കളങ്കയുവതിയുടെ പ്രേമംനിറഞ്ഞ ഹൃദയത്തെ കൈക്കലാക്കുന്നതിനു തുല്യമാണോ?

കച:—അമൎത്ത്യതയ്ക്കുള്ള മന്ത്രം പഠിച്ചുകൊണ്ടുചെല്ലാമെന്നു ദേവന്മാൎക്കു വാഗ്ദത്തം ചെയ്തുകൊണ്ടാണു ഞാൻ വന്നതു്.

ദേവ:—എന്നാൽ ഞാൻ ചോദിക്കുന്നതിനുത്തരം പറയണം. പുസ്തകങ്ങളെ അല്ലാതെ മററു യാതൊന്നിനേയും അങ്ങയുടെ നയനങ്ങൾ ദൎശിച്ചിട്ടില്ലേ? പഠിത്തം പകുതിയിൽ നിൎത്തിയിട്ടു എന്റെ അരികിൽ ഓടിവന്നു; രണ്ടു കൈകളാലും പൂക്കൾ വാരി എന്നെ അഭിഷേകം ചെയ്തില്ലേ? സായങ്കാലവേളകളിൽ ഞാൻ തരുലതാദികൾക്കു് ജലസേചനത്തിനായി പോകുന്ന സന്ദർഭത്തെ കാത്തിരുന്നു് അങ്ങു് എന്നെ സഹായിച്ചിട്ടില്ലേ? പുൽത്തകിടിയിൽ മലൎന്നുകിടന്നു്, നക്ഷത്രമണ്ഡലത്തെ നോക്കിക്കൊണ്ടു്; മധുരഗാനം ചെയ്യാറുണ്ടായിരുന്നില്ലേ, നാം? രാപ്പകൽ ഭേദമില്ലാതെ, മഴയെന്നോ

വെയിലെന്നോഇല്ലാതെ, നാം സദാ ഒരു മിച്ചുതന്നെ ഇതുവരെ കാണപ്പെട്ടിരുന്നില്ലേ? അല്പനേരത്തേക്കു എന്നെ കണ്ടില്ലെങ്കിൽ അങ്ങു് ഞാൻ നില്ക്കുന്ന സ്ഥലത്തേക്കു് ഓടിവരുമായിരുന്നില്ലേ? എന്തിനായിരുന്നു ഇതെല്ലാം? ദേവലോകത്തുള്ളവരുടെ സമ്പ്രദായങ്ങളാണോ ഇതെല്ലാം? അതോ, എന്റെ അച്ഛനെ വശത്താക്കാൻ അങ്ങു സ്വീകരിച്ച സൂത്രങ്ങളോ? ഭവനദ്വാരത്തിൽ നില്ക്കുന്ന കാവല്ക്കാരനെ വഞ്ചിച്ചു്, അകത്തുകടന്നു് ഉദ്ദേശം സാധിച്ചതിനുശേഷം തിരിയെപ്പോകുമ്പോൾ ഒരു ചില്ലിക്കാശെടുത്തു്, ഭിക്ഷനല്കുന്നതുപോലെ, അവന്റെനേക്കെറിഞ്ഞിട്ടു്, ഗൗരവത്തിൽ നടന്നു മറയുന്നതുപോലെയല്ലേ, അങ്ങു് ഇപ്പോൾ എന്നോടു് നന്ദി പ്രകടിപ്പിക്കുന്നതു? ഇതെല്ലാം ആക്കു യോജിച്ച തൊഴിൽ?

ക:—അഹംഭാവിയായ യുവതീ! ക്ഷമയ്ക്കും ഒരതിരുണ്ടു്. നിന്നെ സ്നേഹിച്ചതിനുള്ള ദുഃഖംഞാൻ ഇപ്പോഴും അനുഭവിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. എന്റെ ഹൃദയാന്തർഭാഗത്തു് ആളിക്കത്തുന്ന മഹാഗ്നിയിൽ ഞാനും ഒരു ദിവസം ഭസ്മമാകും അല്ലാതെ തരമില്ല. സ്വർഗ്ഗം ഇനി എനിക്കു് നരകതുല്യം തന്നെയാണു്. ഇതൊക്കെയാണെങ്കിലും എനിക്കു് ഇപ്പോൾ ദേവലോകത്തു് പോയേ തീരൂ ഞാൻ സമ്പാദിച്ച വിജ്ഞാനമാണിക്യത്തെ ദേവന്മാക്കു് കാഴ്ചവയ്ക്കുന്നതുവരെ എനിക്കു് വേറെ യാതൊരു ചിന്തയുമില്ല. പ്രിയപ്പെട്ട കൂട്ടുകാരി! മാപ്പുതരു. എനിക്കു് പോകാതെ തരമില്ല എന്റെ കത്തവ്യമാണതു്. ദേവയാനീ! ഭവതിയുടെ ഹൃദയത്തെ വേദനപ്പെടുത്തേണ്ടിവന്നതിൽ ഞാൻ യഥാത്ഥത്തിൽ പാശ്ചാത്തപിക്കുന്നു. എന്റെ ആത്മാവു് ഭവതിയുടെ ദുഃഖം കാണുമ്പോൾ കിടന്നു പുളയുകയാണു്. അതെ-കചൻ ഭവതിയുടെ ആരാധകനാണു്. അതീവ പ്രണയവാനുമാണു്. പക്ഷെ, കത്തവ്യനിവ്വഹണമാണു് പ്രേമത്തേക്കാൾ കചൻ കാമ്യമായിട്ടു കരുതുന്നതു്—ദേവി—മാപ്പുതരു.

ദേവ—മാപ്പോ? ആരോടു ചോദിക്കുന്നു! എന്റെ ഹൃദയത്തെ അങ്ങു് തല്ലിത്തകത്തു കഴിഞ്ഞു. അങ്ങേയ്ക്കു് കത്തവ്യത്തേയും, തൻമൂലമുളവാകുന്ന കീത്തിയേയും അന്വേഷിച്ചുപോകാം. എന്നാൽ ഞാൻ എവിടെ പോകും? എന്തിനെ ലക്ഷ്യമാക്കിഞാൻ പോകും. എന്റെ സ്മരണമാർഗ്ഗത്തിൽ അങ്ങു് കൂത്തുമൂത്ത മുള്ളുകൾ വിതറിക്കഴിഞ്ഞു. ലജ്ജയും, അവമാനഭാരവും എന്റെ ജീവിതത്തെ മുറിപ്പെടുത്തി. കേവലം ഒരു വഴിപോക്കനെപ്പോലെ അങ്ങു് ഇവിടെവന്നു, അസഹ്യമായ വെയിൽ ഏല്ക്കാൻ ശക്തിയില്ലാതെ അങ്ങു് എന്റെ നന്ദനോദ്യാനത്തിൽ, വൃക്ഷത്തണലിൽ വിശ്രമാത്ഥം ഇരുന്നു; പൂക്കൾപറിച്ചു് ഒരു ഒന്നാംതരം മാല്യം ചമച്ചു; ഇപ്പോൾ പോകാൻ നേരമായപ്പോൾ അങ്ങു് മാലകെട്ടിയിരുന്ന ദിവ്യമായ നൂലിനെ ഖണ്ഡം ഖണ്ഡമായി മുറിച്ചു്, ആ മോഹനകുസുമങ്ങളെ പാഴ്ചൂഴിയിൽ നിർദ്ദയം വലിച്ചെറിഞ്ഞു്, ചവിട്ടിത്തേയ്ച്ചിട്ടു പോകുന്നു! അങ്ങു് ശ്രമപ്പെട്ടു സമ്പാദിച്ച ആ മഹാവിദ്യ നാശമടയട്ടെ. സ്വജനങ്ങളുടെ ഇടയിൽ ചെന്നാലും ആ വിദ്യ അങ്ങേയ്ക്കു് ഓമ്മവരാതെ പോകട്ടെ. ഈ സംഭവങ്ങളെല്ലാം ലജ്ജാപൂണ്ണമായ ഒരു പശ്ചാത്തലം അങ്ങയുടെ ജീവിതത്തിൽ സൃഷ്ടിക്കട്ടെ! ആ ലജ്ജാഭാരത്തിൽ അങ്ങു് അനുനിമിഷം പതറിപ്പോകാനിടവരട്ടെ! നക്ഷത്രങ്ങൾ കൂട്ടംകൂട്ടമായി പ്രകാശിച്ചാലും ചന്ദ്രനില്ലാത്ത രാത്രി എത്രത്തോളം വിലക്ഷണപൂണ്ണമായി കാണപ്പെടുന്നുവോ, അതുപോലെ സ്നേഹത്തിന്റേയും പ്രേമത്തിന്റേയും സാന്നിദ്ധ്യമില്ലാത്ത അങ്ങയുടെ വിജ്ഞാനം, നിഷ്പ്രഭ

മായി നിരുപയോഗപ്രദമായി തീരുമാറാകട്ടെ—"

*    *    *

ദേവയാനിയിൽ സാക്ഷാൽ പ്രേമത്തിൻേറയും, കചനിൽ കർത്തവ്യനിർവ്വഹണപ്രതിപത്തിയേയുംചിത്രീകരിച്ചു, അവതമ്മിൽ നടക്കുന്ന ഒരു മഹാസമരത്തെയാണ് ഗുരുദേവൻ മേൽകാണിച്ചവിധത്തിൽസ്ഥാപിക്കുന്നതു്. ഹൃദയവികാസം ലഭിക്കാത്ത ജ്ഞാനം നിഷ്ഫലമായിത്തീരുമെന്നുള്ള തത്വവും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഗുരുദേവനാലല്ലാതെ ഇത്രയും മഹത്തായ ഒരു തത്വത്തെ; ഇത്രയും മനോജ്ഞമായ കവിതാരസത്തോടെ മററാരാലും സ്ഥാപിക്കാൻ സാധിക്കുകയില്ലെന്നു തീച്ചയാണു്. വെറും സംഭാഷണരൂപത്തിലായിരുന്നാലും ഉന്നതമായ കലാസൃഷ്ടിക്കു് ഗുരുദേവനു് നിഷ്പ്രയാസമാണെന്നു് ഇതു് തെളിയിക്കുന്നുമുണ്ടു്.

---

ഇരുപുറവും ചോദിച്ചുകൊണ്ടുനിന്ന രാപ്പകലുകൾക്കു കൊടുക്കാതെ അന്തി അവളുടെ പൂക്കൂടയിലെ പൂ മുഴവൻ വാരി വിണ്ണിലേയ്ക്കെറിഞ്ഞപ്പോൾ അന്ധകാരം അരചാളുവാൻതുടങ്ങി!

*    *    *

പിന്നെയും പിന്നെയും വന്നടുക്കുന്ന ഇരുൾപ്പായൽ നീക്കി, അതിനിടയിലത്തെ പ്രകാശത്തെ ലോകത്തിനു കാട്ടിക്കൊടുക്കുവാൻ അത്യദ്ധ്വാനംചെയ്തു രാത്രി മുഴവൻ ഉറക്കമിളച്ച മിന്നാമിനുങ്ങുകളെ പകലിൻെറ പാഴ്ക്കീടങ്ങളായിത്തള്ളിക്കളയുന്ന പ്രഭാതത്തിൽ എൻെറ നാഥാ, ഞാനുണന്നിരിക്കണമെന്നോ!

ചീവീടൊച്ചകളാകുന്ന മരകതമൊട്ടുകൾ നിറഞ്ഞ ഇരുൾപ്പൂങ്കാവിൽ അങ്ങയുടെ പ്രഭാസ്ഫുരണങ്ങൾ മിന്നാമിനുങ്ങുകളായി പ്രസരിക്കുമ്പോൾ എൻെറ നാഥാ, ഞാനുറങ്ങിക്കൊള്ളണമെന്നോ!

*    *    *

ശൂന്യതയിൽനിന്നു പൂർണ്ണതയിലേയ്ക്കു, വീണ്ടും ശൂന്യതയിലേയ്ക്കും, നില്ക്കപ്പൊറുതിയില്ലാതെ ഓടിനടക്കുന്ന നിശാകാന്തനു്, ആ ചെറിയ വെളിച്ചത്തിൽ ധാരാളം തൃപ്തിപ്പെട്ടുകൊണ്ടന്തരീക്ഷത്തിൽ പാറിപ്പറന്നുല്ലസിക്കുന്ന മിന്നാമിനുങ്ങുകളുടെ ജീവിതാദർശമറിയാൻ കഴിയുന്നില്ല!

# ടാഗോറിന്റെ കത്തുകൾ

(പരിഭാഷകൻ, പി. ശേഷാദ്രിഅയ്യർ ബി. ഏ , എം. എൽ )

ജനുവരി, ൧൯൨൧.

ഞാൻ വളരെ ജോലിത്തിരക്കിൽ അകപ്പെട്ടിരിക്കുകയാണു്. നിങ്ങളുടെ എഴുത്തിനു് ഇതാണു് എനിക്കു മറുപടിയായി പറയാനുള്ളതു്. ഒരിക്കലെങ്കിലും നിങ്ങളുടെ അച്ഛനെക്കുറിച്ചു് എതിരായി ഞാൻ ആരോടും പറഞ്ഞിട്ടില്ല. എന്തെന്നാൽ, എന്റെ മനസ്സിനു ക്ഷോഭമുണ്ടാക്കിയിട്ടുള്ളവരെ സംബന്ധിച്ചു് ഞാൻ നിർബന്ധപൂർവ്വം മൌനവ്രതം ദീക്ഷിക്കുന്നു. നിങ്ങളെപ്പോലെ എന്നോടു് സ്നേഹമുള്ളവരെ ഇടയ്ക്കിടയ്ക്കു് ഞാൻ ആക്ഷേപിച്ചു എന്നുവരാം. എന്നാൽ എന്നെ എതിർത്തിട്ടുള്ളവരെ ഞാൻ ഒരിക്കലും ആക്ഷേപിക്കുകയില്ല. നിങ്ങളുടെ അച്ഛനെ അദ്ദേഹത്തിന്റെ ജീവിതാവസാനംവരെ ഞാൻ ബഹുമാനിക്കുകയേ ചെയ്തിട്ടുള്ളു. ഈ വിവരം കാണിച്ചു് അദ്ദേഹത്തിനു് ഞാൻ ഇംഗ്ലണ്ടിൽനിന്നു് ഒരെഴുത്തു് അയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മൃത്യുശയ്യയിൽവച്ചു് അദ്ദേഹം അതു വായിച്ചുനോക്കിയെന്നും എനിയ്ക്കു് മറുപടി അയച്ചുവെന്നും ഞാൻ കേട്ടിട്ടുണ്ടു്. പക്ഷേ ആ മറുപടി എന്റെ കയ്യിൽ വന്നുചേർന്നിട്ടില്ല.

ഫാൽഗുനമാസം, ൧൯൨൧.

നിങ്ങളെ ഞാൻ ആന്തരമായി സ്നേഹിച്ചില്ലെങ്കിൽ നിങ്ങളെ പറഞ്ഞുമനസ്സിലാക്കാൻ ഞാൻ അല്പംപോലും ശ്രമിക്കുകയി

* ദിലീപകുമാരറായിക്കയച്ചതു്.

---

പകലിനു ചേക്കേറാൻ പ്രകൃതി നിർമ്മിച്ച കൂടാണു രാത്രി!

*　　　*　　　*

എന്റെ സംഗീതത്തിന്റെ ഉറവ, മൌനത്താൽ പരിശുദ്ധമാക്കപ്പെടട്ടെ!

*　　　*　　　*

ഒരു മഞ്ഞുതുള്ളി താങ്ങുവാൻ കരുത്തില്ലാത്ത പുൽക്കൊടി, രാത്രിയോടത്ഥിച്ചതു നക്ഷത്രത്തേയാണു്!

*　　　*　　　*

ചെമ്പട്ടറയിൽനിന്നുരവേതന്നെ ഇരുൾപ്പെരുമ്പടകളെ പ്പിന്തിരിച്ചോടിച്ച ആ ഉജ്ജ്വലമായ വജ്റായുധം ഉഷസ്സുയർത്തിപ്പിടിച്ചു വിജയം! വിജയം!!

ല്ലായിരുന്നു. എൻെറ ജീവിതത്തിൽ പല ആളുകളും എന്നെ വീണ്ടും വീണ്ടും തെററിദ്ധരിച്ചിട്ടുണ്ടു്. അതിനാൽ അപ്രകാരമുള്ള തെററിദ്ധാരണയിൽ എനിയ്ക്കു് ഔദാസീന്യമാണു് തോന്നാറുള്ളതു്. നിവൃത്തിയുണ്ടെങ്കിൽ എൻെറ പക്ഷത്തെ സാധൂകരിക്കാൻ ഞാൻ ശ്രമിക്കാറില്ല. മാത്രമല്ല, എന്നെ തെററിദ്ധരിച്ചതിനുള്ള മനശ്ശാസ്ത്രപരമായ കാരണം എനിയ്ക്കറിയാനിടവരുമ്പോൾ ക്ഷോഭം തന്നെ ഇല്ലാതാകുന്നു. ഒരുവശത്തു് കാററു് ലഘുവാകുമ്പോൾ മറെറാരുവശത്തുനിന്നു് കൊടുങ്കാററുവരുന്നു. അതിനെ സംബന്ധിച്ചു് പരാതി പറയേണ്ട ആവശ്യമില്ല. മന്ദമാരുതനേയോ, ചണ്ഡവാതത്തേയോ കുററപ്പെടുത്താനില്ല. രണ്ടിൻെറയും നടുവിലുള്ള അസാംഗത്യം തന്നെയാണു് ഉപദ്രവങ്ങളെ സൃഷ്ടിക്കുന്നതു്. എൻെറ സ്വഭാവത്തിൻെറ സകലവശങ്ങളും പെട്ടെന്നു ദൃഷ്ടിഗോചരമാകയില്ല. വിശേഷിച്ചു് എൻെറ ഹൃദയം കാണാൻ വളരെ പ്രയാസമാണു്. അതിനാൽ എന്നെ മുഴുവനും മനസ്സിലാക്കാതെ ക്ഷോഭിക്കുന്നതു് എൻെറ ഭാഗ്യദോഷമെന്നേ പറയാനുള്ളു. അതു് വിധിവിലാസം തന്നെ. ജനങ്ങൾക്കു് അഗോചരമായി എന്നിലുള്ള അംശമാണു് അതിനു കാരണം. അക്കാര്യം അവിടെനിൽക്കട്ടെ. കൊടുങ്കാററു് താനേതന്നെ അടങ്ങിക്കൊള്ളും. വിരോധം സമത്വമില്ലായ്മയെ കാണിക്കുന്നു. ആ വൈഷമ്യം, വിരോധജന്യമായ ഇളകിമറിച്ചിലിൽക്കൂടി ശാന്തിയെ പ്രാപിച്ചുകൊള്ളും. ആരോഗ്യസമ്പാദനത്തിനുള്ള ഔഷധം കാലത്തിൻെറ കയ്യിൽത്തന്നെ ഇരിക്കുന്നു.

---

മരുഭൂമിയെക്കാണാനേ അസൂയയ്ക്കു കണ്ണുള്ളു!

* * *

സൂര്യൻെറ ഒരു ചുംബനംമതി, കണ്ണീർക്കണവും പുഞ്ചിരിതൂകാൻ!

* * *

ഒരു മനോഹരമായ ചിത്രം, അത്രത്തോളം അതിൻെറ പശ്ചാത്തലത്തെ മറയ്ക്കുന്നു!

* * *

നക്ഷത്രങ്ങൾക്കു സ്വാഗതമരുളുവാനുള്ള ബദ്ധപ്പാടിൽ അന്തി സൂര്യനു കൃതജ്ഞതപറയുവാൻ മറന്നുകളഞ്ഞു!

* * *

കുററിരുട്ടത്തു്, ഒരു പുല്ലിന്മേലിരുന്നാൽ മിന്നാമിനുങ്ങു് നക്ഷത്രത്തേക്കാൾ പ്രകാശിക്കും. അനന്തമായ ആകാശത്തു വിഹരിക്കുന്ന നക്ഷത്രം അവിടെ അസൂയപ്പെടാറുണ്ടോ?

# ടാഗോർ

സാഹിത്യപ്രധാനമായ

## ഒരുൽക്കൃഷ്ട മാസിക.

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARGHAT

മാസികയ്ക്കുള്ള ലേഖനങ്ങൾ, നിരൂപണത്തിനുള്ള പുസ്തകങ്ങൾ, മാററപ്പത്രങ്ങൾ, മാസികകൾ, അവയെ സംബന്ധിച്ച എഴുത്തുകൾ മുതലായവ പത്രാധിപർ, ടാഗോർ, കൊല്ലം എന്ന മേൽവിലാസത്തിലും, വരിസംഖ്യകൾ, മററു മണിയാർഡറുകൾ, ഏജൻസി സംബന്ധിച്ച കത്തിടപാടുകൾ എന്നിവ മാനേജർ, ടാഗോർ, കൊല്ലം എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

വരിസംഖ്യ ഒരു കൊല്ലത്തേയ്ക്ക് അഞ്ചു രൂപാ (മുൻകൂർ)

പോസ്റ്റിൽ 6 രൂ. 8 ണ. ഒററ പ്രതിക്ക് 8 ണ.

ഒരു പ്രാവശ്യത്തെ പരസ്യനിരക്ക്

മുഴപ്പേജിന് 50 രൂ. അര പേജിന് 28 രൂ. കാൽ പേജിന് 15 രൂ.

കൂടുതൽ കാലത്തേയ്ക്കുള്ള പരസ്യനിരക്കിനും മററു വിവരങ്ങൾക്കും മാനേജരുടെ പേക്കെഴുതുക.

മാനേജർ,

ടാഗോർ—കൊല്ലം.

Reg. No. T. 100.
License No. 433.

TAGORE

Dated 3-3-1944.


# The Ayurvedic Compound Tinctures Ltd.

# ALLEPPEY.

**MANAGING AGENTS:-**

## A. V. THOMAS & Co., (INDIA) LTD.,

**ALLEPPEY.**

Some of our famous Tinctures and Specialities:

**Tr. Maharasnadi:** Best specific for all rheumatic disorders, pleurisy, paralysis, hemiplegia, sciatica, elephantiasis, filarial fever, hernia, facial paralysis, seminal diseases, diseases of the genital organs, barrenness etc.

**Tr. Thikthakom:** One of the best blood purifying medicines of Ayurveda. Useful for all skin diseases such as dermatitis boils, scabies, anæmia, eczema, glandular swellings, leprosy, blood poisoning, jaundice, scrofula, hæmptysis etc. Also useful for mental diseases, manomania, heart-disease, epilepsy, blindness, diseases of the liver and bile.

**Tr. Dhanwantaram:** An excellent tonic of great merit, given after confinement for women. Useful in all cases of nervous debility, diseases of the genital organ, urinary disorders, rheumatism, melancholia and intestinal tumours. Also effective in cases of impotency barrenness, stone in the bladder and urinary calculi.

**Tr. Sukumaram:** An excellent tonic and rejuvenator. Very useful for pregnent women. Imparts strength and gives tone and colour to the body.

Supplies of the above and various other preparations including Syrup Siddasaraswatham, Indyodin, Malt Vinegar, Tooth Powder, Sanjivanjan can be had of:—

1. Messrs. Ayurvedic Compound Tinctures Ltd., Alleppey.
2. „ A. V. Thomas & Co. Ltd., Trivandrum.
3. „ Do. Quilon.
4. „ Do. Nagercoil.
5. „ C. M. & Sons, Mullakkal, Alleppey.
6. „ Punnen & Kurup (India) Ltd., Kottayam.


Printed and Published by T. K. Narayana Kurup at the Sri Rama Vilas Press, Quilon.